# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാസറഗോഡ് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121

ഇ-മെയിൽ: mlksd.ksad@kerala.gov.in

ഫോൺ : 04994-230051

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ. കെ എസ് എം . 2/249/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121
തീയ്യതി: 15/07/2022
ഇ-മെയിൽ: mlksd.ksad@kerala.gov.in
ഫോൺ: 04994-230051

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കാസറഗോഡ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

*1 . സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
*2 . ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
*3 . ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
*4 . റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

***5 . കാര്യാലയ പ്രതി.**

നമ്പർ: കെ എസ് എ. കെ എസ് എം . 2/249/2022 തീയ്യതി: 15/07/2022

## കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഇ.ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ | 15-03-2022 | 07-04-2022 |
| ശ്രീ. സുധീഷ് .എം.പി. | ഡെപ്യൂട്ടി ഡയറക്ടർ (ഇൻ ചാർജ്ജ്) | 08-04-2022 | 10-04-2022 |
| ശ്രീ. അനിൽ കുമാർ .സി. | ഡെപ്യൂട്ടി ഡയറക്ടർ | 11-04-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-03-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുധീഷ് എം. പി, ഓഡിറ്റ് ഓഫീസർ, 15.03.2022 മുതൽ 30.06.2022 വരെ

ശ്രീ. ശിവശങ്കര. കെ, സീനിയർ ഗ്രേഡ് ഓഫീസർ, 15.03.2022 മുതൽ 30.06.2022 വരെ

ശ്രീ. സുധീഷ്. എൻ.കെ, സീനിയർ ഗ്രേഡ് ഓഫീസർ, 15.03.2022 മുതൽ 30.06.2022 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബീഫാത്തിമ ഇബ്രാഹിം | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്വ. വി.എം. മുനീർ | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീ.ബിജു.എസ്. | സെക്രട്ടറി | 01-04-2020 | 25-05-2020 |
| ശ്രീമതി സിനിമോൾ .എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-05-2020 | 09-06-2020 |
| ശ്രീ. ജെ. മുഹമ്മദ് ഷാഫി | സെക്രട്ടറി | 10-06-2020 | 27-01-2021 |
| ശ്രീമതി സിനിമോൾ .എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-01-2021 | 02-02-2021 |
| ശ്രീ. കെ. മനോഹർ. | സെക്രട്ടറി | 03-02-2021 | 31-03-2021 |
| ഭരണ നിർവ്വഹണ കമ്മിറ്റി. | ചെയർമാൻ | 12-11-2020 | 27-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അനിൽകുമാർ.എ.ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ. | 01-04-2020 | 31-03-2021 |
| ഡോ. വിജയ കുമാർ. | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം. | 01-04-2020 | 31-03-2021 |
| രാജറാം.കെ.കെ. | സൂപ്രണ്ടന്റ് ജനറൽ ഹോസ്പിറ്റൽ. | 01-04-2020 | 31-03-2021 |
| ഡോ. സ്മിത വേലായുധൻ. | മെഡിക്കൽ ഓഫീസർ, ഹോമിയോ. | 01-04-2020 | 31-03-2021 |
| പി.കെ.ഉബൈദ്. | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ. | 01-04-2020 | 31-05-2020 |
| രാജീവൻ .സി.എച്ച്. (അധിക ചുമതല) | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ. | 01-06-2020 | 14-06-2020 |
| മുരളീധരൻ | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ. | 15-06-2020 | 31-03-2021 |
| ബിജു എസ്. | സെക്രട്ടറി | 01-04-2020 | 25-05-2020 |
| സിനിമോൾ .എസ്. | സെക്രട്ടറി | 26-05-2020 | 09-06-2020 |

| | | | |
|---|---|---|---|
| (അധിക ചുമതല) | | | |
| ശ്രീ. ജെ. മൊഹമ്മദ് ഷാഫി | സെക്രട്ടറി | 10-06-2020 | 27-01-2021 |
| സിനിമോൾ .എസ്. (അധിക ചുമതല) | സെക്രട്ടറി | 28-01-2021 | 02-02-2021 |
| ശ്രീ. കെ. മനോഹർ. | സെക്രട്ടറി | 03-02-2021 | 31-03-2021 |
| ഡോ. റോഷൻ.എസ്. | വെറ്ററിനറി സർജൻ. | 01-04-2020 | 31-03-2021 |
| എ.ആർ.അജീഷ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II, | പ്രൊജക്ട് ഓഫീസർ, സി.ഡി.എസ്. | 01-04-2020 | 31-03-2021 |
| ധനലക്ഷ്മി എം. | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ. | 01-04-2020 | 31-03-2021 |
| ശരത്ത് ടി.വി | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ. | 01-04-2020 | 31-03-2021 |
| ദാമോദരൻ.എ.കെ. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 06-02-2021 |
| മധുസൂദനൻ എ.വി. (ഇൻചാർജ്ജ് ഹെൽത്ത് സൂപ്പർവൈസർ) | ഹെൽത്ത് സൂപ്പർവൈസർ | 07-02-2021 | 15-03-2021 |
| വിൻസന്റ് സി.എ | ഹെൽത്ത് സൂപ്പർവൈസർ | 16-03-2021 | 31-03-2021 |
| കാർത്ത്യായനി.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 01-04-2020 | 31-03-2021 |
| ഉപേന്ദ്രൻ വി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സൽന എം. (അധിക ചുമതല) | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 28-12-2020 |
| അനിൽകുമാർ | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 29-12-2020 | 10-01-2021 |
| സജിൻ എ.പി. | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 11-01-2021 | 31-03-2021 |
| ഗീത. ജി തോപ്പിൽ | പ്രിൻസിപ്പാൾ ജി.എച്ച്. എസ്.എസ്. | 01-04-2020 | 31-03-2021 |

---

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 01-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 01-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 02-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sivashankara.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 01-07-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 02-07-2022) | 1-9 |
| 10 | രശീതി പരിശോധന – പൊതു അപാകതകൾ<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 15-07-2022) | 1-10 |
| 11 | തൊഴിൽ നികുതി വരവ് രജിസ്റ്റർ സൂക്ഷിപ്പ് അപാകതകൾ<br>Written By: Sivashankara.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-11 |
| 12 | നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ്- ലേലം കൊണ്ട കടമുറി റിപ്പയർ ചെയ്ത് നൽകിയിട്ടില്ല- നഗരസഭയ്ക്ക് 88,800/- രൂപയുടെ നഷ്ടം<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-12 |
| 13 | തനത് വരവുകളിൽ വൻതുകകൾ കുടിശ്ശിക- പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-13 |
| 14 | ഇക്വിറ്റി ഷെയർ നിക്ഷേപം - ഡിവിഡന്റ് ഇനത്തിൽ തുക വരവ് വന്നില്ല – നിലവിലെ സ്ഥിതി പരിശോധിക്കേണ്ടതാണ്.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 14-07-2022) | 1-14 |
| 15 | തെറ്റായ ശമ്പള നിർണ്ണയം വഴി 97,731/- രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 15-07-2022) | 1-15 |

| | | |
|---|---|---|
| 16 | ശമ്പള നിർണ്ണയം അപാകത മൂലം അധിക തുക നൽകി<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-16 |
| 17 | പ്രോജക്റ്റ് ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്റ്റ് ഫയലുകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 15-07-2022) | 1-17 |
| 18 | ഖരമാലിന്യ സംസ്കരണം പദ്ധതിയുടെ ഭാഗമായി മാലിന്യം നീക്കം ചെയ്യൽ - ഭാരം കണക്കാക്കിയതിൽ അവ്യക്തത.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 15-07-2022) | 1-18 |
| 19 | പി. എം.എ.വൈ ഭവന പദ്ധതി - CRZ മേഖലയിൽ ഉൾപ്പെട്ട ഭവനങ്ങൾക്ക് നിർമ്മാണാനുമതി നൽകി.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 15-07-2022) | 1-19 |
| 20 | പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - ലാപ്പ്ടോപ്പ്, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. 1,89,772/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sivashankara.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-20 |
| 21 | നടീൽ വസ്തുക്കൾ വിതരണം - സ്റ്റോക്ക് വിതരണ-രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 64825/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivashankara.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-21 |
| 22 | വീട്ട് വളപ്പിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി -2,400/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-22 |
| 23 | മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-23 |
| 24 | പട്ടിക ജാതി വൃദ്ധർക്ക് കട്ടിൽ വിതരണം- വാങ്ങിയ കട്ടിലുകൾ പൂർണ്ണമായും വിതരണം നടത്തിയില്ല- 43,495 /- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sivashankara.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-24 |
| 25 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം - കരാർ വ്യവസ്ഥകളുടെ ലംഘനം.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 15-07-2022) | 1-25 |
| 26 | മുൻകൂർ തുക നൽകിയിട്ടും മരുന്ന് ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-26 |
| 27 | വരൾച്ച കുടിവെള്ളം വിതരണം -അപാകതകൾ<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 15-07-2022) | 1-27 |
| 28 | ലൈബ്രറി സെസ് ഇനത്തിൽ ലഭിക്കുന്ന തുക ഒടുക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ്.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-28 |

| | | |
|---|---|---|
| 29 | താളിപ്പടപ്പ് മൈതാനത്തിന്റെ 2020-21 വർഷത്തെ പാട്ട തുക ഒടുക്കിയത് - 2,80,750/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-29 |
| 30 | നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കൽ- KWA യുടെ ജലപൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി പൂർത്തിയായില്ല- 25,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 15-07-2022) | 1-30 |
| 31 | സ്കൂളുകളുടെ വൈദ്യുതി ചാർജ് ഒടുക്കൽ - ജി.യു.പി.എസ് അടുക്കത്ത് വയൽ അശാസ്ത്രീയമായ വയറിംഗ് -അപാകതകൾ<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 02-07-2022) | 1-31 |
| 32 | സർവ്വശിക്ഷാ അഭിയാൻ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 25,00,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-32 |
| 33 | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - വൈദ്യുതി ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തിയായില്ല- 3,11,796/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-33 |
| 34 | ഇൻഫർമേഷൻ കേരളാ മിഷന് തുക നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. 3,40,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-34 |
| 35 | പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കൽ - കുടിശ്ശിക തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 15-07-2022) | 1-35 |
| 36 | തുല്യതാ പഠനം-പദ്ധതിയുടെ പൂർത്തികരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല – 50,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-36 |
| 37 | നഗരസഭാ എഞ്ചിനീയർക്ക് ലാപ് ടോപ്പ് പദ്ധതി - അപാകതകൾ- 1,27,016/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 15-07-2022) | 1-37 |
| 38 | എ.ബി.സി. പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-38 |
| 39 | മഴക്കാല പൂർവ്വ ശുചീകരണം സാനിറ്റേഷൻ കമ്മിറ്റികൾക്ക് തുക അനുവദിച്ചത് - പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല- 8,60,560/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-39 |
| 40 | എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തിക്ക് ഫൈനൽ | 1-40 |

| | | |
|---|---|---|
| | ബില്ലിൽ ജി.എസ്.ടി അനുവദിച്ച് നൽകി<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 14-07-2022) | |
| 41 | കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-41 |
| 42 | GMVHSS ക്ലാസ്സ് റൂം മെയിന്റനൻസ്(286/19, 1376/20, 309/21)<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-42 |
| 43 | GMVHSS ചുറ്റ് മതിൽ ബാക്കി ഭാഗം(168/20, 67/21)<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-43 |
| 44 | ഗുണഭോക്തൃസമിതി മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ അപാകത<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-44 |
| 45 | പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-45 |
| 46 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ചുമത്തിയ പിഴ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-46 |
| 47 | റീടാറിംഗ് പ്രവൃത്തിക്ക് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-47 |
| 48 | റോഡ് നവീകരണം - റബ്ബറൈസ്ഡ് ബിറ്റുമിന് പകരം VG-30 ഉപയോഗിച്ചു<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 14-07-2022) | 1-48 |
| 49 | നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 1-49 |
| 50 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ മുനിസിപ്പൽ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 1-50 |
| | ഭാഗം **2** | |
| 1 | നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ്- ലേലം കൊണ്ട കടമുറി റിപ്പയർ ചെയ്ത് നൽകിയിട്ടില്ല- നഗരസഭയ്ക്ക് 88,800/- രൂപയുടെ നഷ്ടം<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 2-1 |
| | ഭാഗം **3** | |
| 1 | GMVHSS ക്ലാസ്സ് റൂം മെയിന്റനൻസ്(286/19, 1376/20, 309/21)<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 3-1 |
| 2 | GMVHSS ചുറ്റ് മതിൽ ബാക്കി ഭാഗം(168/20, 67/21)<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 3-2 |
| 3 | റോഡ് നവീകരണം - റബ്ബറൈസ്ഡ് ബിറ്റുമിന് പകരം VG-30 ഉപയോഗിച്ചു | 3-3 |

| | | |
|---|---|---|
| | Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 14-07-2022) | |
| 4 | നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 3-4 |
| 5 | കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല.<br>Written By: Sudheesh.M.P (Audit Officer, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 3-5 |
| 6 | എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തിക്ക് ഫൈനൽ ബില്ലിൽ ജി.എസ്.ടി അനുവദിച്ച് നൽകി<br>Written By: C. Anilkumar (Deputy Director, On 14-07-2022)<br>Last Updated By: C. Anilkumar (Deputy Director, On 14-07-2022) | 3-6 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 01-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 01-07-2022) | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് .<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 02-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 01-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 01-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh N.K (Senior Grade Auditor, On 01-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 15-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാതിരുന്ന | |

| | |
|---|---|
| | പ്രവൃത്തികൾ സംബന്ധിച്ച പട്ടിക |
| 4 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്. |
| 5 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 6 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്.

കാസറഗോഡ് നഗരസഭയുടെ 2020-21 വർഷത്തെ മതിപ്പ് ബജറ്റ് 18.03.2020 തീയതിയിലെ ലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു .

| | |
|---|---|
| മുന്നിരിപ്പ് | ₹70,090,217 |
| വരവ് | ₹43,40,73,270 |
| ആകെ. | ₹50,41,63,487 |
| ചെലവ്. | ₹44,85,74,270 |
| നീക്കിയിരിപ്പ്. | ₹5,55,89,217 |

പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 22.02.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീ കരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | ₹8,44,30,399 |
| വരവ് | ₹44,75,00,461 |
| ആകെ. | ₹53,19,30,860 |
| ചെലവ്. | ₹44,56,68,952 |
| നീക്കിയിരിപ്പ്. | ₹8,62,61,908 |

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ.

നഗരസഭയുടെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I. മാന്വവലായി നേരിട്ട് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും എയിംസിലുള്ള വാർഷിക ധനകാര്യ പത്രികയും തമ്മിൽ താഴെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

എ)

| ഇനം. | മാന്വവൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തുക. | എയിംസിൽ സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക പ്രകാരം തുക. |
|---|---|---|
| ആകെ വരവ് | 304370116 | 304371116 |
| ആകെ. | 379404660 | 379405660 |
| നീക്കിയിരിപ്പ് | 85365479 | 85366479 |

ബി) പഞ്ചാബ് നാഷണൽ ബാങ്ക് 49672 (തനത് ഫണ്ട്) പ്രകാരം നീക്കിയിരിപ്പ് തുക.

| മാന്വവൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തുക. | എയിംസിൽ സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക പ്രകാരം തുക. |
|---|---|
| 7907784 | 7908784 |

II. വിവിധ വരവിനങ്ങളുടെ ഡി.സി.ബി പത്രികകൾ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഉദാഹരണം.

1. തൊഴിൽ നികുതി.

2. വസ്തു നികുതി

3. വാടക

ഡി.സി.ബി പത്രിക തയ്യാറാക്കി ലഭ്യമാവാത്തത് കാരണം വാർഷിക കണക്കിലെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

III. ഡിവിഡന്റ് ഇനത്തിൽ വരവ് വന്ന തുക ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിൽ ADD ചെയ്യിട്ടില്ല.

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 12,000/-രൂപ ഡിവിഡന്റ് ഇനത്തിൽ വരവ് ഉണ്ട്. ഇതിനനുസരിച്ച് 2019-20ലേയും 2020-21ലേയും ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിൽ മാറ്റം വരുത്തിയിട്ടില്ല. 2018-19ലെ നീക്കിരിപ്പായ 20,18,000/- രൂപ തന്നെയാണ് നിലവിൽ ഇൻവെസ്റ്റ്മെന്റ് തുകയായി കാണിച്ചിട്ടുള്ളത്.

IV. കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുകയിൽ വ്യത്യാസം.

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ ബാക്കിയുള്ള വസ്തു നികുതി കുടിശ്ശിക ( കറന്റ് + അരിയർ ) 2,19,57,297/- രൂപയാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം ഇത്21440890/-രൂപയാണ് (കളക്ഷൻ (RP-37) + ബാലൻസ് ( B-15)) . വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

V. വികസന ഫണ്ട് (എസ്.സി.പി) വരവിനേക്കാൾ അധികമായി ചെലവ് ചെയ്തതായി എ.സി.ആർ പ്രകാരം കാണുന്നു (1,01,570/-). ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

VI. ആസ്തി രജിസ്റ്റർ പ്രകാരമുള്ള ആസ്തി വിവരങ്ങൾ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.

ആർജിക്കപ്പെടുന്ന ആസ്തികളുടെ വിശദ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി കാലികമാക്കാത്തതിനാൽ ആസ്തി രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).

| | |
|---|---|
| മുന്നിരിപ്പ് | 75034544 |
| വരവ് | 304371116 |
| ആകെ | 379405660 |
| ചെലവ് | 294039181 |
| നീക്കിയിരിപ്പ് | 85366479 |

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | ഇല്ല. | 58370800 | 58370800 | 50419402 | 7951398 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | ഇല്ല. | 6199000 | 6199000 | 6300570 | -101570 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | ഇല്ല. | 360700 | 360700 | 99890 | 260810 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | ഇല്ല. | 42866100 | 42866100 | 31849653 | 11016447 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | ഇല്ല. | 13743572 | 13743572 | 10512502 | 3231070 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | ഇല്ല. | 67720000 | 67720000 | 47493309 | 20226691 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | പി.എം.എ.വൈ | 1353478 | 20477755 | 21831233 | 1360000 | 20471233 |
| | എസ്.ഡബ്യു.എഫ് (കാനറ ബാങ്ക്) | 25154924 | 789212 | 25944136 | 18 | 25944118 |
| | ഐഎസ്.എസ്.യു.വൈ | 4746847 | 152116 | 4898963 | 0 | 4898963 |
| | ഐസിഐസിഐ (ODF 1736) | 1385097 | 42760 | 1427857 | 0 | 1427857 |
| | എൻ.യു.എം.എൽ | 2259916 | 552181 | 2812097 | 649633 | 2162464 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (അയ്യങ്കാളി) | | 4995331 | 114106 | 5109437 | 4148368 | 961069 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. |
| | ജില്ലാ പഞ്ചായത്ത് | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. |
| ബി ഫണ്ട് | | ഇല്ല. | 1571914 | 1571914 | 1571914 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 13661409 | 26332042 | 39993451 | 13661409 | 26332042 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 17956934 | 99209264 | 117166198 | 99343258 | 17822940 |
| | ട്രഷറി അക്കൗണ്ട് | 13661409 | 30847139 | 44508548 | 43524622 | 983926 |
| മറ്റിനം | | - | - | - | - | - |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ തൻ വർഷം 42686416/- ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യമാണ്. ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം. |
|---|---|---|---|---|---|---|
| 362 | 259402557 | 267 | 150842340 | 40 (Spill Over പദ്ധതികൾ ഉൾപ്പെടെ) | 55 | 73.75% |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം .

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതി കളുടെ വിവരം. | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം. | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം. | അടങ്കൽ. | എണ്ണം. | ചെലവ് | |
| 1 | സെക്രട്ടറി, കാസറഗോഡ് മുനിസിപ്പാലിറ്റി. | 22 | 17376488 | 19 | 14904309 | 85.77% |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 268 | 161186433 | 196 | 93571363 | 58.05% |
| 3 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 1038000 | 3 | 411263 | 39.62% |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 1770000 | 3 | 1625746 | 91.85% |
| 5 | മെഡിക്കൽ | 3 | 309699 | 2 | 279299 | 90.18% |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ, ഹോമിയോ | | | | | |
| 6 | അഗ്രികൾച്ചർ ഓഫീസർ | 5 | 6484040 | 5 | 5058149 | 78% |
| 7 | വെറ്റിനറി സർജൻ | 4 | 724400 | 3 | 672000 | 92.76% |
| 8 | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമാർജന മിഷൻ/സെൽ. | 12 | 28579721 | 5 | 16755060 | 58.62% |
| 9 | പട്ടികജാതി വികസന ഓഫീസർ | 11 | 4641924 | 8 | 3991790 | 85.99% |
| 10 | ഹെൽത്ത് ഓഫീസർ | 9 | 22458240 | 3 | 2739329 | 12.19% |
| 11 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി. | 4 | 2539897 | 4 | 2483512 | 97.78% |
| 12 | പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ. | 7 | 1591119 | 7 | 1263479 | 79.40% |
| 13 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 7 | 10047596 | 6 | 6927151 | 68.94% |
| 14 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 360000 | 3 | 159890 | 44.41% |
| 15 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ. | 1 | 295000 | 0 | 0 | 0 |
| | ആകെ. | 362 | 259402557 | 267 | 150842340 | 58.14% |

2020-21 സാമ്പത്തിക വർഷം ആകെ 362 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 267 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്( 73.75%) . തൻവർഷം 268 പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 196 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. (73.13%). ആകെ അംഗീകാരം ലഭിച്ച 9 പദ്ധതികളിൽ 3 പദ്ധതികൾ മാത്രമാണ് ഹെൽത്ത് ഓഫീസർ നടപ്പിലാക്കിയത്(ചെലവ് ശതമാനം 12.19). പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമാർജന മിഷന് അംഗീകാരം ലഭിച്ച 12 പദ്ധതികളിൽ 5 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത് (ചെലവ് ശതമാനം 58.62) . അംഗീകാരം ലഭിച്ച ഒരേയൊരു പദ്ധതി ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയിട്ടില്ല. സാമ്പത്തിക വർഷത്തിൽ കോവിഡ് 19 മഹാമാരി മൂലം ഉണ്ടായ പ്രശ്നങ്ങളും നിയന്ത്രണങ്ങളും മൂലം പദ്ധതി നിർവ്വഹണം മന്ദഗതിയിൽ ആകാൻ കാരണമായിട്ടുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. മേൽ പരാമർശിച്ച നിർവ്വഹണ ഉദ്യോഗസ്ഥരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവിഷ്കരിച്ച വികസന പദ്ധതികൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)

| ക്രമ നമ്പർ. | പ്രോജക്ട് നമ്പർ. | പ്രോജക്ടിന്റെ പേര്. | തുക (ഏക വർഷം) |
|---|---|---|---|
| 1 | 16 | മത്സ്യത്തൊഴിലാളികളുടെ | 2,10,000 |

| | | | |
|---|---|---|---|
| | | വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് നൽകൽ | |
| 2. | 25 | പ്രീ മെട്രിക്ക് ഹോസ്റ്റലിലേക്ക് അത്യാവശ്യ സാധനങ്ങൾ വാങ്ങൽ | 300000 |
| 3. | 27 | അങ്കണ വാടികൾക്ക് പാത്രങ്ങൾ വാങ്ങൽ. | 500000 |
| 4. | 29 | നഗരസഭയിലേക്ക് പ്രിന്ററുകളും കമ്പ്യൂട്ടറുകൾക്ക് യു.പി.എസ്. വാങ്ങൽ. | 450000 |
| 5. | 71 | നഗരസഭ സ്ഥലങ്ങൾ കമ്പിവേലി മതിൽ കെട്ടി സംരക്ഷിക്കൽ | 2000000 |
| 6. | 81 | അട്ടക്കത്ത് ബയൽ അങ്കണവാടി റോഡ് ഡ്രൈനേജ്കവറിംഗ് സ്ലാബ്-5 | 1000000 |
| 7. | 95 | നഗരസഭയിലേക്ക് വാഹനം വാങ്ങൽ | 1000000 |
| 8. | 99 | സർക്കാർ സ്കൂളുകൾക്ക് വിദ്യാർത്ഥികൾക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൻ (ബഞ്ച് ഡസ്ക്) | 1000000 |
| 9. | 102 | ആയിത്താൻ റോഡ് അംഗോല തോട് ഡ്രൈനേജ് കവറിംഗ് സ്ലാബ് രണ്ടാംഘട്ടം (വാർഡ് 23) | 500000 |
| 10 | 103 | സിറാമിക്സ് റോഡ് ബാക്കി ബാഗം ടാറിംഗ് (വാർഡ് 21) | 500000 |
| 11 | 104 | കോട്ട വളപ്പ് റോഡ് നിയർ സുബ്രഹ്മണ്യ ഭജന മന്ദിരം കോൺക്രീറ്റിംഗ് (വാർഡ് 3) | 500000 |
| 12 | 105 | ഉമാ നഴ്സിംങ് ഹോം റോഡ് കോൺക്രീറ്റ് നിയർ ഉസ്മാൻ ഹൗസിന്റെ മുതൽ ഡോ ശ്യം പ്രസാദിന്റെ വീട് വരെ (വാർഡ് 5) | 500000 |
| 13 | 106 | എം.ജി. കോളനി റോഡ് കോൺക്രീറ്റിംഗ് (വാർഡ് 8) | 500000 |
| 14 | 107 | ബ്രഹ്മൻത്തോട്ടി റോഡ് ഡ്രൈനേജ് നിർമ്മാണം (വാർഡ് 11) | 500000 |
| 15 | 108 | കുന്നിൽ റോഡ് കോൺക്രീറ്റിംഗ് നിയർ ബെദിര സ്കൂൾ ന്യൂ ബ്ലോക്ക് സൈഡ് (വാർഡ് 12) | 500000 |
| 16 | 109 | ചാല മഖാം റോഡ് കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം (വാർഡ് 14) | 500000 |

| | | | |
|---|---|---|---|
| 17 | 110 | കൊല്ലമ്പാടി ജുമാ മസ്ജിദ് കട്ട് റോഡ് കോൺക്രീറ്റ് (വാർഡ് 15) | 500000 |
| 18 | 111 | പച്ചക്കാട് മദ്രാസ്സ റോഡ് ബാക്കി ഭാഗം ടാറിംങ്ങും കോൺക്രീറ്റ് (വാർഡ് 16) | 500000 |
| 19 | 112 | തളങ്കര ക്ലസ്റ്ററിംഗ് താഴെ ചെന്നിക്കര കോളനിയിൽ ഡ്രൈനേജ് ആന്റ് കവറിംഗ് സ്ലാബ് (വാർഡ് 17) | 500000 |
| 20 | 113 | അമേയ് പുനിക്കുന്ന് റോഡ് കോൺക്രീറ്റ് (വാർഡ് 18) | 500000 |
| 21 | 114 | ഫോർട്ട് റോഡ് കോൺക്രീറ്റിംഗ് ആന്റ് ഡ്രൈനേജ് കവറിംഗ് സ്ലാബ് (വാർഡ് 20) | 500000 |
| 22 | 115 | തളങ്കര കെ.കെ.പുറം ഡ്രൈനേജ് നിർമ്മാണം (വാർഡ് 28) | 500000 |
| 23 | 116 | ഇസ്ലാമിയ ടൈൽ കമ്പനി റോഡ് കോൺക്രീറ്റ് (വാർഡ് 30) | 500000 |
| 24 | 117 | ബാങ്കോട് അങ്കണവാടി റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് (വാർഡ് 25) | 500000 |
| 25 | 118 | ആസാദ് റോഡ് കോൺക്രീറ്റ് രണ്ടാം ഘട്ടം (വാർഡ് 13) | 500000 |
| 26 | 119 | ഹൊന്നമൂല കണ്ടത്തിൽ റോഡ് പുനരുദ്ധരണവും ഡ്രൈനേജ് നിർമ്മാണവും (വാർഡ് 22) | 500000 |
| 27 | 120 | ചേരങ്കൈ വെസ്റ്റ് ശാന്തിനഗർ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 1 ) | 500000 |
| 28 | 121 | പുലിന്റടി റോഡ് കോൺക്രീറ്റിംഗ് (വാർഡ് 2) | 500000 |
| 29 | 122 | അയ്യപ്പ് നഗർ ക്രോസ് റോഡ് കോൺക്രീറ്റിംഗ് (വാർഡ് 4) | 500000 |
| 30 | 123 | ശാന്ത ദുർഗാംബ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 32) | 500000 |
| 31 | 124 | എ.ടി. റോഡ് സൈഡ് ഫുട്ട്ഫാത്ത് പുനരുദ്ധാരണം (വാർഡ് 6) | 500000 |
| 32 | 125 | ഓൾഡ് കസ്റ്റംസ് റോഡ് കോൺക്രീറ്റിംഗ് ജമീലാഭാഗ് തായലങ്ങാടി (വാർഡ് 31) | 500000 |
| 33 | 126 | ലളിതകല സദനം മെയിൻ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 33) | 500000 |
| 34 | 127 | സിറാമിക്സ് റോഡ് കോൺക്രീറ്റ് | 500000 |

| | | | |
|---|---|---|---|
| | | മൂന്നാം ഘട്ടം (വാർഡ് 24) | |
| 35 | 128 | നെൽക്കള റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് (വാർഡ് 9) | 500000 |
| 36 | 129 | കദൂർ റോഡ് കോൺക്രീറ്റിംഗ് ആന്റ് ഡ്രൈനേഡ് നിർമ്മാണം (വാർഡ് 34) | 500000 |
| 37 | 130 | കോൺക്രീറ്റിംഗ് വിദ്യാനഗർ കോളനി റോഡ് ചിന്മയ കോളനി റോഡ് (വാർഡ് 10) | 500000 |
| 38 | 131 | ജയ്മാതാ സ്കൂൾ റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് (വാർഡ് 7) | 500000 |
| 39 | 132 | നാഗർക്കട്ട - ഹരി കോളനി-ബാക്കി ഭാഗം കോൺക്രീറ്റിംഗ് (വാർഡ് 19) | 500000 |
| 40 | 133 | നെല്ലിക്കുന്ന് പള്ളം റോഡ് കോൺക്രീറ്റിംഗ് (വാർഡ് 35) | 500000 |
| 41 | 134 | ബാങ്കോട് മെയിൻ റോഡ് കോൺക്രീറ്റിംഗ് ഡ്രൈനേജ് കവറിംഗ് സ്ലാബ് (വാർഡ് 26) | 500000 |
| 42 | 135 | പടിഞ്ഞാർ ഇൻസൈഡ് റോഡ് മുതൽ പുഴക്കര വരെ കോൺക്രീറ്റിംഗ് (വാർഡ് 29) | 500000 |
| 43 | 136 | ശ്രീ കുറുംബ ടെമ്പിൾ റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് (വാർഡ് 37) | 500000 |
| 44 | 137 | ലൈറ്റ് ഹൗസ് റോഡ് കോൺക്രീറ്റിംഗ് ബാക്കി ഭാഗം (വാർഡ് 38) | 500000 |
| 45 | 138 | കണ്ടത്തിൽ ടി. എച്ച് അബ്ദുള്ള വീട് മുതൽ ക്രസന്റ് റോഡ് വരെ കോൺക്രീറ്റിംഗ് ആന്റ് ഡ്രൈനേജ് (വാർഡ് 27) | 500000 |
| 46 | 139 | ഗുളികൻ കട്ട മുതൽ സീറോ ലാന്റ് വരെ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 36) | 500000 |
| 47 | 175 | നഗരസഭയിലെ ജി.എച്ച്.എസ്.എസ്. ൽ വിദ്യാർത്ഥികൾക്ക് വിശ്രമ കേന്ദ്രം നിർമ്മാണം. | 1000000 |
| 48 | 177 | നഗരസഭ കെട്ടിടം പെയിന്റിംഗ് | 200000 |
| 49 | 178 | നഗരസഭ ഓഫീസ് കെട്ടിടം സ്ഥലം സംരക്ഷ ഭിത്തിയും ചുറ്റുമതിലും | 100000 |
| 50 | 179 | നഗരസഭ ഓഫീസിൽ ശൗചാലയ സമുച്ചയം നിർമ്മാണം. | 1500000 |

| | | | |
|---|---|---|---|
| 51 | 408 | കാസറഗോഡ് നഗരസഭാ കെട്ടിടം അറ്റകുറ്റ പ്രവൃത്തികൾ | 1500000 |
| 52 | 410 | നിലാവ് - തെരുവ് വിളക്കുകൾ എൽ.ഇ.ഡി യിലേക്ക് മാറ്റൽ | 500000 |
| 53 | 297 | നഗരസഭയിലെ പ്രധാന ജംഗ്ഷനുകളിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ | 800000 |
| 54 | 334 | ജനറൽ ഹോസ്പിറ്റൽ ക്യാഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം. | 2500000 |
| 55 | 371 | പുതിയ ബസ് സ്റ്റാന്റ് കോട്ടക്കണ്ണി റോഡ് ബസ്റ്റാന്റിന് സമീപം അറ്റകുറ്റ പ്രവൃത്തി. | 2640000 |

വർക്കിംഗ് ഗ്രൂപ്പുകൾ .

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണ ഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണമായ വിജയം കൈവരിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്. നടപ്പ വർഷം കൊറോണ മഹാമാരിയുടെ ദുരന്തം ബാധിച്ചതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ പരിമിതി ഉണ്ടായിട്ടുണ്ട്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2020-21 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്. | യോഗങ്ങളുടെ എണ്ണം. |
|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും | 2 |
| 2. | കൃഷിയും അനുബന്ധമേഖലകളും | 3 |
| 3. | മൃഗസംരക്ഷണം ക്ഷീരവികസനം. | 2 |
| 4. | പ്രാദേശിക വികസനം. | 2 |
| 5. | ദാരിദ്ര ലഘൂകരണം, ചേരി പരിഷ്കരണം. | 2 |
| 6. | സാമൂഹ്യ നീതി. | 2 |
| 7. | വനിതാ വികസനം. | 2 |
| 8. | പട്ടികജാതി വികസനം. | 2 |
| 9. | ആരോഗ്യം | 2 |
| 10. | ശുചിത്വം മാലിന്യ സംസ്കരണം. | 2 |
| 11. | വിദ്യാഭ്യാസം, കല, സംസ്കാരം കായിക യുവജനക്ഷേമം. | 2 |
| 12. | കുടിവെള്ളം. | 2 |
| 13. | പൊതുമരാമത്ത്. | 2 |
| 14. | പട്ടിക വർഗ്ഗ വികസനം. | 2 |

| | | |
|---|---|---|
| 15. | മത്സ്യ ബന്ധനം. | 2 |
| 16. | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം ദുരന്ത നിവാരണം. | 2 |
| 17. | പാർപ്പിടം. | 2 |

വർക്കിംഗ് ഗ്രൂപ്പുകൾ 2020-21 വർഷത്തിൽ കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പ് ഒഴികെ മറ്റുള്ളവ ആകെ 2 പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പദ്ധതിയുടെ അടങ്കൽ തുകയെക്കുറിച്ചും ഫലപ്രാപ്തിയെക്കുറിച്ചും വിലയിരുത്തൽ നടത്തേണ്ടതും ഫലപ്രാപ്തി കുറഞ്ഞ പ്രോജക്ടുകൾ ഒഴിവാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സഹായിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം. | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ്. | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4974327 | 114106 | 5088433 | 489473 | 11,09,779 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 3489181 | |
| ആകെ. | 49,74,327 | 1,14,106 | 5088433 | 39,78,654 | 11,09,779 |

തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ഭരണ ചെലവായ 4,89,473/- രൂപ ആകെ ചെലവിന്റെ 12.3 ശതമാനത്തോളം വരുന്നുണ്ട് . ഭരണ ചെലവ് ആകെ ചെലവിന്റെ 6 ശതമാനത്തിൽ അധികരിക്കരുത് എന്ന പൊതു നിർദ്ദേശത്തിന് വിരുദ്ധമാണിത്. ഭാവിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുമ്പോൾ മേൽ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 397500 | 31 |
| വിധവാപെൻഷൻ | 29582900 | 2220 |
| വാർദ്ധക്യകാലപെൻഷൻ | 39153300 | 3285 |
| വികലാംഗപെൻഷൻ | 9225500 | 693 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായം ഉള്ള സ്ത്രീകൾക്കുള്ള ധനസഹായം. | 502800 | 45 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന താഴെ പറയുന്ന തീയ്യതികളിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

| പരിശോധന നടത്തിയ തീയ്യതി | നീക്കിയിരിപ്പ് തുക |
|---|---|

| | |
|---|---|
| 17.05.2022 | 114809 |
| 27.06.2022 | 182002 |

## 1-9 ആഭ്യന്തര നിയന്ത്രണം.

സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാവേണ്ടതുണ്ട്. കാസർഗോഡ് നഗരസഭയുടെ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും ആഭ്യന്തര നിയന്ത്രണം ഫലപ്രദമല്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

1) ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനായി എല്ലാ മാസവും 10-ാം തീയ്യതിക്ക് മുമ്പായി നഗരസഭാ സെക്രട്ടറി സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കേണ്ടതും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഓഡിറ്റ് വർഷം ഓഫീസ് മീറ്റിംഗ് കൂടുകയോ മിനുട്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല .

2) ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ഓഡിറ്റ് വർഷം ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി യോഗം കൂടിയിട്ടില്ല. ഓഫീസിന്റെ പൊതുജനങ്ങളുമായുള്ള ഇടപാടുകളിലും അവർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനും കാര്യക്ഷമത ഉണ്ടാവാൻ ഫ്രണ്ട് ഓഫീസ് നല്ല രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്. ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് ചുമതല ഏല്പിക്കേണ്ടതും ഇവരെ സഹായിക്കുന്നതിനായി ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെ നിയമിക്കേണ്ടതുമുണ്ട്. ഈ കാര്യങ്ങൾ ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് കൃത്യമായി വിലയിരുത്തേണ്ടതും സമിതിയുടെ ശുപാർശകൾ നഗരസഭ ഭരണ സമിതി യോഗത്തിൽ ചർച്ച ചെയ്യേണ്ടതുമാണ്.

DCB രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സ്ഥാപനത്തിലെ വിവിധ വരവ് ഇനങ്ങളുടെ കൃത്യമായ ഡിമാന്റ് കളക്ഷൻ, ബാലൻസ് എന്നിവ DCB രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. പല DCB ഇനങ്ങൾക്കും വാർഷിക ധനകാര്യ പത്രിക പ്രകാരം ഭീമമായ കുടിശ്ശിക ഉണ്ട്. DCB രജിസ്റ്ററുകൾ പൂർണ്ണമല്ലാത്തതിനാൽ ഇവയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി (സ്ഥാപന ട്രേഡേഴ്സ് ) രജിസ്റ്ററിൽ വാർഡുകൾ തിരിച്ച് സ്ഥാപനങ്ങളുടെ പേര് വിവരം എഴുതിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വ്യാപാരികളിൽ നിന്നും നികുതി പിരിച്ചെടുത്തതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സേവന പുസ്തകങ്ങൾ സൂക്ഷിപ്പിലെ അപാകതകൾ

റഗുലർ ജീവനക്കാരുടെയും കണ്ടിജന്റ് ജീവനക്കാരുടെയും സേവന പുസ്തകങ്ങളും പെൻഷൻ പുസ്തകങ്ങളും പോലുള്ള പ്രധാനപ്പെട്ട രേഖകൾ അലക്ഷ്യമായാണ് കൈകാര്യം ചെയ്യുന്നത്. ഓഡിറ്റിന് അംഗീകാരത്തിന് ലഭിക്കുന്നവയിൽ ഒരുപാട് അപാകങ്ങൾ കാണുന്നു. ലീവ് എക്കൗണ്ട് കണക്കാക്കുന്നതുപോലും ശ്രദ്ധക്കുറവ് ഉണ്ട്. ഇത്തരം അപാകതകൾ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാവുന്നതിന് തടസ്സമുണ്ടാക്കുന്നു.

നഗരസഭയിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ താഴെപ്പറയും പ്രകാരമാണ് .

| തസ്തികയുടെ പേര് . | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം. |
|---|---|
| പിഎ റ്റു സെക്രട്ടറി. | 1 |
| റവന്യൂ ഓഫീസർ ഗ്രേഡ് II | 1 |
| ഹെൽത്ത് സൂപ്പർവൈസർ | 1 |
| സൂപ്രണ്ട് | 3 |
| റവന്യൂ ഇൻസ്പെക്ടർ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |

| | |
|---|---|
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 4 |
| ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്. | 1 |
| സീനിയർ ക്ലാർക്ക് | 13 |
| ക്ലാർക്ക്/ബിസി. | 15 (2 സൂപ്പർ ന്യൂമററി) |
| ടൈപ്പിസ്റ്റ്. | 3 |
| ഡ്രൈവർ ഗ്രേഡ് I (എച്ച് ഡി വി) | 1 |
| ഡ്രൈവർ ഗ്രേഡ് II (എൽ ഡി വി) | 3 |
| ലൈബ്രേറിയൻ ഗ്രേഡ് IV | 1 |
| ഓഫീസ് അറ്റൻഡന്റ് | 8 |
| ദഫേദാർ | 1 |
| ചെയിൻമാൻ | 1 |

ആസ്തികളുടെ പരിപാലനം :-

നഗരസഭയുടെ നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിറ്ററിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിലെ മുഴുവൻ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ടതും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-10 രശീതി പരിശോധന – പൊതു അപാകതകൾ

A) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 പ്രകാരം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ ജപ്തിയോ വ്യവഹാരമോ ശിക്ഷാ നടപടിയോ ആരംഭിക്കാമായിരുന്ന തീയ്യതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം യാതൊരു നടപടിയും സ്വീകരിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുക കാലഹരണപ്പെടുന്ന പക്ഷം അപ്രകാരം നഷ്ടപ്പെട്ട തുക ഏത് ഉദ്യോഗസ്ഥന്റെ വീഴ്ച്ച മൂലമാണോ നഷ്ടപ്പെട്ടത് അങ്ങനെയുള്ള ഉദ്യോഗസ്ഥനിൽ നിന്നും പന്ത്രണ്ട് ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്നും പ്രസ്തുത വകുപ്പിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇത്തരത്തിൽ നികുതി വൈകി അടവാക്കുന്നതായി രശീതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരുദാഹരണം താഴെക്കൊടുക്കുന്നു.

ഉദാ- നികുതി പിരിവിനായി ക്ലർക്ക്-സുന്ദര പി ക്ക് നൽകിയ രശീതി നം. 349/17441 തീ. 26.11.2021 പ്രകാരം സുബൈർ എൻ എ എന്നയാളുടെ 2015-16 മുതൽ നാളിത് വരെയുള്ള വസ്തു നികുതി രേഖപ്പെടുത്തി രശീതി എഴുതിയെങ്കിലും ഇദ്ദേഹം ഒരു വർഷത്തെ നികുതി മാത്രമേ നൽകിയുള്ളൂ എന്ന കാരണം രേഖപ്പെടുത്തി പ്രസ്തുത രശീതി റദ്ദാക്കി വച്ചിട്ടുണ്ട്. തുടർന്ന് തൊട്ടടുത്ത രശീതി പ്രകാരം 2015-16 ലെ നികുതി തുകയായ 642/- രൂപ മാത്രം അടവാക്കിയിട്ടുമുണ്ട്. പ്രസ്തുത നികുതി ദാതാവിൽ നിന്നും വരും വർഷങ്ങളിലെ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. 2021-22 സാമ്പത്തിക വർഷത്തിലാണ് 2015-16 ലെ നികുതി അടവാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. വൈകി അടവാക്കുന്നതിനാൽ ഇത്തരത്തിൽ കാലഹരണപ്പെട്ട നികുതി തുകകൾ ഉണ്ടാകാനുള്ള സാധ്യതകൾ ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നികുതി/നികുതിയേതര വരുമാനം മുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടാക്കുന്ന വിധം ഫീൽഡ് പരിശോധന ഉൾപ്പെടെയുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. നഗരസഭയ്ക്ക് നികുതി പിരിവിൽ ഭീമമായ കുടിശ്ശിക ഉള്ളത് സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കാൻ ഉതകുന്ന യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. തനത് നികുതി വരുമാന ചോർച്ച മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക ഭദ്രത തകർക്കും എന്നതിനാലും മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾ മന്ദഗതിയിൽ ആക്കാൻ ഇടയാക്കും എന്നതിനാലും ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ ചെലുത്തേണ്ടതാണ്.

B) റദ്ദാക്കുന്ന രശീതികൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. ഇത്തരത്തിൽ

നടപടിക്രമങ്ങൾ പാലിക്കാതെ റദ്ദാക്കിയ രശീതികൾക്ക് ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| രശീതി ബുക്ക് നമ്പർ | തീയ്യതി | ക്ലർക്കിന്റെ പേരും തസ്തികയും | നികുതിയിനം |
|---|---|---|---|
| 243/12129 | 02.08.2021 | അശോക് കുമാർ | വസ്തു നികുതി |
| 243/12130 | 02.08.2021 | അശോക് കുമാർ | വസ്തു നികുതി |
| 243/12149 | 04.08.2021 | അശോക് കുമാർ | വസ്തു നികുതി |
| 307/15304 | 22.09.2021 | അശോക് കുമാർ | വസ്തു നികുതി |
| 315/15730 | 05.10.2021 | അശോക് കുമാർ | വസ്തു നികുതി |
| 329/16416 | 25.10.2021 | അശോക് കുമാർ | വസ്തു നികുതി |
| 355/17746 | 07.12.2021 | രാകേഷ് നാരായണൻ | വസ്തു നികുതി |
| 363/18116 | 27.12.2021 | രാകേഷ് നാരായണൻ | വസ്തു നികുതി |
| 418/20897 | 17.02.2022 | വിനേഷ് കുമാർ | തൊഴിൽ നികുതി |
| 389/19407 | 19.01.2022 | അശോക് കുമാർ | തൊഴിൽ നികുതി |
| 389/19449 | 31.01.2022 | അശോക് കുമാർ | വസ്തു നികുതി |
| 397/19830 | 02.02.2022 | അശോക് കുമാർ | വസ്തു നികുതി |
| 397/19842 | 02.02.2022 | അശോക് കുമാർ | വസ്തു നികുതി |
| 406/20261 | 07.02.2022 | അശോക് കുമാർ | വസ്തു നികുതി |
| 405/20204 | 05.02.2022 | രാകേഷ് നാരായണൻ | വസ്തു നികുതി |
| 405/20246 | 08.02.2022 | രാകേഷ് നാരായണൻ | വസ്തു നികുതി |
| 405/20248 | 08.02.2022 | രാകേഷ് നാരായണൻ | വസ്തു നികുതി |
| 427/21343 | 08.03.2022 | വിനേഷ് കുമാർ | വസ്തു നികുതി |
| 373/18612 | 06.01.2022 | രാജൻ ടി | വസ്തു നികുതി |
| 373/18630 | 10.01.2022 | രാജൻ ടി | വസ്തു നികുതി |
| 423/21139 | 22.02.2022 | രാജൻ ടി | വസ്തു നികുതി |
| 442/22089 | 08.03.2022 | രാകേഷ് നാരായണൻ | വസ്തു നികുതി |
| 352/17585 | 08.12.2022 | സുധീർ കുമാർ | വസ്തു നികുതി |

| | | | |
|---|---|---|---|
| 391/19508 | 24.01.2022 | സുധീർ കുമാർ | വസ്തു നികുതി |
| 391/19509 | 24.01.2022 | സുധീർ കുമാർ | വസ്തു നികുതി |
| 408/20371 | 09.02.2022 | സുധീർ കുമാർ | തൊഴിൽ നികുതി |

C) രേഖപ്പെടുത്തിയ തുകകളിൽ (അക്ഷരത്തിലും അക്കത്തിലും) വെട്ടിത്തിരുത്തൽ വരുത്തി വച്ച ഏതാനും രശീതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെട്ടിത്തിരുത്തൽ വരുത്തിയ അതേ തുക തന്നെയാണ് രശീതിയുടെ പകർപ്പിലും പതിഞ്ഞിട്ടുള്ളത് എന്ന കാരണത്താൽ മാത്രം ഇത് ന്യായീകരിക്കാവുന്നതല്ല. നികുതി ദായകന് രശീതി നൽകിയ ശേഷവും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് ബിൽ കലക്ടർ സൂക്ഷിക്കുന്ന രശീതിയിലെ തുകകളിൽ മാറ്റം വരുത്താൻ സാധിക്കും എന്നുള്ളതിനാൽ രശീതികളിൽ തിരുത്തൽ വരുത്തുന്ന രീതി ഒഴിവാക്കാൻ ബിൽ കലക്ടർമാർക്ക് കർശന നിർദേശം നൽകേണ്ടതാണ്.

ഉദാ : രശീതി ബുക്ക് നം.352/17557 തീയ്യതി. 30.11.2021

D) നികുതി പിരിവിന്റെ കൃത്യത മേലുദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

ഉദാ- സുധീർ കുമാർ, ക്ലർക്ക് രശീതി ബുക്ക് നമ്പർ 360/17971-17975 പ്രകാരം 30,554/- രൂപ 17.12.2021 തീയ്യതിയിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും സാംഖ്യ രശീതി നം.121030116660/17.12.2021 പ്രകാരം 30,548/- രൂപ മാത്രമേ മുനിസിപ്പൽ ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളു. ഔഡ് ഡോർ കളക്ഷൻ പിരിവിന്റെ കൃത്യത സൂപ്പർവൈസിങ് ഓഫീസർ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയ സാംഖ്യ ചിട്ട പ്രിന്റ് ഔട്ടിൽ എല്ലാ ദിവസവും മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തൽ വരുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

E) കുറഞ്ഞത് ഒരു ലക്ഷം രൂപയിൽ അധികം ഫ്രണ്ട് ഓഫീസ് കലക്ഷൻ ഉണ്ടാകുന്ന നഗരസഭയിൽ അവധി ദിവസങ്ങൾക്ക് മുന്നോടിയായി ബാങ്കിൽ അടവാക്കാൻ പറ്റാത്ത തുകകൾ പെറ്റി ക്യാഷ് ബുക്ക്/സബ്സിഡിയറി ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരും ദിവസങ്ങളിൽ വലിയ അളവിലുള്ള തുകകൾ ബാങ്കിൽ അടവാക്കേണ്ടുന്ന സാഹചര്യം ഉണ്ടാകുന്ന വേളയിൽ പോലും ഇത്തരത്തിൽ തുകകൾ മേൽ പരാമർശിച്ച രജിസ്റ്ററിൽ ചേർക്കാതെ കലക്ഷൻ തുക ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ച് പോരുകയാണ് ചെയ്യുന്നത്. ഒരുദാഹരണം താഴെക്കൊടുക്കുന്നു.

ഉദാ- 25.03.2022 , 26.03.2022 എന്നീ തീയ്യതികളിലെ കലക്ഷൻ തുക 12,98,073/- രൂപയാണ് ( 587435 + 710638) . പ്രസ്തുത തുക ഒരുമിച്ച് ബാങ്കിൽ അടവാക്കിയത് നാല് ദിവസങ്ങൾക്ക് ശേഷമാണ്(30.03.2022). രണ്ടാം ശനിയും ഞായറും ഉൾപ്പെടെ അവധി ദിവസങ്ങൾ തുടർന്ന് വരുന്നുണ്ട് എന്നറിയാമായിരിക്കെ 12 ലക്ഷത്തിൽ അധികം വരുന്ന തുക വൈകി അടവാക്കിയത് നല്ല പ്രവണതയല്ല എന്നാണ് ഓഡിറ്റ് നിഗമനം.ഭാവിയിൽ ഇത്തരത്തിൽ ഭീമമായ തുകകൾ വരവ് വന്നാൽ ബാങ്കിന്റെ ക്യാഷ് കൗണ്ടർ ക്ലോസ് ചെയ്യുന്നതിന് മുമ്പേ അത് വരെയുള്ള ഫ്രണ്ട് ഓഫീസ് കലക്ഷൻ അടവാക്കി താൽക്കാലിക ധനവിനിയോഗത്തിനുള്ള സാധ്യത ഇല്ലാതാക്കി ഇക്കാര്യത്തിലെ സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്.

F) നികുതി പിരിക്കാൻ ഉപയോഗിക്കുന്ന ക്യാഷ് രശീതികളും മറ്റനവധി ഫോമുകളും സൂക്ഷിച്ചിരിക്കുന്ന സ്റ്റോർ സന്ദർശിച്ചപ്പോൾ രേഖകൾ ഒന്നും തന്നെ അടുക്കും ചിട്ടയോടും കൂടി സൂക്ഷിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുറക് വശത്തെ ജനൽപ്പാളികൾ തകർന്നു വീണ അവസ്ഥയിലാണ്. ഇതിലൂടെ എലികൾ അടക്കമുള്ള ജീവികൾ കടന്ന് വന്ന് രേഖകൾ നശിപ്പിക്കാൻ സാധ്യത ഉണ്ട്. സ്റ്റോർ റൂമിന്റെ കോൺക്രീറ്റ് മേൽക്കൂരയിലെ ഇരുമ്പ് കമ്പികൾ ദ്രവിച്ച് വീഴാറായ അവസ്ഥയിലാണ്.അടർന്ന് വീഴാവുന്ന അവസ്ഥയിലുള്ള സീലിങ്ങിലൂടെ ചോർച്ച സംഭവിച്ച് രേഖകൾ നശിച്ച് പോകാനുള്ള സാധ്യതയുണ്ട്. രേഖകൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

G) ഒരു താളും ഉപയോഗിക്കാത്ത രശീതി ബുക്കുകൾ റദ്ദാക്കി വെച്ചിരിക്കുന്നു.

രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന രശീതി ബുക്കുകൾ ഒരു താളും ഉപയോഗിക്കാതെ തിരിച്ചേൽപ്പിച്ചതായി കാണാൻ സാധിച്ചു.

1) രശീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 74ൽ 13.02.2020 തീയ്യതിയിൽ ഹെൽത്ത് ഇൻസ്പെക്ടർ രാജീവൻ എന്നവർക്ക് നൽകിയ രശീതി ബുക്ക് നം. 6 (251-300) ഒരു താളും ഉപയോഗിക്കാതെ 02.11.2020 തീയ്യതിയിൽ തിരിച്ച് നൽകിയിട്ടുണ്ട്.

2) രശീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 76ൽ 20.03.2020 തീയ്യതിയിൽ അശോകൻ, ക്ലർക്ക് എന്നവർക്ക് നൽകിയ രശീതി ബുക്ക് നം. 51 (2501-2550) ഒരു താളും ഉപയോഗിക്കാതെ 02.11.2020 തീയ്യതിയിൽ തിരിച്ച് നൽകിയിട്ടുണ്ട്.

പ്രസ്തുത രശീതി ബുക്കുകളിലെ താളുകൾ മുഴുവനും റദ്ദാക്കി വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാതൊരു താളുകളും ഉപയോഗിക്കാത്ത പ്രസ്തുത രശീതി ബുക്കുകൾ റദ്ദാക്കി വെച്ചത് ശരിയായ നടപടിയല്ല. ആയത് വീണ്ടും മറ്റൊരു ജീവനക്കാരന് നികുതി പിരിവിന് നൽകി രശീതി ബുക്ക് പാഴാക്കുന്ന അവസ്ഥ ഒഴിവാക്കാമായിരുന്നു. ഭാവിയിൽ

ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി വരവ് രജിസ്റ്റർ സൂക്ഷിപ്പ് അപാകതകൾ

നഗരസഭയിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ഫയലുകൾ/പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭ ഇത്തരത്തിലുള്ള രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു സ്ഥാപന രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ എഴുതി പൂർണ്ണമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല .

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിൽ താഴെ പറയും പ്രകാരം നികുതി വരവ് ഉണ്ട്.

| വർഷം | ഡിമാന്റ് | | കലക്ഷൻ | |
|---|---|---|---|---|
| | എംപ്ലോയീസ് | ട്രേഡേഴ്സ് | എംപ്ലോയീസ് | ട്രേഡേഴ്സ് |
| 2020-21 | 1,33,20,950/- | 28,60,000/- | 1,32,10,450/- | 27,24,720/- |

എന്നാൽ നഗരസഭ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമായും എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്ഥാപനത്തിൽ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. നഗരസഭയുടെ പ്രധാന വരുമാന ഇനങ്ങളിൽ ഒന്നാണ് തൊഴിൽ നികുതി . ഉത്തരവാദിത്തമില്ലാതെ രജിസ്റ്ററുകൾ കൈകാര്യം ചെയ്യുന്നത് മൂലം ഈയിനത്തിൽ ലഭ്യമാവേണ്ട മുഴുവൻ തുകയും പിരിഞ്ഞ് കിട്ടിയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. പ്രസ്തുത കാര്യത്തിലേക്ക് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ്- ലേലം കൊണ്ട കടമുറി റിപ്പയർ ചെയ്ത് നൽകിയിട്ടില്ല- നഗരസഭയ്ക്ക് 88,800/- രൂപയുടെ നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കാസർഗോഡ് നഗരസഭയുടെ അധീനതയിലുള്ള പഴയ ബസ്റ്റാന്റ് കോംപ്ലക്സിലെ ഒന്നാം നിലയിലെ 17-ാം നമ്പർ മുറി 12.02.2019 ന് നടന്ന ലേലത്തിൽ ശ്രീമതി. സൗമ്യ.ടി ക്ക് 7,400/- രൂപ മാസ വാടകയിൽ അനുവദിച്ചിരുന്നു. (7.03.19ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനം) മുറി അനുവദിക്കുന്ന സമയത്ത് മുറിയുടെ ഷട്ടർ റിപ്പയർ ചെയ്യുമെന്നും മുറി തിരിച്ചുള്ള ഇടച്ചുമർ ചെയ്ത് തരാമെന്നും ടിയാൾക്ക് നഗരസഭ ഉറപ്പുകൊടുത്തതായി ശ്രീമതി സൗമ്യ 19.06.2019ലെ കത്തിൽ പറയുന്നു. മേൽ പ്രവൃത്തികൾ ചെയ്തിട്ടില്ലാത്തതിനാൽ ശ്രീമതി. സൗമ്യ 19.06.2019 ലെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തികൾ ചെയ്തു തരണമെന്നും അതിന് ശേഷം കരാർ വയ്ക്കാമെന്നും നഗരസഭയെ അറിയിക്കുകയുണ്ടായി. ഇത് നടപ്പാവാത്തതിനാൽ 18.11.2019ലെ കത്ത് പ്രകാരം ടിയാരി ഡെപ്പോസിറ്റ് ചെയ്ത 33,350/- രൂപ തിരികെ ആവശ്യപ്പെട്ടു.എന്നാൽ ഇതിന് മറുപടിയായി നഗരസഭ 19/02/2020ലെ ആർ-4/10647/19 നമ്പർ കത്തിൽ കുടിശ്ശിക ഉൾപ്പെടെ 1,10,586/- രൂപ അടക്കാൻ ശ്രീമതി. സൗമ്യയോട് ആവശ്യപ്പെട്ടു . എന്നാൽ ടിയാരി 25.09.2020ൽ നഗരസഭക്ക് നൽകിയ മറുപടി കത്തിൽ താൻ ഒരു ദിവസം പോലും മുറി ഉപയോഗിച്ചില്ലെന്നും നഗരസഭ ഉറപ്പു പാലിക്കാത്തതിനാൽ ഡെപ്പോസിറ്റ് തിരികെ വേണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് നടന്ന മുനിസിപ്പൽ കൗൺസിലിന്റെ 06.11.2020ലെ 1-ാം നമ്പർ തീരുമാനത്തിൽ ശ്രീമതി. സൗമ്യയുടെ വാദഗതികൾ അംഗീകരിക്കുകയും ഡെപ്പോസിറ്റ് തിരികെ നൽകാൻ തീരുമാനിക്കുകയും ചെയ്തു(വൗച്ചർ നം. 460/11.12.2020 Rs. 33,350/-). റൂം യഥാസമയം റിപ്പയർ ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാനും തീരുമാനിച്ചു. ഇത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ വിശദീകരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 25/2020-21 തീയ്യതി 15.06.2022 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ലേല സമയത്ത് റൂം റിപ്പയർ ചെയ്യാമെന്നുള്ള ഉറപ്പ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും നഗരസഭ ഇതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ഈയിനത്തിൽ നഗരസഭയ്ക്ക് 88,800/- രൂപയുടെ നഷ്ടം (7400x12) സംഭവിച്ചിട്ടുണ്ട്. പ്രസ്തുത നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തനത് വരവുകളിൽ വൻതുകകൾ കുടിശ്ശിക- പിരിച്ചെടുക്കാനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

2020-21 വർഷത്തെ AFS പ്രകാരം നഗരസഭയുടെ പ്രധാന തനത് വരവ് ഇനങ്ങളിൽ താഴെ പറയും പ്രകാരം തുകകൾ കുടിശ്ശികയായുണ്ട്. (കറന്റ് + അരിയർ)

| ഇനം | കുടിശ്ശിക (B15 പ്രകാരം) |
|---|---|
| വസ്തു നികുതി | 23325471 |
| തൊഴിൽ നികുതി (Trders) | 261080 |
| ലൈസൻസ് ഫീസ് | 534825 |
| വാടക( സിവിക് അമെന്റീസ്) | 3193918 |

ഇത് സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തുന്നതിന് DCB രജിസ്റ്ററുകളിൽ അതാത് വരവുകളുടെ സാക്ഷ്യപ്പെടുത്തിയ സംക്ഷിപ്തം ഹാജരാക്കിയിട്ടില്ല. തനത് ഫണ്ട് വഴിയുള്ള വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതിന് പകരം നിലവിലുള്ള വരുമാനം മുഴുവൻ പിരിച്ചെടുക്കാതിരിക്കുന്നത് ന്യായീകരിക്കാനാവില്ല. മുഴുവൻ കുടിശ്ശിക തുകയും പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഇക്വീറ്റി ഷെയർ നിക്ഷേപം - ഡിവിഡന്റ് ഇനത്തിൽ തുക വരവ് വന്നില്ല – നിലവിലെ സ്ഥിതി പരിശോധിക്കേണ്ടതാണ്.

AFS നിന്നും പഴയ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടെയുള്ള ഫയലുകളിൽ നിന്നുമുള്ള വിവരങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിക്ക് താഴെ പറയും പ്രകാരം ഇക്വിറ്റി ഷെയർ നിക്ഷേപം നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക. |
|---|---|---|
| 1 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 19,89,000/- |
| 2. | കെ.യു. ആർ.ജി.എഫ്. സി. | 29,000/- |
| | ആകെ | 20,18,000 |

ഇതിന്റെ ഡിവിഡന്റ് ഇനത്തിലുള്ള വരവായി 2019-20 ൽ 12,000/- രൂപ നഗരസഭ ഫണ്ടിൽ വന്നിട്ടുണ്ട്. 2020-21 ൽ ഈയിനത്തിൽ തുകയൊന്നും വരവ് വന്നിട്ടില്ല. ഷെയർ സർട്ടിഫിക്കറ്റുകളോ ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങളോ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. ഈ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നുമില്ല. ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും ഷെയർ സർട്ടിഫിക്കറ്റുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-15 തെറ്റായ ശമ്പള നിർണ്ണയം വഴി 97,731/- രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

കാസർഗോഡ് നഗരസഭയിലെ റെഗുലർ ജീവനക്കാരനായ ശ്രീ. വിശ്വൻ പി, സീനിയർ ക്ലർക്കിന്റെ സേവന പുസ്തകം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. 28.03.2008 പൂർവ്വാഹ്നത്തിലാണ് ശ്രീ. വിശ്വൻ.പി യുടെ LD ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തത്. എന്നാൽ 1.3.2008ന് തന്നെ ടിയാന് രണ്ടാമത്തെ ഇൻക്രിമെന്റ് അനുവദിച്ചത് മൂലം 1.3.2008 മുതൽ 27.3.2008 വരെ ടിയാന് അധിക ശമ്പളവും അലവൻസുകളും നൽകി.

31.7.2014 ന് ടിയാന് സീനിയർ ക്ലർക്കായി പ്രമോഷൻ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ KSR Rule 28A പ്രകാരം ശമ്പള നിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല. LDC ശമ്പളനിരക്കിൽ നിന്നും ടിയാന് 8 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് (Unqualified) 28.03.2014ന് തന്നെ അനുവദിച്ച സാഹചര്യത്തിൽ, മേൽപ്പറഞ്ഞ പ്രമോഷന് KSR Rule -30 അനുസരിച്ചുള്ള ശമ്പള നിർണ്ണയം മാത്രമെ പാടുള്ളൂ. ആയതിനാൽ 31.7.2014ന് KSR Rule -28A പ്രകാരം ശമ്പള നിർണ്ണയിച്ചത് ക്രമപ്രകാരമല്ല. 28.3.2014ൽ LDC ശമ്പളനിരക്കിൽ നിന്നും 8 വർഷത്തെ TBHG (Unqualified)

ലഭിക്കുമ്പോൾ ടിയാന്റെ ശമ്പളം 10480-18300 രൂപ ശമ്പള നിരക്കിൽ 12550/- രൂപയായി വരുന്നു. തുടർന്ന് 2014 ശമ്പളപരിഷ്കരണ പ്രകാരം 01/07/2014 ൽ 20000-45800 രൂപ ശമ്പള നിരക്കിൽ 25200/- രൂപ ആകുന്നു. 31.07.2014ൽ സീനിയർ ക്ലർക്ക് ആയി പ്രൊമോഷൻ ലഭിക്കുമ്പോൾ ടിയാന്റെ ശമ്പളം 25200 - 54000 രൂപ ശമ്പള നിരക്കിൽ 25200 രൂപയായി തുടരുന്നു. 31.07.2014ൽ Rule 30 പ്രകാരമുള്ള ശമ്പള നിർണ്ണയമായതിനാൽ ശമ്പള വർദ്ധനവില്ല. പകരം അടുത്ത ഇൻക്രിമെന്റ് 1.3.2015ൽ വരുന്നു (25850രൂപ). 31.7.2014 മുതൽ 31.5.2020 വരെ ടിയാന് ശമ്പളവും അലവൻസുകളും അധികം നൽകി. അധികം നൽകിയ തുക കണക്കാക്കി Due Drawn Statement ഉൾപ്പെടെ ഓഡിറ്റിന് ഹാജരാക്കുവാൻ 16.11.2020ലെ കെ.എസ്.എ/കെ.എസ്.എം1/217/2020-ാം കത്ത് പ്രകാരം നഗരസഭ സെക്രട്ടറിയെ അറിയിച്ചു.

മേൽ തുക ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് നഗരസഭ സെക്രട്ടറി 13/01/2022 ന് ജി4-11325/20 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. അധികം നൽകിയ തുകയായ 97731/- രൂപ ടിയാന്റെ അർഹതപ്പെട്ട ഡി.സി.ആർ.ജിയിൽ നിന്നും ഈടാക്കിയ ശേഷം വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ശമ്പള നിർണ്ണയം അപാകത മൂലം അധിക തുക നൽകി

നഗരസഭയിലെ താഴെ പറയുന്ന റഗുലർ ജീവനക്കാർക്ക് 27 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് ശമ്പളം നിർണ്ണയിച്ചതിൽ അപാകത സംഭവിച്ചതിനെ തുടർന്ന് അധികം തുക നൽകുകയും ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഈടാക്കുകകയും ചെയ്തു.

A) ശ്രീ. ചന്ദ്രകാന്ത.കെ. ഡഫേദാർ.

ശ്രീ. ചന്ദ്രകാന്ത.കെ. ഡഫേദാർ ന് 27 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് ശമ്പളം നിർണ്ണയിച്ചതിൽ അപാകതയുണ്ട്. നോഷണൽ ഇൻക്രിമെന്റ് '400' ന പകരം 440 നൽകി ശമ്പളം നിർണ്ണയിച്ചതു വഴി ഒരു ഇൻക്രിമെന്റ് അധികം നൽകിയാണ് ശമ്പളം നിർണ്ണയിച്ചിട്ടുള്ളത്. ആയതിനെതുടർന്ന് 2014 ശമ്പള പരിഷ്കരണം പ്രകാരം നിലവിലുള്ള ശമ്പളത്തിലും അപാകത വന്നിട്ടുണ്ട്. 01.11.2012 മുതൽ 30.06.2014 വരെയും , 01/07/014 മുതൽ 30.06.2014 വരെയുള്ള അധികമായി വാങ്ങിയ തുക ഈടാക്കാൻ 15/02/2021 ലെ കെ.എസ്.എ/കെ.എസ്.എം1/44/2021-ാം നമ്പർ കത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്. മേൽ കത്തിന്റെ അടിസ്ഥാനത്തിൽ അധികം കൈപറ്റിയ തുകയായ 2900/- രൂപ (1408 + 1492= 2900) നഗരസഭ തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

B) ശ്രീ. വരദരാജ കെ, ഡഫേദാർ.

ശ്രീ. വരദരാജ കെ. ഡഫേദാറിന് 27 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രകാരം ശമ്പളം നിർണ്ണയിച്ചതിൽ അപാകതയുണ്ട്. നോഷണൽ ഇൻക്രിമെന്റ് '400' രൂപയ്ക്ക് പകരം 440 നൽകി ശമ്പളം നിർണ്ണയിച്ചതു വഴി ഒരു ഇൻക്രിമെന്റ് അധികം നൽകിയാണ് ശമ്പളം നിർണ്ണയിച്ചിട്ടുള്ളത്. ആയതിനെതുടർന്ന് 2014 ശമ്പള പരിഷ്കരണ പ്രകാരം നിലവിലുള്ള ശമ്പളത്തിലും അപാകത വന്നിട്ടുണ്ട്. ഇപ്രകാരം ടിയാൻ 24.02.2013 മുതൽ 30/06/2014 വരെയും 01.07.2014 മുതൽ 31.01.2016 വരെയുള്ള അധികമായി വാങ്ങിയ തുക ഈടാക്കാൻ 17/02/2021 ലെ കെ.എസ്.എ കെ.എസ്.എം. 1/47/2021 കത്ത് പ്രകാരം നഗരസഭ സെക്രട്ടറിയെ അറിയിച്ചിരുന്നു. മേൽ കത്തിന്റെ അടിസ്ഥാനത്തിൽ അധികം കൈപ്പറ്റിയ തുകയായ 2678/- രൂപ (1550+1128=2678) നഗരസഭ തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

ശമ്പള നിർണ്ണയം പോലെയുള്ള പ്രധാനപ്പെട്ട വിഷയങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ കർശനമായി ഒഴിവാക്കേണ്ടതാണ്.

## 1-17 പ്രോജക്റ്റ് ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്റ്റ് ഫയലുകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ നിർവ്വഹണം ചെയ്ത പ്രോജക്റ്റ് ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ ഫോൺ മുഖാന്തിരവും ഈ കാര്യാലയത്തിൽ നിന്നും അയച്ച

ഓഡിറ്റ് റിക്വിസിഷൻ നമ്പർ 1/22.03.2022, 5/22.06.2022 പ്രകാരവും 14.07.2022 തീയ്യതിയിൽ നിർവ്വഹണോദ്യോഗസ്ഥന് നൽകിയ സമ്മൻസ് പ്രകാരവും ഫയലുകൾ ഹാജരാക്കാനായി ആവശ്യപ്പെട്ടത് പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന തീയ്യതിയിലാണ് ഫയലുകൾ ഹാജരാക്കിയത്. ആയതിനാൽ ഇദ്ദേഹം നടപ്പിലാക്കിയ പദ്ധതികളുടെ വിശദമായ പരിശോധന സാധ്യമായിട്ടില്ല. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ നമ്പർ & പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക. |
|---|---|---|---|
| 1 | 17/2021 ലൈഫ് പി.എം.എ.വൈ ഭവന നിർമ്മാണം. | 2,06,00,000/- (വികസന ഫണ്ട് പൊതു വിഭാഗം) | 1,49,75,960/- |
| 2. | 18/2021 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് ചെലവുകൾ . | 6,00,000/- (വികസന ഫണ്ട് പൊതു വിഭാഗം) | 4,29,000/- |
| 3. | 89/2021 ഹരിത സഹായ സ്ഥാപനത്തിനുള്ള തുക നൽകൽ. | 6,00,000/- (വികസന ഫണ്ട് പൊതു വിഭാഗം) | 5,59,358/- |
| 4. | 385/2021 ഹരിത സഹായ സ്ഥാപനത്തിനുള്ള വേതനം. | 5,00,000/- (വികസന ഫണ്ട് പൊതു വിഭാഗം) | 4,53,336/- |
| 5. | 386/2021 ബഡ്സ് സ്കൂളിന്റെ നടത്തിപ്പ് ചെലവ്. | 8,24,671/- (വികസന ഫണ്ട് പൊതു വിഭാഗം) | 3,37,406/- |
| | | ആകെ | 1,67,55,060/- |

1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകൾ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ നിരുത്തരവാദിത്വപരമായ സമീപനവും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചയും ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 ഖരമാലിന്യ സംസ്കരണം പദ്ധതിയുടെ ഭാഗമായി മാലിന്യം നീക്കം ചെയ്യൽ - ഭാരം കണക്കാക്കിയതിൽ അവ്യക്തത.

പ്രോജക്ട് നം. : 401/2021 ഖരമാലിന്യ സംസ്കരണം - മാലിന്യം നീക്കം ചെയ്യൽ.

വകയിരുത്തൽ : വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 3,50,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് ഓഫീസർ.

കാസറഗോഡ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിദ്യാനഗർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പൊതുജനാരോഗ്യ പ്രശ്നമാകും വിധം കൂട്ടിയിട്ടിരിക്കുന്ന ഉദ്ദേശം 100 ടൺ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി വിഭാവനം ചെയ്ത മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ( ഒരു ടണ്ണിന് 4500/- രൂപ വീതം) ക്വോട്ട് ചെയ്ത അബ്ദുൾ ഹാരിസ് ബി എം,ചട്ടഞ്ചാൽ പ്ലാസ്റ്റിക്ക്,തെക്കിൽ എന്നവർക്ക് ഹെൽത്ത് സൂപ്പർവൈസറുടെ 26.08.2020 ലെ പി എച്ച്2-11301/2020 പ്രകാരം വർക്ക് ഓർഡർ നൽകിയിരുന്നു. പ്രവൃത്തി പൂർത്തീകരിച്ച് നീക്കിയ മാലിന്യങ്ങളുടെ ഭാരം രേഖപ്പെടുത്തിയ ബില്ല് സഹിതം ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് തുക

അനുവദിക്കുന്നതാണെന്ന് പ്രസ്തുത വർക്ക് ഓർഡറിൽ വ്യക്തമാക്കുകയും 25.08.2020 തീയ്യതിയിൽ നിർവ്വഹണോദ്യോഗസ്ഥനുമായി കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 29.08.2020, 30.08.2020, 31.08.2020 തീയ്യതികളിൽ മാലിന്യം നീക്കം ചെയ്തതിന്റെ ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | തീയ്യതി | വാഹന നമ്പർ | ആകെ ഭാരം ( Kilo Gram) | വാഹനത്തിന്റെ ഭാരം (Unloaded Weight) | മാലിന്യത്തിന്റെ ഭാരം |
|---|---|---|---|---|---|
| 1 | 29.08.2020 | KL 14 N 5763 | 16670 | 6600 | 10070 |
| 2 | 30.08.2020 | KL 57 819 | 10590 | 7030 | 3560 |
| 3 | 30.08.2020 | KL 57 819 | 18580 | 7030 | 11550 |
| 4 | 30.08.2020 | KL 14 Y 0449 | 13270 | 4100 | 9170 |
| 5 | 30.08.2020 | KL 57 819 | 18190 | 7030 | 11160 |
| 6 | 30.08.2020 | KL 57 819 | 17980 | 7030 | 10950 |
| 7 | 30.08.2020 | KL 57 819 | 17820 | 7030 | 10790 |
| 8 | 31.08.2020 | KL 14 Y 0449 | 15290 | 4100 | 11190 |
| | | ആകെ | 1,28,390 | 49,950 | 78,440 |

മേൽ പട്ടിക പ്രകാരം ആകെ ഭാരത്തിൽ നിന്നും വാഹനത്തിന്റെ ഭാരം കുറവ് വരുത്തിയ ശേഷമുള്ള 78,440 കിലോ ഗ്രാം(78.44 ടൺ) മാലിന്യം നീക്കം ചെയ്തതിന് 3,52,980/- രൂപ കരാറുകാരന് നൽകേണ്ടതുണ്ടെന്നും പദ്ധതിക്കായി വകയിരുത്തിയ 3,50,000/- രൂപ അനുവദിക്കാവുന്നതാണെന്നും കാര്യാലയ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ആയത് പ്രകാരം ആദായനികുതിയിനത്തിൽ 7000/- രൂപ കുറവ് വരുത്തി 3,43,000/- രൂപ കരാറുകാരന് ട്രഷറി ബിൽ നം.742972/16.11.2020 പ്രകാരം നൽകിയിട്ടുണ്ട്(Account No.917020016027119, UTIB).

മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ Site ൽ നിന്നും ലഭ്യമായ പ്രസ്തുത വാഹനങ്ങളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വാഹന നം. | റജിസ്ട്രേഷൻ വിവരങ്ങൾ | വാഹനത്തിന്റെ ഭാരം (കിലോഗ്രാമിൽ) |
|---|---|---|---|
| 1 | KL 14 N 5763 | Make : TATA MOTORS LTD<br>Model : TATA LPT 1613/42 BSIII TRUCK<br>Color : DRY LEAF BROWN WHITE<br>Chasis : MAT373339D1B01517<br>Reg Date : 05.08.2013 | 7040 |
| 2 | KL 14 Y 0449 | Make : VE COMMERCIAL VEHICLES | 3912 |

| | | | |
|---|---|---|---|
| | | LTD<br>Model : EICHER PRO 1095XP K HSD<br>Color : NEW GOLDEN BROWN<br>Chasis : MC2C5KRC0KB434591<br>Reg Date : 14.05.2019 | |
| 3 | KL 57 0819 | Make : TATA MOTORS LTD<br>Model : CboRegn<br>Color : DRY LEAF BROWN WHITE<br>Chasis : 373344FTZ729052<br>Reg Date : 17.08.2006 | 6000 |

എന്നാൽ ഫയലിൽ ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയത് പ്രകാരം ക്രമ നം.1 ലെ വാഹനത്തിന് 6600 കിലോഗ്രാമും ക്രമ നം. 2 ലെ വാഹനത്തിന് 4100 കിലോഗ്രാമും ക്രമ നം. 3 ലെ വാഹനത്തിന് 7030 കിലോഗ്രാമും ആണ് ഭാരമായി കാണിച്ചിരിക്കുന്നത്. കൂടാതെ മാലിന്യത്തിന്റെ ഭാരം ഉറപ്പുവരുത്തിയ സർക്കാർ അംഗീകൃത സ്ഥാപനമായ CANARA ELECTRONIC WEIGHERIDGE, ADAKATHBAIL, KASARAGOD നൽകിയ കമ്പ്യൂട്ടർ രശീതിയിൽ രേഖപ്പെടുത്തിയ ഭാരത്തിൽ നിന്നും വാഹനത്തിന്റെ ഭാരം മാത്രം പേന കൊണ്ട് രേഖപ്പെടുത്തി ആകെ ഭാരത്തിൽ നിന്നും കുറവു വരുത്തിയതായാണ് കാണാൻ സാധിക്കുന്നത് . വാഹനത്തിന്റെ മാത്രം ഭാരം സംബന്ധിച്ച മേൽ സ്ഥാപനത്തിന്റെ കമ്പ്യൂട്ടർ രശീതി ലഭ്യമല്ലാത്തതിനാൽ വാഹനത്തിന്റെ യഥാർത്ഥ ഭാരത്തിന്റെ കൃത്യതയോ ആധികാരികതയോ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ കമ്പ്യൂട്ടർ ബിൽ നം. & തീയ്യതി | ബില്ലിൽ രേഖപ്പെടുത്തിയ വാഹന നമ്പർ | ബില്ലിൽ രേഖപ്പെടുത്തിയ ആകെ ഭാരം (കിലോ ഗ്രാമിൽ) | വാഹനത്തിന്റെ ഭാരമായി ബില്ലിൽ പേന കൊണ്ട് രേഖപ്പെടുത്തിയത് (കിലോ ഗ്രാമിൽ) | ആകെ ഭാരത്തിൽ നിന്നും വാഹനത്തിന്റെ ഭാരം കുറവ് വരുത്തിയ ശേഷം മാലിന്യത്തിന്റെ ഭാരമായി ബില്ലിൽ പേന കൊണ്ട് രേഖപ്പെടുത്തിയത് (കിലോ ഗ്രാമിൽ) |
|---|---|---|---|---|
| 8072/29.08.2020 | KL 14 N 5763 | 16670 | 6600 | 10070 |
| 8120/30.08.2020 | KL 57 819 | 10590 | 7030 | 3560 |
| 8125/30.08.2020 | KL 57 819 | 18580 | 7030 | 11550 |
| 8131/30.08.2020 | KL 14 Y 0449 | 13270 | 4100 | 9170 |
| 8132/30.08.2020 | KL 57 819 | 18190 | 7030 | 11160 |
| 8137/30.08.2020 | KL 57 819 | 17980 | 7030 | 10950 |
| 8140/30.08.2020 | KL 57 819 | 17820 | 7030 | 10790 |
| 8152/31.08.2020 | KL 14 Y 0449 | 15290 | 4100 | 11190 |
| | ആകെ | 1,28,390 | 49,950 | 78,440 |

ഫയലിൽ ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയത് പ്രകാരമുള്ള വാഹനത്തിന്റെ ഭാരം, പേന കൊണ്ട് രേഖപ്പെടുത്തിയ വാഹനത്തിന്റെ ഭാരം എന്നിവ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ Site ൽ നിന്നും ലഭിച്ച

ഭാരവുമായി വ്യത്യാസമുള്ളതിനാൽ നീക്കം ചെയ്ത മാലിന്യത്തിന്റെ അളവിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്നും അതുവഴി കരാറുകാരന് അധികം തുക നൽകിയിട്ടുണ്ടെന്നുമുള്ള നിഗമനത്തിൽ ഓഡിറ്റ് എത്തിച്ചേരുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ 24.06.2022 തീയ്യതിയിലെ 33/2020-21 നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 3,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിഷയത്തിൽ വിശദവും സമഗ്രവുമായ തുടർ അന്വേഷണം നടത്തി അധികം നൽകിയ തുക ഈടാക്കുന്നതിനായി ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 1-19 പി. എം.എ.വൈ ഭവന പദ്ധതി - CRZ മേഖലയിൽ ഉൾപ്പെട്ട ഭവനങ്ങൾക്ക് നിർമ്മാണാനുമതി നൽകി.

പ്രോജക്ട് നം. 17/2021 : ലൈഫ് പി.എം.എ.വൈ. ഭവന നിർമ്മാണം.

വകയിരുത്തൽ : വികസന ഫണ്ട് (സാധാ) 2,06,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ.

" എല്ലാവർക്കും ഭവനം" എന്ന ലക്ഷ്യത്തോടെ കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെയും, നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന - ലൈഫ് ഭവന പദ്ധതി. ആയതു പ്രകാരം മുൻ വർഷങ്ങളിൽ നഗരസഭ പരിധിയിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ച താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് നാളിതുവരെയായി മുഴുവൻ ധനസഹായവും നൽകിയില്ലെന്ന് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും. | ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം. | കരാർ ചമച്ച തീയ്യതി | തുക നൽകിയതിന്റെ വിവരം (01.04.2017 ന് ശേഷം കരാറിൽ ഏർപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം 3 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്) |
|---|---|---|---|---|
| 1 | സിന്ധു കെ , W/oരമേശൻ, അമൃത നിലയം, കസബ ബീച്ച് കടപ്പുറം (വാർഡ് നം. 36) | 15.02.2017 ലെ തീരുമാന നം.16 | 12.09.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 2 | ജിഷ പി, W/o സനോജ് കെ, അടുക്കത്ത്ബയൽ ബീച്ച് (വാർഡ് നം.37) | 15.02.2017 ലെ തീരുമാന നം.16 | 26.10.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 3 | ആബിദ, D/o അബ്ദുൾ ഹമീദ്, സവാദ് മൻസിൽ, ഫിർദൗസ് നഗർ,നെല്ലിക്കുന്ന് (വാർഡ് നം.02) | 10.01.2019 ലെ തീരുമാന നം.06 | 19.06.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 4 | പി എം മുഹമ്മദ് കുഞ്ഞി, S/o പി മൊയ്തീൻ, തളങ്കര പടിഞ്ഞാർ, കാസറഗോഡ് | 10.01.2019 ലെ തീരുമാന നം.06 | 24.07.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | (വാർഡ് നം.29) | | | |
| 5 | രജനി,<br>W/o പ്രസന്നൻ,<br>കസബ ബീച്ച്<br>( വാർഡ് നം.36) | 10.01.2019 ലെ തീരുമാന നം.06 | 25.03.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 6 | അബ്ദുൾ റഹിമാൻ,<br>S/oഅബൂബക്കർ<br>പള്ളിവളപ്പ്,നെല്ലിക്കുന്ന്<br>(വാർഡ് നം.02) | 17.01.2018 ലെ തീരുമാന നം.24 | 07.06.2018 | നാളിതു വരെ 2 ഗഡുക്കളായി ആകെ 2,00,000/- രൂപ നൽകിയിട്ടുണ്ട്. |
| 7 | ഗിരിജ,<br>W/o നാരായണൻ(L),<br>കസബ ബീച്ച്<br>(വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 11.09.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 8 | ഇന്ദിര കെ എം,<br>നിയർ ഭഗവതി ടെമ്പിൾ, പിലികുഞ്ജെ,കാസറഗോഡ്<br>(വാർഡ് നം.18) | 15.02.2017 ലെ തീരുമാന നം.16 | 13.12.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 9 | സിന്ധു, ലക്ഷ്മി ചന്തുകുട്ടി ഹൗസ്, കസബ ബീച്ച്<br>( വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 12.07.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 10 | കല്ല്യാണി ,<br>W/o ബാലൻ(L)<br>സത്യനാരായണ മഠം<br>അടുക്കത്ത് ബയൽ ബീച്ച്<br>( വാർഡ് നം.37) | 15.02.2017 ലെ തീരുമാന നം.16 | 18.03.2017 | നാളിതു വരെ 3 ഗഡുക്കളായി ആകെ 2,70,000/- രൂപ നൽകിയിട്ടുണ്ട്. |
| 11 | യശോദ<br>W/o ബാലൻ (L)<br>അടുക്കത്ത് ബയൽ<br>നോർത്ത് ബീച്ച്<br>( വാർഡ് നം.01) | 17.01.2018 ലെ തീരുമാന നം.24 | 28.12.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 12 | വനജ, W/o രാമൻ (L)<br>കസബ ബീച്ച്, കാസറഗോഡ്<br>( വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 17.03.2017 | നാളിതു വരെ 3 ഗഡുക്കളായി ആകെ 2,70,000/- രൂപ നൽകിയിട്ടുണ്ട്. |
| 13 | ലക്ഷ്മി, W/o മനോഹരൻ,<br>അമൃതാലയം ഹൗസ്,<br>കസബ ബീച്ച്<br>(വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 25.10.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 14 | ലക്ഷ്മി, W/o പവിത്രൻ, അടുക്കത്ത്ബയൽ ബീച്ച്<br>(വാർഡ് നം.37) | 17.01.2018 ലെ തീരുമാന | 26.10.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ |

| | | | | |
|---|---|---|---|---|
| | | നം.24 | | നൽകിയിട്ടുണ്ട്. |
| 15 | സോണി,W/o പ്രകാശൻ, അടുക്കത്ത് ബയൽ ബീച്ച്, കാസറഗോഡ് (വാർഡ് നം.37) | 15.02.2017 ലെ തീരുമാന നം.16 | 16.09.2017 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 16 | ജയശ്രീ.ജി, W/o വസന്തൻ, കസബ ബീച്ച് (വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 03.08.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 17 | വിനുത, D/o ഗോപാലൻ, കസബ ബീച്ച് (വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 19.07.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 18 | രമ, W/o വാമനൻ, അടുക്കത്ത് ബയൽ ബീച്ച് (വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 03.08.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 19 | സരള, W/o നാരായണൻ, കസബ ബീച്ച് (വാർഡ് നം.36) | 27.12.2019 ലെ തീരുമാന നം.16 | 13.08.2021 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 20 | അനിത, W/o കുമാരൻ, അടുക്കത്ത് ബയൽ ബീച്ച് (വാർഡ് നം.37) | 17.01.2018 ലെ തീരുമാന നം.24 | 25.07.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 21 | ശാരദ, W/o സത്യൻ, കസബ ബീച്ച് (വാർഡ് നം.36) | 11.10.2017 ലെ തീരുമാന നം.10 | 14.09.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 22 | ആശ സി, W/o ഹരിദാസൻ, കസബ ബീച്ച് (വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 04.09.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 23 | ബേബി, D/o കരിയൻ, ബീച്ച് റോഡ്, നെല്ലിക്കുന്ന് (വാർഡ് നം.35) | 27.12.2019 ലെ തീരുമാന നം.16 | 31.12.2020 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |

PMAY പദ്ധതി പ്രകാരമുള്ള ഭവനങ്ങൾക്ക് കെട്ടിട നിർമ്മാണ അനുമതി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കണമെന്ന് 04.10.2016ലെ സ.ഉ. (സാധാ) നം. 2803/2016/തസ്വഭവ. ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. 2017 വർഷത്തിലാണ് നഗരസഭയിൽ PMAY ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചത്. കരാർ ചമച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ച് 5 വർഷത്തോളമായിട്ടും ഗഡുക്കൾ മുഴുവനായും നൽകാത്തതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ മേൽപട്ടികയിലെ ഏതാനും ഭവനങ്ങൾ ഓഡിറ്റ് വിഭാഗം സന്ദർശിച്ചപ്പോൾ പ്രസ്തുത ഭവനങ്ങൾ CRZ മേഖലയിൽ ഉൾപ്പെടുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. തീരദേശ സംരക്ഷണം, തീരദേശ വാസികളുടെ സുരക്ഷിതത്വം, ദുരന്ത നിവാരണം, സുസ്ഥിര വികസനം എന്നിവ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിലേക്കാണ് പരിസ്ഥിതി സംരക്ഷണ നിയമവും അതിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന നിയമങ്ങളും പുറപ്പെടുവിച്ചിട്ടുള്ളത്. 2011 ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപന പ്രകാരം സമുദ്ര തീരത്തു നിന്നും 500 മീറ്റർ ദൂരത്തുള്ള കര ഭാഗമാണ് തീരദേശ നിയന്ത്രണ മേഖല ( CRZ).

നഗരസഭയിൽ നിന്നും പെർമ്മിറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം ആരംഭിച്ചത്. മേൽ പട്ടികയിൽ പരാമർശിച്ച ഭവനങ്ങൾക്ക് പെർമ്മിറ്റ് നൽകാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തിയപ്പോൾ ഇക്കാര്യം ശ്രദ്ധിക്കാത്തതിനാലാണ് ഭവന നിർമ്മാണം മുഴുവനായും പൂർത്തീകരിച്ചിട്ടും കെട്ടിട നമ്പറും അവസാന ഗഡുവും ലഭിക്കാത്ത രീതിയിൽ അനധികൃത കെട്ടിടം എന്ന വിഭാഗത്തിലേക്ക് ഉൾപ്പെടും വിധത്തിൽ ഗുണഭോക്താക്കൾക്ക് ഇത്തരത്തിൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വന്ന സ്ഥിതി ഉണ്ടായത് എന്നാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ഇക്കാരണത്താൽ PMAY പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിൽ തടസ്സം നേരിടുന്ന സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.31/2020-21 തീയ്യതി. 24.06.2022)

## 1-20 പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - ലാപ്പ്ടോപ്പ്, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. 1,89,772/-രൂപ തടസ്സപ്പെടുത്തുന്നു.

2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

A)

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 389/2020-21 , പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം. |
| ഫണ്ട്/ വകയിരുത്തിയ തുക | SCP - 2,21,776/- |
| അനുവദിച്ചിട്ടുള്ള തുക<br>ബിൽ നം/തീയതി | 1,10,888/-<br>03/2020-21, 11/08/2020 |

1) Proforma Invoice No - TVM/ITBG/P1/RC/16868/2019-20 തീയതി 10/03/2020 പ്രകാരം കേരള സ്റ്റേറ്റ് IT Missionന് ₹1,10,888/- രൂപ നൽകിയെങ്കിലും ലാപ്പ്ടോപ്പ് സപ്ലൈ ചെയ്തതിന്റെ Tax Invoice/ബില്ല് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ലാപ്പ്ടോപ്പ് ലഭിച്ച അനാമിക.ആർ, കീർത്തി കിരൺ, അനുഷ്, അശ്വതി.ആർ എന്നീ വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നു ടി ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

B)

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് - | 393/2020-21 , പട്ടിക ജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൻ |
| ഫണ്ട്/ വകയിരുത്തിയ തുക | മെയിന്റനൻസ് ഫണ്ട് റോഡിതരം - 80,000/- |
| അനുവദിച്ചിട്ടുള്ള തുക<br>ബിൽ നം/തീയതി | 78,884/<br>02/2020-21, 16/07/2020. |

1) Proforma Invoice No - TVM/ITBG/P1/RC/16870/2019-20 തീയതി 10/03/2020 പ്രകാരം ₹39,442/- രൂപയും Proforma Invoice No - TVM/ITBG/P1/RC/16871/2019-20 തീയതി 10/03/2020 എന്നിവ പ്രകാരം ₹39,442/- രൂപയും മൊത്തം 78,884/-രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന് മേൽ പദ്ധതിയുമായി നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന്റെ Tax Invoice/ബില്ല് സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതികളിലായി ആകെ ചെലവഴിച്ച 189772/-( 110888+78884) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 നടീൽ വസ്തുക്കൾ വിതരണം - സ്റ്റോക്ക് വിതരണ-രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 64825/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളിൽ താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് നടീൽ വസ്തുക്കൾ വിതരണം ചെയ്ത സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രജക്ട് നം/പേര് | ഫണ്ട്/വകയിരുത്തിയ തുക | അനുവദിച്ചിട്ടുള്ള തുക | |
|---|---|---|---|
| | | ബിൽ നം/തീയതി | തുക |
| S0398/21 സുഭിക്ഷ കേരളം നടീൽ വസ്തുക്കൾ വിതരണം. | വികസന ഫണ്ട് ജനറൽ 23,00,000/- | 18/2020-21, 26/03/2021. | 2,00,000/- |

1) താഴെ പറയുന്ന നടീൽ വസ്തുക്കൾ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

A) Tax Invoice No. 04/2020-21 Dated 04/06/2020 പ്രകാരം Cashew Development Officer, Kasaragod ൽ നിന്നും 7,500/- രൂപയ്ക്ക് വാങ്ങിയ Mango Graft 100 എണ്ണം .

B) Tax Invoice No 343/IC/000100/2020-2021 Dated 03/12/2020 പ്രകാരം Regional Agricultural Research Station, Pilicode എന്ന സ്ഥാപനത്തിൽ 7,875/- രൂപയ്ക്ക് വാങ്ങിയ Mango Graft Special 105 എണ്ണം .

C) Tax Invoice No. 204/IC/000100/2020-21 തീയതി 07/10/2020 പ്രകാരം College Of Agriculture, Padnakkad ൽ നിന്നും 49,450/- രൂപയ്ക്ക് വാങ്ങിയ Guava Layer, Mango Graft, Papaya Hybrid, Lemon Layer എന്നിവ.

2) ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പമുള്ള Purchase Bill/Voucher കളിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിതരണം/സ്റ്റോക്ക് രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ നടീൽ വസ്തുക്കൾ വാങ്ങുന്നതിനായി ചെലവഴിച്ച 64825/- (7500+ 7875+49450) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 വീട്ട് വളപ്പിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി -2,400/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രൊജക്ട് വിവരങ്ങൾ : 400/21, സുഭിക്ഷ കേരളം, വീട്ട് വളപ്പിൽ മുട്ടക്കോഴി വളർത്തൽ.

വികസന ഫണ്ട് : 5,22,500/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ്: 31,900/-

ആകെ. : 5,54,400/-

ചെലവ്

ബിൽ നം. : 1/16.10.20 522500

4/17.02.21 29500

5,52,000/-

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സ്വന്തമായി കൂടുള്ള എല്ലാവിഭാഗം ഗുണഭോക്താക്കൾക്കും മുൻഗണന അനുസരിച്ച് 5 കോഴികളുടെ ഒരു യൂനിറ്റ് കോഴികുഞ്ഞുങ്ങളുടെ വിലയുടെ 100% സബ്സിഡി നിരക്കിൽ (ഒരു കോഴികുഞ്ഞിന് 120/- രൂപ നിരക്കിൽ, 5 കോഴിക്കുഞ്ഞുങ്ങളുള്ള ഒരു യൂനിറ്റിന് പരമാവധി 600/- രൂപ) വിതരണം

ചെയ്യാനാണ് പദ്ധതി.

മേൽ പദ്ധതിക്കായി 5,52,000/- രൂപ ബില്ല് മുഖാന്തിരം മാറിയിട്ടുണ്ട്. ഇത് ചെലവഴിച്ചതിലും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കോഴികുഞ്ഞുങ്ങളെ വാങ്ങിയ RIYA എഗ്ഗർ നഴ്സറിയുടെ 5.9.2020ലെ കൈപ്പറ്റ് രശീതിലും അതേ തീയ്യതിയിലെ 159-ാം നമ്പർ ബില്ലിലും 5,54,400/- രൂപ കൈപ്പറ്റിയതായും 4,620/- എണ്ണം കോഴിക്കുഞ്ഞുങ്ങളെ നൽകിയതായും പറയുന്നു. ട്രഷറി ബിൽ മുഖാന്തിരം ചെലവഴിച്ചതായി കാണുന്നത് 5,52,000/- രൂപയാണ് .

2) ബില്ല് മുഖാന്തിരം ലഭ്യമായതായി പറയുന്ന 4,620 കോഴിക്കുഞ്ഞുങ്ങളിൽ 4580 എണ്ണം (916x5=4580) മാത്രമാണ് Stock Register പ്രകാരം വിതരണം നടത്തിയതായി കാണുന്നത്. 40 കോഴിക്കുഞ്ഞുങ്ങളുടെ വ്യത്യാസം ഉണ്ട്.

3) ഗുണഭോക്താവ് സ്വയം കൂട് ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നതിനു പുറമെ വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണെന്നും കൂടിന്റെ നിലവാരം Live Stock Inspector പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണെന്നും പദ്ധതിയിൽ പറയുന്നുണ്ട്. വാർഡ് മെമ്പറുടെ സാക്ഷ്യപത്രമോ Live Stock Inspector ഗുണനിലവാരം പരിശോധിച്ചതിന്റെ വിവരങ്ങളോ ഫയലിൽ ഇല്ല.

4) പദ്ധതിയുടെ മോണിറ്ററിംഗ് Report ഹാജരാക്കിയിട്ടില്ല.

മേൽപറഞ്ഞ കാര്യങ്ങൾ വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/2020-21/ Date. 31.05.2022) മറുപടിയിൽ കോവിഡ് മാനദണ്ഡങ്ങൾ നിലനിന്നിരുന്നതിനാലും കോഴി വിതരണം വാർഡ് തലത്തിലായതിനാലും വിതരണം ചെയ്ത സമയത്ത് എല്ലാ ഗുണഭോക്താക്കളും കോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റിയിരുന്നില്ല എന്നും കൗൺസിലർമാർ പോൾട്രി ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ ഗുണഭോക്താക്കളുടെ ഒപ്പ് വാങ്ങിയ ശേഷം പിന്നീടായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥനെ ഏൽപ്പിച്ചത് എന്നതിനാലും പറ്റിയ അപാകതകളാണ് ഇവ എന്ന് അറിയിച്ചു. 924 പേരുടെ ലിസ്റ്റിൽ നാലു പേരുടെ പേരുകൾ ഇരട്ടിപ്പ് വന്നിരുന്നു. അവ ഒഴിവാക്കിയാണ് അന്തിമ ബിൽ മാറിയത്. ആയതിനാൽ 920 പേർക്ക് മാത്രമേ വിതരണം നടത്തിയിട്ടുള്ളെന്നും ഇതിൽ നാലുപേരുടെ ഒപ്പുകൾ ചേർക്കാൻ വിട്ടുപോയതാണെന്നും അതുകൊണ്ടാണ് ആകെ 916 ഒപ്പുകൾ മാത്രം രജിസ്റ്ററിൽ ഉള്ളതെന്നും അറിയിച്ചു.

മോണിറ്ററിംഗ് റിപ്പോർട്ടിന്റെയും കോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റിയ നാലു ഗുണഭോക്താക്കളുടെ ഒപ്പ് ലഭ്യമാവാത്തതിന്റെയും അടിസ്ഥാനത്തിൽ നാലുപേർക്ക് ഈ ആവശ്യത്തിലേക്കായി ചെലഴവഴിച്ച 2,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ

പ്രൊജക്ട് വിവരങ്ങൾ : 14/21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

MG(NR) : 2,29,699/-

ചെലവ്

ബിൽ നം/ തീയ്യതി/തുക: 1/09.11.2020 229699

പ്രസ്തുത തുക 09.11.2020ന് തന്നെ മുൻകൂറായി HOMCO യ്ക്ക് നൽകിയെങ്കിലും മരുന്ന് ലഭിക്കാൻ താഴെ പറയും പ്രകാരം കാലതാമസം നേരിട്ടു.

| Invoice No. | തീയ്യതി | സപ്ലൈ ചെയ്ത മരുന്നിന്റെ വില. |
|---|---|---|
| LF-2485/20-21 | 31.03.21 | 58940 |
| LF-879/21-22 | 10.07.21 | 16485 |
| LF-1710/21-22 | 22.11.21 | 154274 |
| ആകെ. | | 2,29,699/- |

തുക നൽകിയ ശേഷം ഏകദേശം ഒരു വർഷം കഴിഞ്ഞ് അടുത്ത സാമ്പത്തിക വർഷത്തിന്റെ പകുതിക്കു ശേഷമാണ് ലഭ്യമാക്കേണ്ട മരുന്നിന്റെ മൂന്നിൽ രണ്ട് ഭാഗവും ലഭിക്കുന്നത് . ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/2020-21/ Date. 31/05/2022) ലഭിച്ച മറുപടിയിൽ ഹോംകോയുമായി ഫോൺ മുഖേനയും വാട്സപ്പ് വഴിയും നിരന്തരം ബന്ധപ്പെട്ടെങ്കിലും ഹോംകോ കേരളത്തിൽ ഉടനീളം ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് കൊടുക്കുന്ന ഏക സ്ഥാപനമായതിനാലാണ് കാലതാമസം നേരിട്ടത്

എന്ന് അറിയിച്ചു. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാവണമെങ്കിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു.

## 1-24 പട്ടിക ജാതി വൃദ്ധർക്ക് കട്ടിൽ വിതരണം- വാങ്ങിയ കട്ടിലുകൾ പൂർണ്ണമായും വിതരണം നടത്തിയില്ല- 43,495 /- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/പേര് - | 392/2020-21 , പട്ടിക ജാതി വൃദ്ധർക്ക് കട്ടിൽ വിതരണം. |
| ഫണ്ട്/ വകയിരുത്തിയ തുക | SCP -3,36,000/- |
| അനുവദിച്ചിട്ടുള്ള തുക | 3,34,908/- |
| ബിൽ നം/തീയതി | 07/2020-21, 19/01/2021. |

വയോജന ക്ഷേമപദ്ധതികളുടെ ഭാഗമായി നഗരസഭയിലെ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധന്മാർക്ക് കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി 2020-21 വർഷം പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയതാണ് മേൽ പദ്ധതി. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) Tax Invoice No – NRO/SALES/275 Dated. 15.10.2020 പ്രകാരം 3,34,908/- രൂപയ്ക്കുള്ള 77 (Hard Wood Cot) കട്ടിൽ റീജിയണൽ ഓഫീസ് കാഡ്കോ കോഴിക്കോടിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണം നടത്തിയത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 67 ഗുണഭോക്താക്കൾക്ക് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് (സ്റ്റോക്ക് പേജ് നമ്പർ 1മുതൽ 17). ബാക്കി 10 കട്ടിലിന്റെ വിതരണം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ പട്ടിക ഓഡിറ്റിന് ഹാജരാക്കിയില്ല..

മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ 10 കട്ടിലുകൾ വാങ്ങുന്നതിനുവേണ്ടി (വിതരണ രേഖകൾ ഹാജരാക്കാത്ത) ചെലവഴിച്ച 43,495 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം - കരാർ വ്യവസ്ഥകളുടെ ലംഘനം.

പ്രോജക്റ്റ് - 24/2021നഗരസഭാ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,ആയുർവേദം

വകയിരുത്തൽ - 15,00,000/- മെയിന്റനൻസ് ഫണ്ട്(റോഡിതരം).

ബിൽ നമ്പർ - 17/2020-21 തീയ്യതി.13.07.2020

കാസറഗോഡ് നഗരസഭ ആയുർവേദ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി വിഭാവനം ചെയ്ത മേൽ പദ്ധതി പ്രകാരം 15,00,000/- രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധി, തൃശ്ശൂർ നൽകിയ പ്രോഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി നൽകിയിരുന്നു. പ്രസ്തുത പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

സ്ത്രീ രോഗങ്ങളുടെ ചികിത്സാർത്ഥം പ്രത്യേക മരുന്നുകൾ വാങ്ങുന്നതിന് കൂടി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും സ്ത്രീകൾക്ക് മാത്രമായുള്ള മരുന്നുകൾ വാങ്ങിയിട്ടില്ല.

തുക ലഭ്യമാക്കി 60 ദിവസത്തിനുള്ളിൽ ഓർഡർ ചെയ്ത മുഴുവൻ മരുന്നുകളും ലഭ്യമാക്കാമെന്നും അല്ലാത്ത പക്ഷം സംഭവിക്കുന്ന നഷ്ടത്തിന് ഔഷധി ഉത്തരവാദിയായിരിക്കുമെന്നും 13.07.2020 തീയ്യതിയിൽ മെഡിക്കൽ ഓഫീസറുമായി ചമച്ച കരാറിൽ ഔഷധി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 14 തവണയായിട്ടാണ് ഔഷധി മരുന്ന് ലഭ്യമാക്കിയിട്ടുള്ളത്. അവസാനമായി 13.08.2021 തീയ്യതിയിൽ മരുന്ന് ലഭ്യമാക്കിയതോട് കൂടിയാണ് മുഴുവൻ മരുന്നുകളും ആശുപത്രിയിൽ ലഭിച്ചത് (ഇൻവോയിസ് നം.90218266/28.07.2021, സ്റ്റോക്ക് റജിസ്റ്റർ ബുക്ക് നം.6 പേജ്.നം.150). മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചോ കരാർ ലംഘനം സംബന്ധിച്ചോ ഔഷധിയേയോ ഭരണസമിതിയേയോ മെഡിക്കൽ ഓഫീസർ രേഖാമൂലം വിവരം അറിയിച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് ഈ കാര്യാലയത്തിൽ നിന്നും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/ 27.04.2022) ലഭ്യമാക്കിയ മറുപടിയിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം മൂലമാണ് മരുന്ന് വിതരണം വൈകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം ആശുപത്രിയെ ആശ്രയിക്കുന്ന രോഗികളുടെ ചികിത്സയെ ബാധിക്കാൻ

സാധ്യതയുണ്ട്. ആയതിനാൽ ഭാവിയിൽ ഇത്തരം അവശ്യസ്വഭാവമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ വർഷവും ഇത്തരത്തിൽ മരുന്ന് വാങ്ങൽ സംബന്ധിച്ച പദ്ധതികൾക്കായി തുക വകയിരുത്തുകയും എന്നാൽ സാമഗ്രികൾ ലഭ്യമാക്കാൻ കാലതാമസം നേരിടുകയും ചെയ്യുന്നതിനാൽ പ്രസ്തുത വിഷയം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 മുൻകൂർ തുക നൽകിയിട്ടും മരുന്ന് ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

I. പാലിയേറ്റീവ് കെയർ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

പ്രൊജക്ട് നമ്പർ : 11/2021, പാലിയേറ്റീവ് കെയർ

വകയിരുത്തൽ : 11,28,000/- വികസന ഫണ്ട് (സാധാ)

ആകെ ചെലവ് : 10,86,276/-1)

സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിചരണവും മരുന്നുകളും മറ്റു സാമഗ്രികളും ലഭ്യമാക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള മേൽ പദ്ധതി പ്രകാരം രോഗികളെ ശുശ്രൂഷിക്കുന്നതിനായി സ.ഉ (സാധാ) നം. 553/2019 /തസ്വഭവ തീയതി 07.03.2019 ൽ ഉത്തരവ് പ്രകാരം വാഹനം ദിവസ/ മാസ വാടകയ്ക്ക് എടുക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ പ്രതിദിന/പ്രതിമാസ നിരക്ക് ക്വോട്ട് ചെയ്ത ബുഷ്റ സി.ഐ.എഫ് മായി കരാർ ചമച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച സെക്രട്ടറിയുടെ ഉത്തരവോ ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ച വിവരങ്ങളോ ഫയലിൽ ലഭ്യമല്ല.2) പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ മേൽ പദ്ധതി പ്രകാരം രോഗികൾക്ക് മരുന്ന് വാങ്ങാനായി 3,00,000/-രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ 3 ലക്ഷം രൂപയിൽ അധികരിച്ച് മരുന്ന് വാങ്ങാൻ Kerala Medical Service Corporation Limited (KMSCL),തിരുവനന്തപുരം ന് തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നം/തീയ്യതി | വൗച്ചർ നം/തീയതി | തുക |
|---|---|---|
| 20200247001401157545/26.02.2021 | 272/27.02.2021 | 3,00,000 |
| 20200247001401349582/25.03.2021 | 361/2020-21തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 30,000 |
| | ആകെ | 3,30,000 |

മാത്രമല്ല മേൽ തുകയ്ക്ക് KMSCL മരുന്നുകൾ ലഭ്യമാക്കിയതിന്റെ ബില്ലോ പ്രസ്തുത മരുന്നുകൾ സ്റ്റോക്ക് റജിസ്റ്ററിൽ ചേർത്തതിന്റെ വിവരമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുകയായ 3,30,000/-രൂപ തടസ്സപ്പെടുത്തുന്നു.

II ) മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

പ്രൊജക്ട് നമ്പർ : 13/2021, ഗവ. ജനറൽ ഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങൽ

വകയിരുത്തൽ : 6,00,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ആകെ ചെലവ് : 6,00,000/-

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങാനായി 6,00,000/-രൂപ Kerala Medical Service Corporation Limited (KMSCL),തിരുവനന്തപുരം ന് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നം/തീയ്യതി | വൗച്ചർ നം/തീയതി | തുക |
|---|---|---|
| 20200247001401054271/08.02.2021 | 01/12.02.2021. | 6,00,000/- |

മേൽ തുകയ്ക്ക് KMSCL മരുന്നുകൾ ലഭ്യമാക്കിയതിന്റെ ബില്ലോ പ്രസ്തുത മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുകയായ 6,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

III) മരുന്ന് വാങ്ങൽ നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽപ്രൊജക്ട് നമ്പർ : 200/2021, ഗവ. ജനറൽഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങൽ (SO).വകയിരുത്തൽ : 4,52,567/- പൊതുവിഭാഗം (സാധാ)ആകെ ചെലവ് : 4,39,197/-

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങാനായി 1,50,000/-രൂപ Kerala Medical Service Corporation Limited (KMSCL),തിരുവനന്തപുരം ന് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നം/തീയ്യതി | വൗച്ചർ നം/തീയതി | തുക |
|---|---|---|
| 20200247001400014079/11.04.2020 | 20/17.04.2020 | 1,50,000/- |

മേൽ തുകയ്ക്ക് KMSCL മരുന്നുകൾ ലഭ്യമാക്കിയതിന്റെ ബില്ലോ പ്രസ്തുത മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/2020-21 തീയ്യതി.15.06.2022 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-27 വരൾച്ച കുടിവെള്ളം വിതരണം -അപാകതകൾ

പ്രൊജക്ട് നം : 85/2021 വരൾച്ച കുടിവെള്ളം വിതരണം

വകയിരുത്തല് : വികസന ഫണ്ട് (സാധാ) 16,50,000/-

ബിൽ നം. : 2/2020-21 തീയതി 11/08/2020. 16,50,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് ഓഫീസർ/ഹെൽത്ത് സൂപ്പർവൈസർ.

വരൾച്ച സമയത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള മേൽ ബഹു വർഷ പ്രൊജക്ട് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതായ ടി.ആർ 7എ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

3) 2019-20 സാമ്പത്തിക വർഷം കുടിവെള്ള വിതരണത്തിനായി 16,50,000/- രൂപ വകയിരുത്തി ടെണ്ടർ ക്ഷണിക്കുകയും ആയത് പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. മൊയ്തീൻ മെഹഫൂസ്.ഇ.എം. എന്ന വ്യക്തിയുമായി 28.03.2019 തീയ്യതിയിൽ കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിൽ പരാമർശിച്ചിട്ടുള്ള താഴെക്കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചതായി ബോധ്യപ്പെടുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

A) കേരള വാട്ടർ അതോറിറ്റിയുടെതല്ലാത്ത സ്രോതസ്സിൽ നിന്നുള്ള കുടിവെള്ളം അംഗീകൃത ലാബുകളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്.

B) GPS പ്രകാരമുള്ള പ്രിന്റ് ഔട്ടിലെ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയായിരിക്കും തുക അനുവദിക്കുക.

4) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ബി.ആർ.ഡി.സി പ്ലാന്റിൽ ജലലഭ്യത കുറയുമെന്ന നിഗമനത്തിൽ കാസർഗോഡ് വിദ്യാനഗർ സ്കൗട്ട് ഭവനു മുന്നിലുള്ള പാണ്ഡുരംഗ കെ എന്നവരുടെയും തുരുത്തിയിലുള്ള ബഷീർ എന്നവരുടെയും ബോർവെല്ലിൽ നിന്നും കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട് എന്ന് സെക്രട്ടറിയുടെ 13.03.2020ലെ എ.ജി ഓഡിറ്റ്/2020 നമ്പർ കത്ത് പ്രകാരം പരാമർശിച്ചിട്ടുണ്ട്. മേൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ബോർവെല്ലിൽ നിന്നുള്ള ജലത്തിന്റെ ലാബ് പരിശോധന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

5) കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്തതിനുശേഷം 40 കിലോമീറ്റർ ചുറ്റളവിൽ ഒരു ദിവസം പരമാവധി 24000 ലിറ്റർ കുടിവെള്ളം 9,900/- രൂപയ്ക്ക് നൽകുവാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ 10.04.2019ന് ബഹു. ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന അവലോകന യോഗത്തിൽ ജില്ലയിലെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിരക്കിനെ അപേക്ഷിച്ച് പ്രസ്തുത തുക വളരെ കൂടുതലാണെന്നും ആയത് പ്രകാരം നഗരസഭ കുടിവെള്ള വിതരണം നിർത്തണമെന്നും അറിയിച്ചു. ജില്ലയിലെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരക്കിനെക്കുറിച്ച് അന്വേഷണമോ പഠനമോ നടത്താത്തതിനാലാണ് മുനിസിപ്പൽ അധികൃതർ റീ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകാതിരുന്നത് എന്നാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. മുൻധാരണകളില്ലാതെ ക്വട്ടേഷൻ പ്രകാരമുള്ള കരാർതുക നൽകാൻ ഇടയായിരുന്നെങ്കിൽ അത് വഴി നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിക്കുമായിരുന്നു എന്ന വസ്തുത ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരിഗണിക്കേണ്ടതാണ്.

മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ലിറ്ററിന് 65 പൈസ നിരക്കിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നവെന്നും ആയതിനാൽ അതേ നിരക്കിൽ തന്നെ കുടിവെള്ളം വിതരണം ചെയ്യാൻ 11.04.2019ലെ കത്ത് പ്രകാരം കരാറുകാരൻ സമ്മതിക്കുകയും ചെയ്തു. വീണ്ടും ടെണ്ടർ ചെയ്ത് പുതിയൊരു കരാറുകാരനെ കണ്ടെത്തുന്നത് കാലതാമസം വരുത്താൻ സാധ്യത ഉണ്ടാക്കുന്നതിനാൽ പ്രസ്തുത കരാറുകാരനെ തന്നെ തുടരാൻ അനുമതി നൽകുകയാണുണ്ടായത്. ഇപ്രകാരം നഗരസഭയിലെ കുടിവെള്ള ക്ഷാമം നേരിടുന്ന മുഴുവൻ പ്രദേശങ്ങളിലും 49,80,000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുകയുണ്ടായി. എന്നാൽ സ.ഉ. (സാധാ) നം. 494/2020/തസ്വഭവ തീയതി 27.02.2020ഉത്തരവ് പ്രകാരം നഗരസഭകൾക്ക് ഈ ഇനത്തിൽ പരമാവധി ചെലവഴിക്കാവുന്ന തുക 16,50,000/-രൂപയാണ്. ആയതിനാൽ ബാക്കി തുക ബഹു. ജില്ലാ കളക്ടറുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനായി 28.10.2019 തീയ്യതിയിൽ കത്ത് നൽകിയിട്ടുണ്ട്.പ്രസ്തുത തുക അനുവദിക്കുന്നതിനായി ബഹു.ജില്ലാ കളക്ടർ നൽകിയ മറുപടിയിൽ കുടിവെള്ളം വിതരണം നടത്തിയത് സംബന്ധിച്ച ക്ലെയിം ബില്ലുകൾ, വില്ലേജ് ഓഫീസർ,സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയ GPS സ്റ്റേറ്റ്മെന്റ്,ട്രിപ്പ് ഷീറ്റ്,വൗച്ചർ,രസീപ്റ്റ് തുടങ്ങിയവ സമർപ്പിക്കാൻ മുനിസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത വിവരങ്ങൾ സമർപ്പിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

6) സ.ഉ (സാധാ) നം. 500/2019/തസ്വഭവ. തീയതി 02/03/2019 ഉത്തരവ് പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ GPS ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള ഗുണനിലവാരം ഉറപ്പുവരുത്തി ജനങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് ആവശ്യത്തിനനുസൃതമായി കുടിവെള്ള വിതരണം നടത്തേണ്ടതും ചെലവഴിക്കുന്ന തുകയുടെ പൂർണ്ണ മൂല്യം ഉറപ്പു വരുത്തേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അഞ്ച് വാഹനങ്ങളിലായി കുടിവെള്ള വിതരണം നടത്തിയതിന് 02.04.2019 തീയതി മുതൽ 19.06.2019 തീയതി വരെ കരാറുകാരൻ സമർപ്പിച്ച ട്രിപ്പ് ഷീറ്റ് ഹെൽത്ത് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 02.04.2019 മുതൽ 09.04.2019വരെയുള്ള GPS സ്റ്റേറ്റ്മെന്റ് മാത്രമേ ഫയലിൽ ലഭ്യമുള്ളൂ. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ ഹെൽത്ത് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. കുടിവെള്ളം വിതരണം ചെയ്യുന്നതിന് GPS ട്രാക്കിംഗിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ GPS ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയ ശേഷമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതെന്നും മേൽ ഉത്തരവിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള നടപടി ക്രമങ്ങൾ ഒന്നും പാലിച്ചതായുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

7) കുടിവെള്ളം വിതരണം ചെയ്യാൻ ആരംഭിച്ച തീയ്യതിയായ 02.04.2019 ന് രണ്ട് മാസം മുമ്പ് കേരള വാട്ടർ അതോറിറ്റിയുടെ 786599/29.01.2019 നമ്പർ രശീതി പ്രകാരം 02.02.2019 തീയ്യതിയിൽ BRDC പ്ലാന്റ് മുഖാന്തിരം വിതരണം ചെയ്ത ബോർവെൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും മേന്മ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 02.04.2019 തീയ്യതി മുതൽ 19.06.2019 തീയ്യതി വരെ ആകെ 32,20,000/- ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതായി കേരള വാട്ടർ അതോറിറ്റി(കാഞ്ഞങ്ങാട്) അസിസ്റ്റന്റ് എഞ്ചിനീയർ (പി.എച്ച് സെക്ഷൻ) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിലയായ 1,93,200/- രൂപ വാട്ടർ അതോറിറ്റിക്ക് അടവാക്കാനായി പ്രസ്തുത ഉദ്യോഗസ്ഥൻ 07.03.2020ലെ D1-DRW/TS/2016 നമ്പർ കത്ത് പ്രകാരം മുനിസിപ്പൽ അധികൃതരോട് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക കൈമാറിയതിന്റെ വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല.

8) സുതാര്യവും കാര്യക്ഷമവുമായി പരാതികൾക്കിടയില്ലാതെ കുടിവെള്ള വിതരണം നടക്കുന്നുണ്ടെന്ന് തദ്ദേശ വകുപ്പിന്റെ

ജില്ലാതല മേധാവികൾ ഉറപ്പ് വരുത്തി ഓരോ രണ്ടാഴ്ചയിലും ഇക്കാര്യം സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

9) ഓരോ ദിവസത്തേയും കുടിവെള്ള വിതരണം സംബന്ധിച്ച വിശദമായ റിപ്പോർട്ട് എല്ലാ ദിവസവും തയ്യാറാക്കി ഹെൽത്ത് സൂപ്പർവൈസർക്ക് സമർപ്പിക്കാൻ ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തി 28.03.2019 തീയ്യതിയിൽ PW3-1426/2019 നമ്പർ പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഉത്തരവ് ഇറക്കിയിരുന്നെങ്കിലും ആയതിലെ നിർദ്ദേശങ്ങൾ പാലിച്ചതായുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

10) അഞ്ച് വാഹനങ്ങളിലായി നഗരസഭാ പരിധിയിൽ 49,80,000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ടെന്നും ലിറ്ററിന് 65 പൈസ വീതം ആകെ 32,37,000/- രൂപ അനുവദിക്കണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നഗരസഭ വകയിരുത്തിയ 16,50,000/- രൂപയിൽ നിന്നും 1% ആദായ നികുതിയായ 16,500/- കുറവ് വരുത്തിയ ശേഷം 16,33,500/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. നൽകാൻ അവശേഷിക്കുന്ന 15,87,000/- രൂപ (3237000-1650000) ബഹു. ജില്ലാ കളക്ടർ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തുക നൽകുന്ന വേളയിൽ ആദായ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന കാര്യവും വ്യക്തമാക്കേണ്ടതാണ്.
മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.29/22.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് നിർവ്വഹണോദ്യോഗസ്ഥന്റെ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 ലൈബ്രറി സെസ് ഇനത്തിൽ ലഭിക്കുന്ന തുക ഒടുക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ്.

2020-21 വർഷം ലൈബ്രറി സെസ് ഇനത്തിൽ ലഭ്യമായ തുകയിൽ മുഴുവൻ തുകയും കൃത്യമായി ഒടുക്കു വരുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയുടെ അടിസ്ഥാനത്തിൽ ഇത് താഴെ പറയും പ്രകാരമാണ്.

| വർഷാരംഭം ഒടുക്കുവാനുള്ള തുക. (B -9 പ്രകാരം) 2019/20 AFS | തൻവർഷം വരവ് (RP-29) (1434465) | തൻവർഷം ഒടുക്കിയത് (Rp-29) | ഒടുക്കുവാൻ ബാക്കി B9 2020-21 AFS |
|---|---|---|---|
| 4513948.81 | 1434465 | 2628892 | 3319521.81 |

1989 ലെ കേരള Publlic Libraries ( ഗ്രന്ഥശാലാ സംഘം) ആക്ട് വകുപ്പ് 48(1) പ്രകാരം വസ്തുനികുതിയോടൊപ്പം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന നിശ്ചിത തുക സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. The Kerala De-centralisation Of Powers Act 2000 (Act 16 Of 2000) പ്രകാരം ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കേണ്ടതും സെക്രട്ടറിയും ചെയർപേഴ്സണും അത്തരത്തിലുള്ള വൈകലിന് ഉത്തരവാദിയായിരിക്കുന്നതുമാണ്. സർക്കുലർ നമ്പർ 17263/13/തസ്വഭവ തീയതി 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ തുക ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന ലൈബ്രറി കൗൺസിലിന് ഒടുക്കാനുള്ള കുടിശ്ശിക ഒടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 താളിപ്പടപ്പ് മൈതാനത്തിന്റെ 2020-21 വർഷത്തെ പാട്ട തുക ഒടുക്കിയത് - 2,80,750/- രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ/തീയ്യതി : 38/14.05.2020

ഫയൽ നം. : PW1-9803/05

തുക : 2,80,750/-

മേൽ വൗച്ചർ പ്രകാരം കാസർഗോഡ് നഗരസഭയിലെ അടുക്കത്ത് ബയൽ വില്ലേജിൽ Rs No. 63/4-B2ൽ പെട്ട സ്ഥലത്തിന്റെ 2020-21 വർഷത്തെ പാട്ട തുക ഒടുക്കിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ അടുക്കത്ത് വയൽ വില്ലേജിലെ റീ-സർവ്വേ നമ്പർ - 63/4 ബി2 വിൽ പെട്ട 3.50 ഏക്കർ സ്ഥലം (താളിപ്പടപ്പ് മൈതാനം) മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനായി കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് ഒരു ശതമാനം പാട്ട നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിന് നൽകി 25.07.2005 ലെ സ.ഉ(കൈ)230/2005 റവന്യൂ. ഉത്തരവ് പ്രകാരം കൈമാറിയിട്ടുണ്ട് (ഓരോ വർഷവും പാട്ട തുകയായ 2,80,750/- രൂപ നഗരസഭ റവന്യൂ വകുപ്പിൽ ഒടുക്കണം എന്ന നിബന്ധനയോടെ).

എന്നാൽ പാട്ടത്തുകയായ 2,80,750/-രൂപ ഒടുക്കാൻ തുടങ്ങി വർഷങ്ങളായിട്ടും നാളിതുവരെയും മിനിസ്റ്റേഡിയം നിർമ്മിക്കാനാവശ്യമായ നടപടികൾ നഗരസഭ കൈക്കൊണ്ടിട്ടില്ല. ഇതു സംബന്ധിച്ച് റവന്യൂ മന്ത്രിക്കും

മുഖ്യമന്ത്രിക്കും ഉൾപ്പെടെ പാട്ട തുക ഒഴിവാക്കി നൽകേണ്ടതിലേക്കായി നഗരസഭ നിവേദനങ്ങൾ നൽകിയെങ്കിലും പരിഹാരമുണ്ടായിട്ടില്ല (ഇത് സംബന്ധിച്ച് 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-32ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്).

പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി നഗരസഭ എന്തെങ്കിലും അടിയന്തിര തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിൽ അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നമ്പർ. 27 Date: 20.06.2022 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. തനത് ഫണ്ട് കുറവുള്ള നഗരസഭയിൽ ഇതുപോലെ ഒരു കാര്യത്തിനായി തുക ഒടുക്കുന്നത് തുടർന്നുവരുന്നത് ഓഡിറ്റിൽ അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ 2020-21 വർഷം ഈയിനത്തിൽ ചെലവഴിച്ച 2,80,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കൽ- KWA യുടെ ജലപൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി പൂർത്തിയായില്ല- 25,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 169/21, നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് KWA യുടെ ജല പൈപ്പ് ലൈൻ നീട്ടൽ
ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 25,00,000/-

ചെലവ് : 25,00,000/-

ബിൽ നം/തീയ്യതി : 70/12.02.2021 , 25,00,000/-

നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റിയുടെ ജലപൈപ്പ് ലൈൻ നീട്ടുന്നതിനാണ് ഈ പ്രൊജക്റ്റ്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക KWA ക്ക് ഡെപ്പോസിറ്റ് ചെയ്ത് കരാർ വെച്ച് പ്രവൃത്തി നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കേരള വാട്ടർ അതോറിറ്റിയുടെ 29.01.2021ലെ D4/2263/KK Puram കത്ത് പ്രകാരം 25,00,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാവുകയും തുടർന്ന് KWA യുടെ SBI A/c No. 10510439545 ൽ UTR No. U000000846646174 പ്രകാരം തുക ഫെബ്രുവരി 23-ാം തീയ്യതി നിക്ഷേപിക്കുകയും ചെയ്തു. തുടർന്ന് നഗരസഭാ സെക്രട്ടറിയും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിയും തമ്മിൽ 31.03.2021 ന് കരാർ ഉടമ്പടി നം. ജ 212932/2020 ഏർപ്പെടുകയും ചെയ്തു. കരാർ ഉടമ്പടിയിലെ നിബന്ധന 6 പ്രകാരം പ്രവൃത്തി 2021 വർഷം മെയ് മാസം ടെണ്ടർ ചെയ്യുകയും 3 മാസത്തിനകം പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

പ്രസ്തുത സമയ പരിധി കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രമോ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രമോ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/2020-21/date. 14.06.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 25,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 സ്കൂളുകളുടെ വൈദ്യുതി ചാർജ് ഒടുക്കൽ - ജി.യു.പി.എസ് അടുക്കത്ത് വയൽ അശാസ്ത്രീയമായ വയറിംഗ് -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 19/21 സ്കൂളുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കൽ (MG(NR) – 5,00,000/-
ചെലവ് 1,20,716/-

29/13.08.2020 : 29569

41/13.10.2020 : 20831

53/01.12.2020 : 20191

60/06.01.2021 : 20436

84/12.03.2021 : 29689

നഗരസഭയിലെ സ്കൂളുകളുടെ ശരാശരി പ്രതിമാസ വൈദ്യുത ചാർജ്ജ് 2,000/- രൂപ വരുമ്പോൾ ജി.യു.പി.എസ്. അടുക്കത്ത് വയലിന് ഇത് 10,000/- രൂപയോളമാണ്. ഇത് സംബന്ധിച്ച് AE, PWD ഇലക്ട്രിക്കൽ സെക്ഷൻ, കാസർഗോഡിന്റെ 01.08.2019ലെ ELK-KSD-GL-20 നമ്പർ കത്തിൽ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ അശാസ്ത്രീയമായ രീതിയിലാണ് ജി.യു.പി.എസ്. അടുക്കത്ത് വയലിന്റെ വയറിംഗ് എന്ന് കണ്ടെത്തുകയുണ്ടായി. ഇത് സംബന്ധിച്ച വിവരങ്ങൾ സ്കൂൾ ഹെഡ്മാസ്റ്റർ അപ്പോൾ തന്നെ കത്ത് മുഖേന നഗരസഭയെ അറിയിക്കുകയുണ്ടായി. അതിനുശേഷം 13.04.2020ന് AE, PWD ഇലക്ട്രിക്കൽ സെക്ഷൻ കാസർഗോഡിന്റെ മേൽ പറഞ്ഞ കത്തിന്റെ പകർപ്പ് സഹിതം ഈ

കാര്യങ്ങൾ വീണ്ടും നഗരസഭയെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വത്തെ ഗൗരവകരമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/2020-21/date. 15.06.2022) മറുപടി ലഭ്യമാക്കിയില്ല.

ജി.യു.പി.എസ്. അട്ടക്കത്ത് വയൽ 2020-21 വർഷം കറണ്ട് ചാർജ്ജ് ഇനത്തിൽ ഒടുക്കിയ തുകയുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയതും ലഭ്യമാക്കുകയുണ്ടായില്ല. നിലവിൽ സ്കൂളിന്റെ Re Wiring പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മറുപടി ലഭ്യമാക്കാത്തതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്.

## 1-32 സർവ്വശിക്ഷാ അഭിയാൻ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 25,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി

പ്രൊജക്ട് നമ്പർ : 202/21, സർവ്വശിക്ഷാ അഭിയാൻ നഗരസഭാ വിഹിതം നൽകൽ

വികസന ഫണ്ട് : 25,00,000/-

ചെലവ് : 25,00,000/-

ബിൽ നം/തീയ്യതി : 01/20.04.2021, 25,00,000/-

വിദ്യാഭ്യാസ മേഖലയിൽ സർക്കാർ സർവ്വശിക്ഷാ അഭിയാൻ മുഖേന ഈ നഗരസഭാ പരിധിയിൽ നടപ്പാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾക്ക് നഗരസഭാ വിഹിതം നൽകുന്നതിനാണ് പദ്ധതി. ജില്ലാ പ്രൊജക്ട് ഓഫീസറുടെ 06.06.2019ലെ ബി1/600/18/SSA നമ്പർ കത്ത് പ്രകാരം 2019/20 വർഷം കേന്ദ്ര സംസ്ഥാന ഫണ്ടുകൾ 60/40 ശതമാനം റേഷ്യോയിൽ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. (സമഗ്ര ശിക്ഷാ, കേരള പദ്ധതി) ഇതിന്റെ സംസ്ഥാന വിഹിതമായ 40% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നാണ് വകയിരുത്തേണ്ടത്. കാസർഗോഡ് മുനിസിപ്പാലിറ്റി വകയിരുത്തേണ്ട തുക 46.79 ലക്ഷമാണെന്ന് മേൽ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

ആയതിനാൽ മേൽ പറഞ്ഞ പ്രകാരം തുക പ്രൊജക്ട് ഓഫീസർ, SSA ക്ക് നൽകി. എന്നാൽ പദ്ധതിയുടെ ആക്ഷൻ പ്ലാനോ ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ഇല്ല. ഇതുവരെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ കാസർഗോഡ് നഗരസഭാ പരിധിയിലുള്ള സ്കൂളുകളിൽ നടത്തി എന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് യാതൊരു വിധത്തിലുള്ള മോണിറ്ററിംഗും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2020-21/date. 14.06.2022) മറുപടി ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, ആക്ഷൻ പ്ലാൻ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 25,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - വൈദ്യുതി ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തിയായില്ല- 3,11,796/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 98/21 നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ നീട്ടൽ.

വികസന ഫണ്ട് : 5,00,000/-

ചെലവ് : 3,11,796/-

ബിൽ നമ്പർ : 42/20.10.2020 Rs. 3,11,796

നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി. യിൽ തുക നിക്ഷേപിച്ച് പ്രവൃത്തി നടത്തുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം.

2017-18 വാർഷിക പദ്ധതിയിൽ 226/18 നമ്പരായി ഉൾപ്പെടുത്തി ആരംഭിച്ച പ്രവൃത്തിയാണിത്. 20,00,000/- രൂപ വികസന ഫണ്ട് വകയിരുത്തുകയും 27.03.2018ന് ബില്ല് മാറി 31.03.2018ന് KSEB യുടെ 67086428348 നമ്പർ അക്കൗണ്ടിൽ തുക നിക്ഷേപിക്കുകയും ചെയ്തു.

പദ്ധതി പൂർത്തിയാവാത്തതിന്റെ കാരണം അന്വേഷിച്ചതിന് മറുപടിയായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ്ഡിവിഷൻ കാസർഗോഡിന്റെ 28.09.2020ലെ DB17/20-21/AEE/ESD/KSD/362-ാം നമ്പർ കത്തിൽ ടെണ്ടർ നടപടി തുടങ്ങുന്നതിന് മുമ്പ് റേറ്റ് റിവിഷൻ വന്നതിനാൽ 3,11,796/- രൂപ കൂടി അടക്കാൻ

ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ 3,11,796/- രൂപ KSEB യുടെ 67086428348 നമ്പർ അക്കൗണ്ടിൽ 20.10.2020ന് നിക്ഷേപിച്ചു. പ്രവൃത്തി ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 31.03.2028ന് 20 ലക്ഷം രൂപയും തുടർന്ന് റേറ്റ് റിവിഷന്റെ കാരണം പറഞ്ഞ് 20.10.2020ന് 3,11,796/- രൂപയും ഒടുക്കിയിട്ടും പ്രവൃത്തി ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല.

2) Deposit വർക്കിന് തുക മുൻകൂറായി നൽകിയിട്ടും KSEB യുമായി കരാർ വയ്ക്കുകയോ പ്രവൃത്തി പുരോഗതി മോണിറ്റർ ചെയ്യുകയോ ചെയ്തിട്ടില്ല.

3) എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഒടുക്കിയ ശേഷം റേറ്റ് റിവിഷൻ വന്നത് കൊണ്ട് അധിക തുക ഒടുക്കേണ്ടത് മുനിസിപ്പാലിറ്റിയുടെ ബാധ്യതയയാണ് വന്നിട്ടുള്ളത് . തുക നിക്ഷേപിച്ച ഉടനെ തന്നെ കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെടാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. കരാർ ചമച്ചിരുന്നെങ്കിൽ അധിക തുക നൽകുന്നത് ഒഴിവാക്കാമായിരുന്നു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/2020-21/date. 15.06.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ച 3,11,796/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ഇൻഫർമേഷൻ കേരളാ മിഷന് തുക നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. 3,40,000/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി

പ്രൊജക്ട് നമ്പർ : 2/21, ഇൻഫർമേഷൻ കേരള മിഷന് തുക നൽകൽ.

വികസന ഫണ്ട് : 3,40,000/-

ചെലവ് : 3,40,000/-

ബിൽ നം/തീയ്യതി : 34/14.09.2020, 3,40,000/-

നഗരസഭയിലെ കമ്പ്യൂട്ടർവത്കരണത്തിന്റെയും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളുടെ പ്രവർത്തന ചെലവിലേക്കും ഐ.കെ.എം. ജീവനക്കാരുടെ വേതന ഇനത്തിലേക്കുമായി സർക്കാർ നിർദ്ദേശ പ്രകാരം തുക കണ്ടെത്തുന്നതിനാണ് മേൽ പദ്ധതി. പദ്ധതിക്കായി പിൻവലിച്ച തുക 16.09.2020ന് NEFT വഴി IKM ന്റെ അക്കൗണ്ടിലേക്ക് കൈമാറി. ഇത് രശീത് നമ്പർ - 22053/28.09.2020 പ്രകാരം IKM കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം താഴെ പറയും പ്രകാരം ലഭ്യമാക്കേണ്ടതാണ്.

2019-20 2,557/-

2020-21 3,37,443/-

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/2020-21 /date. 14.06.2022) മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ കാര്യത്തിനായി ചെലവഴിച്ച 3,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കൽ - കുടിശ്ശിക തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 4/21 പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കൽ

അടങ്കൽ തുക : 9,00,000/- MG (NR)

ചെലവ്(ബിൽ നം)

20/29.07.2020 : 128772

36/15.09.2020 : 128772

39/16.10.2020 : 128772

50/19.11.2020 : 64636

63/16.01.2021 : 128772

73/16.02.2021 : 64636

82/10.03.2021 : 64636

86/22.03.2021 : 64636

കാസർഗോഡ് നഗരസഭയിലെ പൊതുടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നതിനാണ് പദ്ധതി. മേൽ പറഞ്ഞ പ്രകാരം 12 മാസത്തെ ഡിമാന്റ് തുക ഒടുക്കിയിട്ടും വാട്ടർ അതോറിറ്റി നൽകിയ 15.03.2021ലെ 2748/LSG/A2/34 നമ്പർ ബില്ല് പ്രകാരം ആകെ 1,82,693/-രൂപ കുടിശ്ശികയായി കാണുന്നു. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് ലെറ്റർ പ്രകാരം ആകെ ടാപ്പുകളുടെ എണ്ണം 98 ആണ്. വാർഷികമായി ഒടുക്കേണ്ട തുക ഒരു പൈപ്പിന് 7,884/- രൂപ വച്ച് 98 എണ്ണത്തിന് 772632 രൂപയാണ്. പ്രൊജക്റ്റിൽ പറഞ്ഞിരിക്കുന്ന ആകെ ടാപ്പുകളുടെ എണ്ണം 167 ആണ്.

2) ആവശ്യമായ അലോട്ടമെന്റ് ഉണ്ടെന്നിരിക്കെ വാട്ടർ അതോറിറ്റി കത്തിൽ പറയുന്ന 1,82,693/- രൂപ കുടിശ്ശിക വരാനുള്ള കാരണം വ്യക്തമല്ല.

3) വൈകി തുക ഒടുക്കുന്നത് മൂലമുണ്ടാകുന്ന ഫൈൻ ഉൾപ്പെടെയാണ് കുടിശ്ശിക എന്ന് തുടർന്നുള്ള കത്തുകളിൽ വാട്ടർ അതോറിറ്റി പറയുന്നുണ്ട്. വൈകി തുക അടക്കാനുണ്ടായ കാരണം ഫയലിൽ വിശദീകരിച്ചിട്ടില്ല.

4) അവ്യക്തതകൾ പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകൾ നടത്തുകയോ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/2020-21 Date. 15.06.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിനും കുടിശ്ശിക സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-36 തുല്യതാ പഠനം-പദ്ധതിയുടെ പൂർത്തികരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല – 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 238/21, തുല്യതാപഠനം-കന്നട ഭഷാ പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ.

വികസന ഫണ്ട് : 50,000/-

ചെലവ് : 50,000/-

ബിൽ നം/തീയ്യതി : 11/18.05.2020. Rs.50,000/-

കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖ്യ പങ്കാളിയായി 2019-20 വർഷം നിർവ്വഹണം നടത്തുന്നതിന് വേണ്ടി ആരംഭിച്ചതാണ് മേൽ പദ്ധതി. ഹയർ സെക്കന്ററി രണ്ടാം വർഷം കന്നട പാഠപുസ്തകം അച്ചടിച്ച് പഠിതാക്കൾക്ക് ലഭ്യമാക്കാനാണ് പദ്ധതി. ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത തുക കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ 02880100113107 നമ്പർ അക്കൗണ്ടിൽ 18.05.2020ന് നിക്ഷേപിച്ചു.

ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള താഴെ പറയുന്ന വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

1) പദ്ധതി പൂർത്തീകരണം

2) കാസർഗോഡ് നഗരസഭാ പരിധിയിലുള്ള എത്ര പേർക്ക് പദ്ധതിയിൽ നിന്ന് ഗുണം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിവരം.

3) കൈമാറിയ 50,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം .

4) പദ്ധതി മോണിറ്റർ ചെയ്തതിന്റെ വിവരങ്ങൾ .

ഈ കാര്യങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/2020-21 Date. 14.06.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ പ്രസ്തുത കാര്യത്തിനായി ചെലവഴിച്ച 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 നഗരസഭാ എഞ്ചിനീയർക്ക് ലാപ് ടോപ്പ് പദ്ധതി - അപാകതകൾ- 1,27,016/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 407/21, കാസർഗോഡ് നഗരസഭാ എഞ്ചിനീയർക്ക് ലാപ്പ് ടോപ്പ് വാങ്ങൽ

വികസന ഫണ്ട് : 1,50,000/-

ചെലവ് : 1,27,016/-

ബിൽ നം/തീയ്യതി : 33/14.09.2020, 1,27,016/-

നഗരസഭയിലെ 2 അസിസ്റ്റന്റ് എഞ്ചിനീയർ, 1 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിനാണ് പദ്ധതി. ഇതിനായി മേൽ പറഞ്ഞ പ്രകാരം ബില്ല് മാറുകയും CPRCS വഴി കെൽട്രോൺ മുഖാന്തിരം 2 ലാപ്പ് ടോപ്പുകൾ വാങ്ങുകയും ചെയ്തു. മേൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 3 ലാപ്പ് ടോപ്പ് വാങ്ങുന്നതിനാണ് പ്രോഡക്റ്റ് തയ്യാറാക്കി ഡി.പി.സി അപ്രൂവൽ വാങ്ങിച്ചത്. 2 ലാപ്പ്ടോപ്പാണ് വാങ്ങിയത്.

2) 11.10.2020ന് തുക കൈപ്പറ്റിയ ശേഷം 45 ദിവസത്തിനുള്ളിൽ സാധനം ഡെലിവറി ചെയ്യാമെന്ന് കെൽട്രോൺ അറിയിച്ചിരുന്നു. എന്നാൽ ഒരു വർഷത്തിലധികം കഴിഞ്ഞ് 03.02.2022നാണ് ലാപ്പ്ടോപ്പ് ഇൻസ്റ്റാൾ ചെയ്തത്.

3) Supply Order പ്രകാരം നൽകിയ സ്പെസിഫിക്കേഷൻ ലഭിച്ച ലാപ്പ്ടോപ്പിലേതുമായി വ്യത്യാസമുണ്ട് എന്ന് നോട്ട് ഫയലിൽ പറയുന്നുണ്ട്. (ഉദാ: Optical Mouse ലഭിച്ചിട്ടില്ല)

4) ലഭിച്ച ലാപ്പ്ടോപ്പ് സാങ്കേതിക വിദഗ്ദർ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5) ലാപ്പ്ടോപ്പ് സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ, സപ്ലൈ ഓർഡർ, ഒറിജിനൽ ബില്ല് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . ഈ കാര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2020-21 Date. 15.06.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,27,016/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 എ.ബി.സി. പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 231/21, എ.ബി.സി പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ

വികസന ഫണ്ട് : 3,00,000/-

ചെലവ് : 3,00,000/-

ബിൽ നം/തീയ്യതി തുക

10/18.05.2020 1,50,100/-

51/17.11.2020 41,800/-

71/11.02.2021 1,08,100/-

തെരുവു നായ്ക്കളുടെ നിയന്ത്രണത്തിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന ABC പദ്ധതിക്ക് കാസർഗോഡ് നഗരസഭയുടെ വിഹിതം നൽകുന്നതാണ് പ്രൊജക്റ്റ്. 445/20 എന്ന പ്രൊജക്റ്റ് നമ്പർ 2,00,000/- രൂപ വകയിരുത്തി 2019-20 ൽ ആരംഭിച്ചതാണ് ഇത്. കാസറഗോഡ് മുനിസിപ്പാലിറ്റിയിലെ അലഞ്ഞുതിരിയുന്ന തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നിനാണ് ഈ പദ്ധതി. ഇതിനു വിധേയമാക്കുന്ന നായ്ക്കളുടെ എണ്ണം കണക്കാക്കി ഒരെണ്ണത്തിന് 1,900/- രൂപ നിരക്കിൽ ബാംഗ്ലൂരിലെ ആനിമൽ റൈറ്റ്സ് ഫണ്ടിലേക്ക് തുക ഒടുക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നിന്ന് അറിയിച്ചിരുന്നു. ഇതിനായി തൻവർഷം മേൽ പറഞ്ഞ പ്രകാരം പിൻവലിച്ച 3,00,000/- രൂപയിൽ 2,94,000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നിന്നുള്ള കത്ത് പ്രകാരം ആനിമൽ റൈറ്റ്സ് ഫണ്ട് ബാഗ്ളൂരിന്റെ അക്കൗണ്ടിലേക്കും 6,000/- രൂപ ഇൻകം ടാക്സായും വിനിയോഗിച്ചു. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല. ആയത് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/2020-21/date. 14.06.2022) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ കാര്യത്തിനായി ചെലവഴിച്ച 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 മഴക്കാല പൂർവ്വ ശുചീകരണം സാനിറ്റേഷൻ കമ്മിറ്റികൾക്ക് തുക അനുവദിച്ചത് - പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല- 8,60,560/- രൂപ തടസ്സപ്പെടുത്തുന്നു.

കാസറഗോഡ് നഗരസഭയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിനായി താഴെ പറയും പ്രകാരം തുകകൾ 2020-21 വർഷത്തിൽ വാർഡ്തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നം./തീയ്യതി | തുക | വാർഡ് നമ്പർ | മറ്റ് വിവരങ്ങൾ |
|---|---|---|---|---|
| 1. | 51/22.05.2020 | 25,000 | 29 | 2019ലെ പ്രവർത്തനങ്ങൾക്ക് |
| 2. | 69/11.06.2020 | 25,000 | വാർഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 2019ലെ പ്രവർത്തനങ്ങൾക്ക് |
| 3. | 70/11.06.2020 | 25,000 | വാർഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 2019ലെ പ്രവർത്തനങ്ങൾക്ക് |
| 4. | 71/11.06.2020 | 25,000 | വാർഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 2019ലെ പ്രവർത്തനങ്ങൾക്ക് |
| 5. | 72/11.06.2020 | 25,000 | വാർഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 2019ലെ പ്രവർത്തനങ്ങൾക്ക് |
| 6. | 73/11.06.2020 | 25,000 | വാർഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 2019ലെ പ്രവർത്തനങ്ങൾക്ക് |
| 7. | 163/28.07.2020 | 25,000 | 20 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 8. | 164/28.07.2020 | 25,000 | 21 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 9. | 165/28.07.2020 | 25,000 | 34 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 10. | 166/28.07.2020 | 25,000 | 19 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 11. | 246/22.09.2020 | 25,000 | 29 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 12. | 247/22.09.2020 | 25,000 | 30 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 13 | 248/22.09.2020 | 25,000 | 23 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 14 | 249/22.09.2020 | 25,000 | 24 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 15 | 250/22.09.2020 | 25,000 | 33 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 16 | 251/22.09.2020 | 25,000 | 15 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 17. | 252/22.09.2020 | 25,000 | 36 | 2020-21 വർഷത്തെ പ്രവർത്തനങ്ങൾ |
| 18. | 262/25.09.2020 | 25,000 | 22 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 19. | 263/25.09.2020 | 25,000 | 28 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 20. | 264/25.09.2020 | 25,000 | 2 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 21 | 265/25.09.2020 | 25,000 | 3 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 22 | 266/25.09.2020 | 25,000 | 5 | 2020-21 ലെ പ്രവർത്തനങ്ങൾ |

| | | | | |
|---|---|---|---|---|
| 23 | 267/25.09.2020 | 25,000 | 6 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 24 | 268/25.09.2020 | 25,000 | 7 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 25 | 269/25.09.2020 | 25,000 | 25 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 26 | 270/25.09.2020 | 25,000 | 32 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 27 | 272/25.09.2020 | 25,000 | 16 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 28 | 331/21.10.2020 | 25,000 | 9 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 29 | 332/21.10.2020 | 25,000 | 10 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 30 | 333/21.10.2020 | 25,000 | 12 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 31 | 336/21.10.2020 | 25,000 | 14 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 32 | 356/05.11.2020 | 25,000 | 11 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 33 | 357/05.11.2020 | 25,000 | 31 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 34 | 385/11.11.2020 | 10,560 | 26 | 2020-21 ലെ പ്രവർത്തനങ്ങൾ |
| 35 | 406/17.11.2020 | 25,000 | 8 | 2020-21 ലെ പ്രവർത്തനങ്ങൾ |

ആകെ 8,60,560/- രൂപ ചെലവഴിച്ചു. ഇത് സംബന്ധിച്ച് പ്രവർത്തി നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ.28 Date: 20.06.2022) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

തുക ചെലവഴിച്ചതിന്റെ ബില്ല്/ വൗച്ചർ/മസ്റ്റർ റോളുകൾ എന്നിവ, വാർഡ് തല ശുചിത്വ സമിതി യോഗം ചേർന്നതിന്റെ മിനട്സ്, വാർഡ് തല കർമ്മ പദ്ധതികൾ, വാർഡ് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകൾ തുടങ്ങിയവയൊന്നും ഹാജരാക്കിയില്ല. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ പ്രവർത്തങ്ങളുമായി കൂട്ടിയോജിപ്പിച്ച് പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തി നടത്തുന്നതിനായി നിർദ്ദേശം നൽകുന്ന വിവിധ ഉത്തരവുകളും സർക്കുലറുകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നം. 46/ഡി.സി.1/2020/തസ്വഭവ തീയതി 05.02.2020, സ.ഉ. (സാധാ)നം. 762/2020 /തസ്വഭവ തീയതി 18.04.2020) പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചാണ് പ്രവർത്തി നടത്തിയത് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈയിനത്തിൽ ചെലവഴിച്ച 8,60,560/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-40 എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തിക്ക് ഫൈനൽ ബില്ലിൽ ജി.എസ്.ടി അനുവദിച്ച് നൽകി

2018-19 ൽ ആവിഷ്ക്കരിച്ച് ജി.എസ്.ടി ഉൾപ്പെടുത്താതെ സാങ്കേതികാനുമതി ലഭ്യമാക്കിയ പ്രവൃത്തിക്ക് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കാതെ ജി.എസ്.ടി കോമ്പൻസേഷൻ ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി നൽകിയത് ക്രമ വിരുദ്ധം.

ത.സ്വ.വകുപ്പിന്റെ 27-11-2017 ലെ ഡി.ബി3- 9058/17ാം നമ്പർ സർക്കുലറിൽ എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള ജി.എസ്.റ്റി അധിക ബാധ്യത കരാറുകാർക്ക് നൽകേണ്ടതുണ്ടെന്നും ജി.എസ്.റ്റി കോമ്പൻസേഷൻ തിരികെ നൽകേണ്ട എല്ലാ പ്രവൃത്തികളുടെയും പേരും ജി.എസ്.റ്റി തുകയും ഉൾക്കൊള്ളുന്ന ഒരു ഒറ്റ പ്രോജക്ട് തയ്യാറാക്കുകയും കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് ഉറപ്പാക്കി അടച്ച തുകയുടെ രേഖ ബന്ധപ്പെട്ട എഞ്ചിനിയർ പരിശോധിച്ച്

കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കിയിയിട്ടുണ്ട്. 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച് പ്രസ്തുത വർഷം 71568/2018-19ാം നമ്പറായി സാങ്കേതികാനുമതി ലഭിച്ച താഴെപ്പറയുന്ന പ്രവത്തിയുടെ എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. 16-05-2020 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 16-12-20ൽ മാത്രമാണ് പൂർത്തീകരിച്ചത്. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക സ്പിൽ ഓവറായി നൽകിയപ്പോൾ 12% ജി.എസ്.റ്റി തുക കൂടി ഉൾപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തിക്ക് ആയത് ഫൈനൽ ബിൽ തുകയിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകിയത് ക്രമ വിരുദ്ധമാണ്. എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി സർക്കുലർ പ്രകാരം പ്രത്യേക പ്രോജക്ട് തയ്യാറാക്കി വേണമായിരുന്നു ജി.എസ്.റ്റി തുക നൽകേണ്ടിയിരുന്നത്. എന്നാൽ നഗര സഭ ഇത്തരത്തിൽ ഒരു പദ്ധതി 2020-21ൽ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/24-05-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് അനുസരിച്ച് ഇങ്ങനെയോരു പദ്ധതി തയ്യാറാക്കി തുക ചെലഴിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് ജി.എസ്.റ്റിയായി ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | ഫൈനൽ ബിൽ തുക,ബിൽ നം./തീയതി | ജി.എസ്.റ്റി യിനത്തിൽ ഉൾപ്പെടുത്തിയ തുക |
|---|---|---|
| കുരുംബ ഭഗവതി ക്ഷേത്രത്തിന്റെ എതിർ വശത്തുള്ള റോഡ് കോൺക്രീറ്റിംഗ്(110/19,262/21)<br>അടങ്കൽ : 500000/-(CFC)<br>കരാറുകാരൻ: E.I.മുഹമ്മദ്<br>കരാർ തുക: 392499.49<br>എം.ബുക്ക് നം.48/20-21<br>പ്രവൃത്തി മൂല്യം: 392499.49 | 435203/-<br>20200247001601337168/24-03-21 | 46629/- |

ടി 46629/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി മുനിസിപ്പൽ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-41 കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനം റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കണക്കാക്കി ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കണക്കാക്കി ഈടാക്കുകയാണ് വേണ്ടത്. എന്നാൽ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിനും ബിറ്റുമിൻ എമൽഷനും അനുസൃതമായി കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/E + 18% GST |
|---|---|---|---|
| 1. | കോട്ടക്കണ്ണിക്രോസ്സ് റോഡ് മുതൽ ഗുളികവനം വരെ റോഡ് റീടാറിംഗ് ( 54/20, 46/21)<br>അടങ്കൽ തുക: 500000 (MG Road)<br>കരാറുകാരൻ : B.M.അബ്ദുള്ള | 21 | 4998+900=<br>5898 |

| | | | |
|---|---|---|---|
| | ഫൈനൽ ബിൽ തുക : 479384/-<br>ബിൽ നം./ തീയതി/തുക:<br>202002470016000036941/11-04-20<br>340000/-<br>202002470016000811263/08-12-20 | | |
| 2. | സത്യഭാമ കോളനി റോഡ് റീടാറിംഗ് (136/19, 305/20, 189/21)<br>അടങ്കൽ തുക: 200000 (MG Road)<br>കരാറുകാരൻ : ഹസൈനാർ, തളങ്കര<br>ഫൈനൽ ബിൽ തുക : 189504/-<br>ബിൽ നം./ തീയതി/തുക:<br>202002470016000045587/11-04-20 | 13 | 3094+557=<br>3651 |
| 3. | മുഹിയുദ്ദിൻ പള്ളി റോഡ് റീടാറിംഗ് ( 117/20, 221/21)<br>അടങ്കൽ തുക: 400000 (MG Road)<br>കരാറുകാരൻ : E.I.മുഹമ്മദ്<br>ഫൈനൽ ബിൽ തുക : 377801/-<br>ബിൽ നം./ തീയതി/തുക:<br>202002470016000036936/11-04-20 | 17 | 4046+728<br>4774 |
| 4. | P.M.S റോഡ് റോഡ് റീടാറിംഗ് ലാസ്റ്റ് സ്റ്റേജ്(105/20, 214/21)<br>അടങ്കൽ തുക: 485000 (MG Road)<br>കരാറുകാരൻ : E.I.മുഹമ്മദ്<br>ഫൈനൽ ബിൽ തുക : 465933/-<br>ബിൽ നം./ തീയതി/തുക:<br>202002470016000036945/11-04-20 | 19 | 4522+814=<br>5336 |
| | ആകെ | 70 | 19659 |

കാലി ബാരൽ വിലയും ജി.എസ്.ടിയും ഫൈനൽ ബിൽ തുകയിൽ നിന്നും കുറവ് ചെയ്യാതിരുന്നത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി 16660/- രൂപ സഞ്ചിത നിധിയിലേക്കും 2999/-രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തുന്നതിനായി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/02-06-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-42 GMVHSS ക്ലാസ്സ് റൂം മെയിന്റനൻസ്(286/19, 1376/20, 309/21)

| | |
|---|---|
| കൺവീനർ | സി.വിനോദ, ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 500000/- |
| എം.ബുക്ക് നം. | 246/19-20 |
| പ്രവൃത്തിമൂല്യം | 465265/- |
| ബിൽ നം | 202002470016000812330/08-12-20 |

| | |
|---|---|
| /തീയതി/തുക | 465265/- |

(I) വാറ്റ് നിർത്തലാക്കിയിട്ടും ഓവർഹെഡ് ചാർജിൽ മാറ്റം വരുത്തിയില്ല

ടി പ്രവൃത്തിയുടെ അടങ്കൽ 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതിനാൽ ആദായ നികുതി(2%), ക്ഷേമ നിധി(1%), വാറ്റ് എന്നിവ കഴിച്ചിട്ടാണ് ഗുണഭോക്തൃ സമിതിക്ക് അർഹതപ്പെട്ട തുക കണക്കാക്കേണ്ടത്. 01-07-2017 മുതൽ വാറ്റ് നിർത്തലാക്കി ജി.എസ്.റ്റി ബാധകമാക്കിയ സാഹചര്യത്തിൽ 2% ആദായ നികുതിയും 1% ക്ഷേമനിധിയും 2 % ജി.എസ്.റ്റിയും കഴിച്ച് ബാക്കിയുള്ള 2.5% തുകയ്ക്ക് സമിതിക്ക് അർഹതയില്ലാത്തതാണ്. പ്രസ്തുത തുക കുറച്ചിട്ട് വേണമായിരുന്ന അർഹതപ്പെട്ട തുക കണക്കാക്കേണ്ടിയിരുന്നത്. ആകെ പ്രവൃത്തിമൂല്ല്യമായ 465265/- രൂപയുടെ 100% കണക്കാക്കി അതിന്റെ 2.5% തുകയാണ് കുറവ് ചെയ്യേണ്ടിയിരുന്നത്. അതായത് 10820/- രൂപ സമിതിക്ക് അർഹതപ്പെട്ടതല്ല. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കാതിരിക്കുവാൻ എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് (12/08-06-22)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി 10820/- രൂപ ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

(ii) സംയുക്ത അക്കൗണ്ട് തുടങ്ങി യതിന്റെ രേഖകൾ ഇല്ല

ഗുണഭോക്തൃസമിതികൾ മുഖേന പൊതുമരാമത്ത് പണികൾ നടപ്പിലാക്കുന്നതിനായി 13-11-2014 ലെ തദ്ദേശഭരണ വകുപ്പിന്റെ 1/1559/2010/സി.ഇ./തസ്വഭവ ാം നം . സർക്കുലറിലെ പറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് കണവീനറിന്റെയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ സംയുക്ത അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളൂ. എന്നാൽ സംയുക്ത അക്കൗണ്ട് തുടങ്ങിയതിന്റെ രേഖകൾ ഫയലില്ല. സാംഖ്യ ബിൽ പ്രകാരം 0813108065597(IFS Code – CNRB0000813) എന്ന അക്കൗണ്ടിലേക്കാണ് തുക ക്രഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത അക്കൗണ്ട് ആരുടെ പേരിൽ തുടങ്ങിയിട്ടുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി നമ്പറിലുള്ള ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കാനറാ ബാങ്ക് പയ്യന്നൂർ ശാഖയിലെ പ്രസ്തുത അക്കൗണ്ട് നം. സി.വിനോദ എന്ന കൺവീനറുടെ സ്വന്തം പേരിലുള്ള എസ്.ബി അക്കൗണ്ട് ആണെന്നാണ് ഓഡിറ്റ് ഫോൺ മുഖേന നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ഗുണഭോക്തൃ സമിതിയെക്കൊണ്ട് സംയുക്ത അക്കൗണ്ട് തുടങ്ങിക്കാതെ കൺവീനറുടെ സ്വന്തം പേരിലുള്ള അക്കൗണ്ടിലേക്ക് ഫൈനൽ ബിൽതുക ക്രഡിറ്റ് ചെയ്ത അസി.എഞ്ചിനിയറുടെ നടപടി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-43 GMVHSS ചുറ്റ് മതിൽ ബാക്കി ഭാഗം(168/20, 67/21)

| | |
|---|---|
| കൺവീനർ | സി.വിനോദ, ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 1133000/- |
| എം.ബുക്ക് നം. | 320/19-20 |
| പ്രവൃത്തിമൂല്ല്യം | 991594/- |
| ബിൽ നം /തീയതി/തുക | 20200247001600811009/08-12-20 1110585/- |

(I) വാറ്റ് നിർത്തലാക്കിയിട്ടും ഓവർഹെഡ് ചാർജിൽ മാറ്റം വരുത്തിയില്ല

ടി പ്രവൃത്തിയുടെ അടങ്കൽ 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതിനാൽ ആദായ നികുതി(2%), ക്ഷേമ നിധി(1%), വാറ്റ് എന്നിവ കഴിച്ചിട്ടാണ് ഗുണഭോക്തൃ സമിതിക്ക് അർഹതപ്പെട്ട തുക കണക്കാക്കേണ്ടത്. 01-07-2017 മുതൽ വാറ്റ് നിർത്തലാക്കി ജി.എസ്.റ്റി ബാധകമാക്കിയ സാഹചര്യത്തിൽ 2%ആദായ നികുതിയും 1% ക്ഷേമനിധിയും 2 % ജി.എസ്.റ്റിയും കഴിച്ച് ബാക്കിയുള്ള 2.5% തുകയ്ക്ക് സമിതിക്ക് അർഹതയില്ലാത്തതാണ്. പ്രസ്തുത തുക കുറച്ചിട്ട് വേണമായിരുന്ന അർഹതപ്പെട്ട തുക കണക്കാക്കേണ്ടിയിരുന്നത്. ആകെ പ്രവൃത്തിമൂല്ല്യമായ 991594/- രൂപയുടെ 100% കണക്കാക്കി അതിന്റെ 2.5% തുകയാണ് കുറവ് ചെയ്യേണ്ടിയിരുന്നത്. അതായത് 23060/- രൂപ സമിതിക്ക് അർഹതപ്പെട്ടതല്ല. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കാതിരിക്കുവാൻ എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് (12/08-06-22)മറുപടി ലഭ്യമാക്കിയില്ല. ടി 23060/- രൂപ കൺവീനറിൽ നിന്ന് തിരിച്ച് പിടിക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്ക്

വരുത്തേണ്ടതാണ്.

(ii) ജി.എസ്.റ്റി ഒടുക്ക് വരുത്തിയതിന്റെ രേഖകൾ ഇല്ലാതെ ഗുണഭോക്തൃ സമിതിക്ക് കോമ്പൻസേഷൻ നൽകി .

ധനകാര്യ(വ്യവസായം&പൊതുമരാമത്ത്-ബി) വകുപ്പിന്റെ 01-03-2-19 ലെ 18/2019/ഫിൻ സർക്കുലർ അനുസരിച്ച് എസ്റ്റിമേറ്റ് തുകയോടൊപ്പം ബാധകമായ ജി.എസ്.റ്റി തുക കൂടി ഭരണാനുമതി തുകയിൽ ഉൾപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിരുന്നു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലും 12% ജി.എസ്.റ്റി തുക കൂടി പ്രത്യേകമായി ഉൾപ്പെടുത്തിയാണ് ആകെ അടങ്കൽ 1133000/- രൂപ നിർണ്ണയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിമൂല്യ തുകയായ 991594/- രൂപയോടൊപ്പം 12% ജി.എസ്.റ്റി തുകയായ 118991/-രൂപ കൂട്ടി 1110585/- രൂപ ഫൈനൽ ബിൽ തുക കണക്കാക്കി ആയതിൽ നിന്നും നിയമ പ്രകാരമുള്ള നികുതികൾ കഴിച്ച് കൺവീനർക്ക് അർഹതപ്പെട്ട തുക 1061005/- രൂപയായി കണക്കാക്കിയിട്ടുണ്ട്. കണവീനറിന്റെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൗണ്ട് തുടങ്ങിയതിന്റെ രേഖകളില്ല. സാംഖ്യ ബിൽ പ്രകാരം 0813108065597(IFS Code – CNRB0000813) എന്ന അക്കൗണ്ടിലേക്കാണ് തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. .പ്രസ്തുത അക്കൗണ്ട് ആരുടെ പേരിൽ തുടങ്ങിയിട്ടുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി നമ്പറിലുള്ള ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കാനറാ ബാങ്ക് പയ്യന്നൂർ ശാഖയിലെ പ്രസ്തുത അക്കൗണ്ട് നം. സി.വിനോദ എന്ന കൺവീനറുടെ സ്വന്തം പേരിലുള്ള എസ്.ബി അക്കൗണ്ട് ആണെന്നാണ് ഓഡിറ്റ് ഫോൺ മുഖേന നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ഗുണഭോക്തൃ സമിതിയെക്കൊണ്ട് സംയുക്ത അക്കൗണ്ട് തുടങ്ങിക്കാതെ കൺവീനറുടെ സ്വന്തം പേരിലുള്ള അക്കൗണ്ടിലേക്ക് ഫൈനൽ ബിൽ തുക ക്രെഡിറ്റ് ചെയ്ത അസി.എഞ്ചിനിയറുടെ നടപടി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ഗുണഭോക്തൃ സമിതിയുടെ പേരിൽ ജി.എസ്.റ്റി രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകളോ കൺവീനർ ടി പ്രവൃത്തിക്കായി ജി.എസ്.റ്റി ഒടുക്ക് വരുത്തിയതിന്റെ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2018 ലെ സി.ജി.എസ്.റ്റി (ഭേദഗതി) ആക്ട് പ്രകാരം പ്രൊവിസോ കൂട്ടിച്ചേർത്ത വിജ്ഞാപനം നം.10/2019/Central Tax തീയതി 07-03-19 അനുസരിച്ച് വിതരണക്കാർ, നികുതി ബാധകമായ സാധനങ്ങളുടെയോ സേവനങ്ങളുടെയോ വിതരണം നടത്തുമ്പോൾ ഒരു വർഷത്തെ മൊത്തം വിറ്റ് വരവ് 20 ലക്ഷത്തിൽ അധികരിക്കുകയാണെങ്കിൽ ജി.എസ്.റ്റി രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ പരിധി 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (12/08-06-22) മുഖേന ആവശ്യപ്പെട്ടുവെങ്കിലും പരിശോധനക്ക് ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ രേഖകൾ ഇല്ലായെന്ന നിഗമനത്തിൽ ഓഡിറ്റ് എത്തിച്ചേരുന്നു. രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്തവരിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആ സപ്ലൈയറുമായി ബന്ധപ്പെട്ട നികുതി റിവേഴ്സ് ചാർജ് തത്വ പ്രകാരം സ്വീകർത്താവായ അസി.എഞ്ചിനിയർ സർക്കാരിലേക്ക് നേരിട്ട് അടക്കേണ്ടതാണ്. ആയതിനാൽ ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ നൽകിയ 118991/-രൂപ കൺവീനറിൽ നിന്നും തിരികെ ഈടാക്കി ജി.എസ്.റ്റി വകുപ്പ് നിശ്ചയിക്കുന്ന പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ഒടുക്ക് വരുത്തേണ്ടതാണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-44 ഗുണഭോക്തൃസമിതി മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ അപാകത

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേനെ താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(1) GMVHSS ചുറ്റ് മതിൽ ബാക്കി ഭാഗം (168/20, 67/21)

(2) GMVHSS ക്ലാസ്സ് റൂം മെയിന്റനൻസ് (286/19, 1376/20, 309/21)

ഗുണഭോക്തൃസമിതി മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും കൺവീനർ ഹാജരാക്കുന്ന ചെലവ് രേഖകളിലും പൊതുവായ പല അപാകതകളും കാണുന്നു.

കേരള കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം 13 അനുസരിച്ച് പൊതുമരാമത്ത് പണികളുടെ നിർവ്വഹണം ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാവുന്നതാണ്. സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വേണം ഗുണഭോക്തൃസമിതി രൂപീകരണം മുതൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നത് വരെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത്. കൂടാതെ 13-11-2014 ലെ തദ്ദേശഭരണ വകുപ്പിന്റെ 1/1559/2010/സി.ഇ./തസ്വഭവ ാം നം . സർക്കുലറിൽ പറയുന്ന നിർദ്ദേശങ്ങൾ ഗുണഭോക്തൃസമിതികൾ മുഖേന പൊതുമരാമത്ത് പണികൾ നടപ്പിലാക്കുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പാലിക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം സ്പിൽ ഓവറായി അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതികൾ മുഖേന നഗരസഭയിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ടി മാർഗ്ഗ രേഖയിലെ പല നിർദ്ദേശങ്ങളും പാലിക്കുകയോ ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുകയോ ചെയ്തിട്ടില്ല.

(I) ഗുണഭോക്തൃ സമിതി രൂപീകരണത്തിന്റെ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നില്ല

നഗരസഭ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ ഒരു യോഗം ചെയർമാനോ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ വാർഡ് കൗൺസിലറോ ചുരുങ്ങിയത് 3 ദിവസങ്ങൾക്ക് മുമ്പ് നോട്ടീസുകൾ വിതരണം നടത്തി വിളിച്ചു കൂട്ടേണ്ടതാണ്. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ഫയലിൽ ഗുണഭോക്തൃസമിതി വിളിച്ചു കൂട്ടുന്നതിനായി നോട്ടീസ് നടത്തിയതിന്റെ രേഖയില്ല. എന്നാൽ പി.റ്റി.എ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളുടെ യോഗം ചേർന്നതിന്റെ മിനിട്ട്സ് തയ്യാറാക്കിയിട്ടുണ്ട്.

(Ii) പണമിടപാടുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങിയില്ല

പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത ഒരു സഹകരണ / ഗ്രാമീണ/ ദേശസാൽകൃത ബാങ്കിൽ ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളുവെന്നും പ്രസ്തുത പ്രവൃത്തിക്കുവേണ്ടി രൂപീകരിച്ച ഗുണഭോക്തൃ സമിതിക്ക് വേണ്ടിയാണ് ചെയർമാന്റെയും കൺവീനറുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതെന്നും വ്യക്തികൾ എന്ന നിലയിലല്ലെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ ഒന്നുംതന്നെ ഹാജരാക്കുന്നില്ല. ആയതിനാൽ പണമിടപാടുകൾക്ക് സുതാര്യതയില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

(Iii) ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കിന് ആധാരമായ രേഖകൾ അസി . എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുന്നില്ല

പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം നിർമ്മാണ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെ തരവും അളവും വിലയും തൊഴിലാളികളുടെ എണ്ണവും കൂലിയും മറ്റ് ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃസമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതും അസി .എക്സി. എഞ്ചിനിയർ മേലോപ്പിടേണ്ടതുമാണ്. മസ്റ്റർ റോളിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് കൺവീനർ കൂലി നല്കിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുകയും അസി. എഞ്ചിനിയറും അസി .എക്സി. എഞ്ചിനിയറും മേലോപ്പിടേണ്ടതുമാണ്. കൺവീനർ എല്ലാ ക്യാഷ് ബില്ലിലും Paid By Me എന്ന് എഴുതി ഒപ്പിടേണ്ടതാണ്. ഗുണഭോക്തൃ സമിതി ഹാജരാക്കുന്ന ബഹുഭൂരിപക്ഷം ക്യാഷ് ബില്ലുകളിലും കൺവീനർ Paid By Me എന്ന് എഴുതി ഒപ്പിടുന്നില്ല. അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുന്നുമില്ല . മസ്റ്റർ റോളുകൾ അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുന്നില്ല. ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച്കൊണ്ട് കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് അസി. എഞ്ചിനിയർ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-45 പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997 ലെ കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ജി.ഒ(പി) നം.13/2012/PWD/01-02-2012 ഉത്തരവ് പ്രകാരം 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗ രേഖ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് ടി ചട്ടങ്ങളിലെ ചട്ടം 18 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിലെ നടപടിക്രമങ്ങൾ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശമാണ് പാലിക്കേണ്ടത്. പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ എ.സി. 2/223/15ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന

മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1997 ലെ കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18 ന് ഭേദഗതി വരുത്താത്ത സാഹചര്യത്തിൽ കരാറുകാർ വരുത്തുന്ന കാലതാമസത്തിന് 18-08-2018 ന് ശേഷം പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള പിഴയാണോ അല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ ടി സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള തരത്തിലാണോ പിഴയീടാക്കേണ്ടതെന്നുള്ള കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ. ഐ. & ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിന് വ്യക്തതയില്ല. നഗരസഭയിലെ എൽ. ഐ. & ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിൽ പിഴയീടാക്കുന്നത് മാന്വൽ അനുസരിച്ചോ ടി ഉത്തരവ് അനുസരിച്ചോ അല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം എത്ര തന്നെയായലും കരാർ തുകയുടെ 1% മാത്രമാണ് പലപ്പോഴും പിഴയായി ഈടാക്കുന്നത്. ചില പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടുമില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കാലാവധി | മാന്വൽ അനുസരിച്ച് ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | കരുംബ ഭഗവതി ക്ഷേത്രത്തിന്റെ എതിർവശം റോഡ് കോൺക്രീറ്റിംഗ്(110/19, 262/21)<br>കരാറുകാരൻ :E.I. മുഹമ്മദ്<br>എഗ്രിമെന്റ് നം./ തീയതി :115/19-20/17-02-20<br>PAC: 499481<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 17-02-20<br>പൂർത്തീകരിച്ച തീയതി: 16-12-20<br>ഫൈനൽ ബിൽ നം. / തീയതി : 20200247001601337168/24-03-21<br>തുക 435203/- | 17-05-2020 മുതൽ 08-06-2020 വരെ | 4995 | 3925 | 11060 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ ടിസ്ഥാനതതിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| | | 09-06-2020 മുതൽ 01-07-2020 വരെ | 9990 | | | |
| | | ആകെ | 14985 | | | |
| 2. | അങ്കണവാടികളുടെ മെയിന്റനൻസ്(433/18, 247/21)<br>കരാറുകാരൻ : E.I. മുഹമ്മദ്<br>എഗ്രിമെന്റ് നം./ തീയതി : 179/17-18/03-03-18<br>PAC : 649006<br>പ്രവൃത്തിയുടെ കാലാവധി : 6മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 03-03-18<br>പൂർത്തീകരിച്ച തീയതി: 10-12-20<br>പാർട്ട് ബിൽ നം./ തീയതി : 19200247001600041596/05-04-19<br>252254/-<br>ഫൈനൽ ബിൽ നം./ തീയതി : 20200247001601416585/29-03-21<br>304853/- | 03-09-2018 മുതൽ 17-10-2018 വരെ | 6490 | 3076 | 16394 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ ടിസ്ഥാനതതിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| | | 18-10-2018 മുതൽ 01-12-2018 വരെ | 12980 | | | |
| | | ആകെ | 19470 | | | |
| 3. | തളങ്കര പടിഞ്ഞാറ് പാർക്ക് | 17-05-2020 | 24987 | 21635 | 53326 | മാന്വൽ |

| | | | | | | |
|---|---|---|---|---|---|---|
| | യാർഡ് ഇന്റർലോക്കിംഗ്<br>(70/19, 171/20, 37/21)<br>കരാറുകാരൻ : K.A.ഷിഹാബുദീൻ<br>എഗ്രിമെന്റ് നം./ തീയതി :11/19-20 /17-02-20<br>PAC: 2498721<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 17-02-20<br>പൂർത്തീകരിച്ച തീയതി: 05-02-21<br>പാർട്ട് ബിൽ നം./ തീയതി : 20200247001601441563/30-03-21<br>824193/-<br>ഫൈനൽ ബിൽ നം./ തീയതി : 20200247001601441555/30-03-21<br>137735/- | മുതൽ<br>08-06-2020<br>വരെ<br><br>09-06-2020<br>മുതൽ<br>30-06-2020<br>വരെ<br><br>ആകെ | <br><br><br><br>49974<br><br>74961 | | | പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ ടിസ്ഥാനത്തിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| 4 | ഷംനാട് കോമ്പൗണ്ട് സെക്കന്റ് ക്രോസ്സ് റോഡ് റീടാറിംഗ്(147/19, 270/21)<br>കരാറുകാരൻ : ഹസൈനാർ,തളങ്കര<br>എഗ്രിമെന്റ് നം./ തീയതി :64/18-19/18-01-19<br>PAC: 337105<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 18-01-19<br>പൂർത്തീകരിച്ച തീയതി: 09-01-20<br>ഫൈനൽ ബിൽ നം. / തീയതി :<br>20200247001600651723/22-10-20<br>111788/- | 18-04-2019<br>മുതൽ<br>10-05-2019<br>വരെ<br><br>11-05-2019<br>മുതൽ<br>01-06-2019<br>വരെ<br><br>ആകെ | 3371<br><br>6742<br><br>10113 | 0 | 10113 | ഫൈൻ ചുമത്തിയില്ല. |
| 5 | അങ്കണവാടി മെയിന്റനൻസ്(432/18, 423/19, 246/21)<br>കരാറുകാരൻ : .E.I.മുഹമ്മദ്<br>എഗ്രിമെന്റ് നം./ തീയതി :181/17-18 /03-03-18<br>PAC: 574986<br>പ്രവൃത്തിയുടെ കാലാവധി : 6മാസം<br>ആരംഭിച്ച തീയതി : 03-03-18<br>പൂർത്തീകരിച്ച തീയതി: 10-02-20<br>പാർട്ട് ബിൽ നം. / തീയതി : 18200247001601875140/30-03-19<br>തുക 172548/- | 03-09-2018<br>മുതൽ<br>17-10-2018<br>വരെ<br><br>18-10-2018<br>മുതൽ<br>01-12-2018<br>വരെ | 5750<br><br>11500 | 0 | 17250 | ഫൈൻ ചുമത്തിയില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | ഫൈനൽ ബിൽ നം. / തീയതി : 20200247001600811457/08-12-20 334315/- | ആകെ | 17250 | | | |
| | | | 136779 | 28636 | 108143 | |

കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പിഴ ചുമത്താത്തതിന് വിശദീകരണം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/10-06-22)നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. തദ്ദേശ സ്ഥാപനത്തിന് ലഭിക്കുന്ന തനത് വരുമാനം എന്ന നിലയിൽ പിഴ കൃത്യതയോടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പിഴയീടാക്കുന്നതിന് അവലംബിക്കേണ്ടത് പൊതുമരാമത്ത് മാന്വൽ തന്നെയാണോ എന്നുള്ള കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-46 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ചുമത്തിയ പിഴ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല

2018-19,2019-20ൽ ആവിഷ്കരിച്ച് സ്പിൽ ഓവറായി പൂർത്തീകരിച്ച് 2020-21 വർഷം ഫൈനൽ ബിൽ തുക നൽകിയ താഴെപ്പറയുന്ന പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ കാലതാമസം വരുത്തിയതിന് പൊതുമരാമത്ത് മാന്വൽ അനുസരിച്ച് കരാറുകാരന് ചുമത്തിയ പിഴ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തില്ല. മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം പിഴയിനത്തിൽ ലഭിക്കുന്ന തുക തനത് വരുമാനമാണ്. ആയതിനാൽ ചുമത്തിയ പിഴ ബന്ധപ്പെട്ട കരാറുകാരുടെ ഫൈനൽ ബിൽ തുകയിൽ നിന്നും ഈടാക്കി മുനിസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ബാധ്യസ്ഥനാണ്. പ്രസ്തുത പ്രവൃത്തികളുടെ പ്രവൃത്തി മൂല്ല്യത്തിൽ നിന്നും പിഴയിനത്തിലുള്ള തുക കുറച്ച് ബാക്കിയുള്ള തുക ഗ്രോസ്സ് തുകയായി കണക്കാക്കി ആയതിൽ നിന്നും നിയമപ്രകാരമുള്ള നികുതികൾ കഴിച്ച് കരാറുകാരനുള്ള തുക കണക്കാക്കി ബിൽ മാറുന്നു. അതായത് ടി പ്രവൃത്തികൾക്ക് ഏത് ഫണ്ടാണോ വകയിരുത്തിയിട്ടുള്ളത് ആ ഫണ്ടിൽ പിഴയിനത്തിലുള്ള തുക നിലനിർത്തിക്കൊണ്ട് ബാക്കിയുള്ള തുകയ്ക്കാണ് ബിൽ മാറുന്നത്. തന്മൂലം നഗരസഭക്ക് ലഭിക്കേണ്ട പിഴ തുക സഞ്ചിത നിധിയിലേക്കും മറ്റും പോകുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ തെറ്റായ രീതിയിൽ ഫൈനൽ തുക കണക്കാക്കുന്നതു മൂലം പിഴയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട തനത് വരുവരുമാനം നഷ്ടമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ഫൈനൽ ബിൽ തുക,ബിൽ നം. /തീയതി | പിഴയിനത്തിൽ സഞ്ചിത നിധിയിൽ നിലനിർത്തിയ തുക |
|---|---|---|---|
| 1. | കൊല്ലമ്പട് ജനകീയ റോഡ് ഡ്രയിനേജ്, കവറിംഗ് സ്ലാബ് (185/20)<br>അടങ്കൽ : 700000/-(CFC)<br>കരാറുകാരൻ: മുനീർ മൊയ്ദു | 639745/-<br>20200247001601409768/28-03-21 | 5770 |
| 2. | കുരുംബ ഭഗവതി ക്ഷേത്രത്തിന് എതിർ വശത്ത് റോഡ് കോൺക്രീറ്റിംഗ്(110/19,262/21)<br>അടങ്കൽ : 500000/-(CFC)<br>കരാറുകാരൻ: E.I.മുഹമ്മദ് | 435203/-<br>20200247001601337168/24-03-21 | 3925 |
| 3. | മഹബൂബ് റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ്(115/19, 265/21)<br>അടങ്കൽ : 400000/-(CFC) | 383810/-<br>20200247001601428746/29-03-21 | 11870 |

| | | | |
|---|---|---|---|
| | കരാറുകാരൻ:അഹമ്മദ് ഹാരിസ് | | |
| 4. | സുൽത്താൻ നഗർ താഴത്ത് ഡ്രയിനേജ് മെയിന്റനൻസ് (112/19, 292/20, 263/21)<br>അടങ്കൽ :175000/-(DF Gnl)<br>കരാറുകാരൻ: K.A.ഷിഹാബുദീൻ | 152701/-<br>20200247001601416746/29-03-21 | 1377 |
| 5. | അങ്കണവാടികളുടെ മെയിന്റനൻസ്(433/18, 247/21)<br>അടങ്കൽ :750000/-(MG.NR)<br>കരാറുകാരൻ: E.I.മുഹമ്മദ് | 252754/-(പാർട്ട് ബിൽ)<br>19200247001600041596/05-04-19<br>304853/-<br>20200247001601416585/29-03-21 | 3076 |
| 6. | അട്ടക്കത്ത് ബയിൽ സ്കൂൾ ചുറ്റ്മതിൽ നിർമ്മാണം(140/20, 62/21)<br>അടങ്കൽ : 660997/-(MG. NR)<br>കരാറുകാരൻ: K.A.ഷിഹാബുദീൻ | 398495/-<br>20200247001601337973/24-03-21 | 3594 |
| 7. | ഓലത്തിരി മക്കാടോ റോഡ് കോൺക്രീറ്റിംഗ്(191/20,33/21)<br>അടങ്കൽ : 150000/-(MG.R)<br>കരാറുകാരൻ: K.A.ഷിഹാബുദീൻ | 114050/-<br>20200247001601441559/30-03-21 | 1152 |
| 8. | പാങ്ങോട് റോഡ് കോൺക്രീറ്റിംഗ്-കിഴക്ക് ഭാഗം ഫുട്പാത്ത്(103/20, 333/21)<br>അടങ്കൽ : 55000/-(MG.R)<br>കരാറുകാരൻ: K.A.ഷിഹാബുദീൻ | 35607<br>20200247001601337245/24-03-21 | 321 |
| 9. | തളങ്കര പടിഞ്ഞാറ് പാർക്ക് യാർഡ് ഇന്റർലോക്കിംഗ്(70/19, 171/20, 37/21)<br>അടങ്കൽ : 2500000/-(CFC)<br>കരാറുകാരൻ: K.A.ഷിഹാബുദീൻ | 824193/-<br>20200247001601441563/30-03-21<br>1317735/-<br>20200247001601441555/30-03-21 | 21635 |
| 10. | ടൗൺ ഹാൾ മെയിന്റനൻസും അനുബന്ധ സൗകര്യമൊരുക്കലും<br>(74/19, 174/20, 40/21)<br>അടങ്കൽ : 1795302/-(DF.Gl)<br>കരാറുകാരൻ: മുഹമ്മദ് അലി.B.A | 1454027/-<br>20200247001601428839/29-03-21 | 13114 |

| | | | |
|---|---|---|---|
| 11. | സുൽത്താൻ നഗർ ടിപ്പു നഗർ ഡ്രയിൻ സ്ലാബ് (316/20, 274/21)<br>അടങ്കൽ : 200000/-(MG.R)<br>കരാറുകാരൻ: K.A.ഷിഹാബുദീൻ | 118553/-<br>20200247001601309590/20-03-21 | 1198 |
| 12. | മുസ്ലീം ഹൈസ്കൂൾ റാമ്പ് നിർമ്മാണം(469/19, 383/20, 314/21)<br>അടങ്കൽ : 400000/-(DF.GI)<br>കരാറുകാരൻ: K.A.ഷിഹാബുദീൻ | 248677/-<br>20200247001601309590/20-03-21 | 2242 |
| 13. | ഗവ. ഗേൾസ് VHSS ന് ചുറ്റുമതിൽ നിർമ്മാണം(467/19, 381/20, 313/21)<br>അടങ്കൽ : 400000/-(DF.GI)<br>കരാറുകാരൻ: K.A.ഷിഹാബുദീൻ | 298133/-<br>20200247001601408638/28-03-21 | 5432 |
| 14. | കെ.ഇ വളപ്പ് ഓവ് ചാൽ കവറിംഗ് സ്ലാബ്(89/20, 329/21)<br>അടങ്കൽ : 100000/-(MG.R)<br>കരാറുകാരൻ: K.A.ഷിഹാബുദീൻ | 71035/-<br>20200247001601370024/26-03-21 | 641 |
| | ആകെ | | 75347 |

പിഴയിനത്തിലുള്ള തുക നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്താഞ്ഞത് മൂലം നഗരസഭ ഫണ്ടിന് 75347 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/24-05-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. സഞ്ചിത നിധിയിൽ നിലനിർത്തിയ ടി തുക തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-47 റീടാറിംഗ് പ്രവൃത്തിക്ക് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | സത്യഭാമ കോളനി റോഡ് റീടാറിംഗ്(136/19, 305/20, 189/21) |
| അടങ്കൽ | 200000 |
| കരാറുകാരൻ | ഹൈസെനാർ ,തളങ്കര |
| ടെണ്ടർ തുക | 189504.44 |
| എം.ബുക്ക് നം. | 260/19-20 |
| പ്രവൃത്തി മൂല്ല്യം | 189504.44 |
| കരാറുകാരന് നൽകിയ തുക | 181924 |
| ബിൽ നം./ തീയതി/ | 20200247001600045587/11-04-20<br>189504/- |

| | |
|---|---|
| തുക | |

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി റീടാറിംഗ് പ്രവൃത്തിക്ക് കരാറുകാരൻ ആവശ്യമായത്ര ടാർ വാങ്ങി ഉപയോഗിച്ചിതിന്റെ അസ്സൽ ബില്ലിന് പകരം പകർപ്പ് ഹാജരാക്കിയത് അംഗീകരിച്ച് കൊണ്ട് ഫൈനൽ ബിൽ തുക നൽകിയ അസി.എഞ്ചിനിയറുടെ നടപടി ക്രമ വിരുദ്ധം.

ചീഫ് എഞ്ചിനിയറുടെ (ത.സ്വ.ഭ.വ) സർക്കുലർ നം.ഡി.ബി.3-6512(സി)2013/സി.ഇ/തസ്വഭവ/03-11-2016D അനുസരിച്ച് കരാറുകാർ മുഖേന നടപ്പാക്കുന്ന ടാറിഗ് / റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ തന്നെ ടാർ വാങ്ങി നൽകുന്ന സാഹചര്യത്തിൽ കരാറുകാരൻ ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ടാർ വാങ്ങിയെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി മാത്രമാണ് ബിൽ നിഷ്കർഷിക്കുന്നതെന്നും കരാറുകാരന് ടാറിന്റെ വില എഗ്രിമെന്റ് നിരക്ക് പ്രകാരം (ആയത് ഹാജരാക്കിയ ബില്ലിലെ നിരക്കിൽ കൂടുതലായാലും കുറവായാലും) മാത്രം നൽകേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അളവ് പുസ്തകത്തിലെ (പേജ് 12) അസി. എഞ്ചിനിയറുടെ സാക്ഷ്യപ്പെടുത്തൽ അനുസരിച്ച് ടി പ്രവൃത്തിക്ക് VG-30 ബിറ്റുമിൻ 1815.43 കി.ഗ്രാമും ബിറ്റുമിൻ എമൽഷൻ RS1 151.74 കി.ഗ്രാമും ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ (VG-30) , ബിറ്റുമിൻ എമൽഷൻ(RS-1) എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കാസർഗോഡ്, വിദ്യാനഗർ സിഡ്കോ മാർക്കറ്റിംഗ് സെന്ററിന് അസി.എഞ്ചിനിയർ കത്ത് നൽകിയിരുന്നു. സിഡ്കോ ബിൽ നം.RMDKSD/19-20 /1028/27-01-2020 പ്രകാരം VG30PKD(156kg) ബിറ്റുമിൻ 12 ബാരലും(1872kg), സിഡ്കോ ബിൽ നം.RMDKSD/19-20 /1027/27-01-2020 പ്രകാരം Emulsion RS1(200kg) 1 ബാരലും(200kg) ലഭ്യമാക്കിയതിന്റെ ഒറിജിനൽ ബില്ലിന്റെ പകർപ്പാണ് ടിയാൻ ഹാജരാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ടാറിംഗ് പ്രവൃത്തിയുടെ ഇനം,അളവ് | ആവശ്യമായ ബിറ്റുമിൻ (VG-30) | ആവശ്യമായ ബിറ്റുമിൻ എമൽഷൻ(RS-1) |
|---|---|---|
| (2).filling Up Potholes After Supplying A Primer Coat Of Hot Bitumine Using 36mm Dptl.broken Stone.12.16m3<br>55.8.a | @27.5kg/m3x 12.16 =334.4 Kg - | |
| (3)Providing And Applying Tack Coat With Bitumen Emulsion(RS-1)<br>606.98m2<br>5.2.a | | @0.25kg/m2 X 606.98m2<br>= 151.74 Kg |
| (4)Providing And Laying And Rolling Of Open Graded Premix Carpet Of 20mm Thickness<br>606.98m2<br>5.9.1.a | @1.46kg/m2 X 606.98 = 886.19kg | |

| | | |
|---|---|---|
| (5) Providing And Laying Seal Coat Sealing The Voids<br>606.98m2<br>5.10.1.a | @.98kg/m2 X 606.98m2<br>= 594.84kg | |
| ആകെ | 1815.43kg | 151.74kg |

ടി പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കാതെ കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (31/24-05-22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഹാജരാക്കുകയോ ചെയ്തില്ല. ഈ സാഹചര്യത്തിൽ ടി പ്രവൃത്തിക്ക് ചെലവഴിച്ച 189504/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അസ്സൽ ബിൽ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-48 റോഡ് നവീകരണം - റബ്ബറൈസ്ഡ് ബിറ്റുമിന് പകരം VG-30 ഉപയോഗിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കെ.പി.ആർ റോഡ് നവീകരണം (422/20, 74/21) |
| അടങ്കൽ | 3970000(CFC) |
| കരാറുകാരൻ | E.അബൂബക്കർ ഹാജി |
| ടെണ്ടർ തുക | 3336593.54 |
| എം.ബുക്ക് നം. | 283/19-20 |
| പ്രവൃത്തി മൂല്യം | 3260553.07 |
| കരാറുകാരന് നൽകിയ തുക( 12% GST ഉൾപ്പെടെ) | 3475064/- |
| ബിൽ നം./ തീയതി/ തുക | 20200247001600184870/20-05-20<br>3603772/- |

മോർത് സ്പെസിഫിക്കേഷൻ അനുസരിച്ച് അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കെ.പി.ആർ റോഡ് നവീകരണം എന്ന BM&BC ടാറിംഗ് പ്രവൃത്തിക്ക് കരാറുകാരൻ നാച്ചുറൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചില്ല. ആവശ്യമായത്ര ടാർ വാങ്ങി ഉപയോഗിച്ചിട്ടുള്ളതിന് കരാറുകാരന്റെ പേരിൽ വാങ്ങിയത് കൂടാതെ മറ്റൊരു കരാറുകാരന്റെ പേരിൽ വാങ്ങിയ ബില്ലിന്റെ പകർപ്പ് ഹാജരാക്കിയിട്ടുള്ളത് ബന്ധപ്പെട്ട അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉപയോഗിക്കാത്ത ടാറിന് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രതിഫലവും നൽകി.

ചീഫ് എഞ്ചിനിയറുടെ (ത.സ്വ.ഭ.വ) സർക്കുലർ നം.ഡി.ബി.3-6512(സി)2013/സി.ഇ/തസ്വഭവ/03-11-2016D അനുസരിച്ച് കരാറുകാർ മുഖേന നടപ്പാക്കുന്ന ടാറിഗ് / റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ തന്നെ ടാർ വാങ്ങി നൽകുന്ന സാഹചര്യത്തിൽ കരാറുകാരൻ ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ടാർ വാങ്ങിയെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി മാത്രമാണ് ബിൽ നിഷ്കർഷിക്കുന്നതെന്നും കരാറുകാരന് ടാറിന്റെ വില എഗ്രിമെന്റ് നിരക്ക് പ്രകാരം (ആയത് ഹാജരാക്കിയ ബില്ലിലെ നിരക്കിൽ കൂടുതലായാലും കുറവായാലും) മാത്രം നൽകേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അസി. എഞ്ചിനിയർ മുഖേന നടപ്പാക്കിയ ടി ടാറിംഗ് പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ശ്രീ. ഇ.അബൂബേക്കർ ഹാജിക്ക് പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ (VG-30) 24825.18 Kg , ബിറ്റുമിൻ എമൽഷൻ(RS-1) 740.91 Kg ബിറ്റുമിൻ എമൽഷൻ(SS-1) 2467.24kg എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കാസർഗോഡ് വിദ്യാ നഗർ ഇൻ്റസ്ട്രിയൽ എസ്റ്റേറ്റ് സിഡ്ക്കോ മാർക്കറ്റിംഗ് മാനേജർക്ക് അസി. എഞ്ചിനിയർ കത്ത് നൽകിയിരുന്നു. MORTHസ്പെസിഫിക്കേഷൻ പ്രകാരം ഉന്നത നിലവാരത്തിലുള്ള BM&BC ടാറിംഗ് നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതിന്റെ ആറാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ളത് (5.6.2.a Providing And Laying Bituminous Concrete With 80-100 TPH Hot Mix Plant Producing An Average Output Of 75tonees Per Hour Using Crushed Aggregates Of Specified Grading, Premixed With Bituminous Binder(NRMB) @5.4% Of Mix And Filler .........എന്നയിനമാണ്. പ്രസ്തുത

ഇനത്തിൽ MORTH സ്പെസിഫിക്കേഷൻ അനുസരിച്ച് നാച്ചുറൽ റബ്ബറൈസ്ഡ് മോഡിഫൈഡ് ബിറ്റുമിനാണ് ഉപയോഗിക്കേണ്ടത്. എന്നാൽ പ്രസ്തുത ബിറ്റുമിൻ ലഭ്യമാക്കുന്നതിന് അസി.എഞ്ചിനിയറർ സിഡ്‌ക്കോയ്ക്ക് നിർദ്ദേശം നൽകുകയോ കരാറുകാരൻ വാങ്ങുകയോ ചെയ്തിട്ടില്ല. പകരം പ്രസ്തുത ഇനത്തിനും കൂടി VG-30 ബിറ്റുമിൻ ലഭ്യമാക്കുന്നതിനാണ് അസി.എഞ്ചിനിയർ നിർദ്ദേശം നൽകിയതും കരാറുകാരൻ വാങ്ങി ഉപയോഗിച്ചിട്ടുള്ളതും. BM&BC നിലവാരത്തിൽ റോഡ് ടാർ ചെയ്യുന്നതിന് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കാഞ്ഞത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/24-06-22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല.

(I) നാച്ചുറൽ റബ്ബറൈസ്ഡ് മോഡിഫൈഡ് ബിറ്റുമിന് പകരം ബിറ്റുമിൻ VG-30 വാങ്ങിയതിൽ കുറവ്

അസി. എഞ്ചിനിയർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സിഡ്‌ക്കോ ബിൽ നം.RMDKSD19-20/851/15-01-2020 പ്രകാരം Hincol Emulsion RS1(200kg) 4 ബാരലും(800kg) Hincol Emulsion SS1(181.8kg) 14 ബാരലും(2545.2kg) മാംഗ്ളൂർ റിഫൈനറി &പെട്രോ കെമിക്കൽസ് ഇൻവോയിസ് ബിൽ നം. KA0000046120/22-01-20 പ്രകാരം VG30 BULK 11.545 മെട്രിക്ക് ടണ്ണും ഇൻവോയിസ് ബിൽ നം. KA0000045939/21-01-20 പ്രകാരം VG30 BULK 11.520 മെട്രിക്ക് ടണ്ണും ലഭ്യമാക്കിയതിന്റെ ഒറിജിനൽ ബിൽ കരാറുകാരൻ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായത്ര ബിറ്റുമിൻ കരാറുകാരൻ വാങ്ങിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ടാറിംഗ് പ്രവൃത്തിയുടെ ഇനം,അളവ് | ഡാറ്റ അനുസരിച്ച് ആവശ്യമായ ബിറ്റുമിൻ (VG-30) | ഡാറ്റ അനുസരിച്ച് ആവശ്യമായ ബിറ്റുമിൻ (NRMB) | ഡാറ്റ അനുസരിച്ച് ആവശ്യമായ ബിറ്റുമിൻ എമൽഷൻ(RS-1) | ഡാറ്റ അനുസരിച്ച് ആവശ്യമായ ബിറ്റുമിൻ എമൽഷൻ(SS-1) |
|---|---|---|---|---|
| (3)Providing And Applying Primer Coat With Bitumen Emulsion(SS-1)<br>2902.63m2<br>( MORTH 5.1.a) | - | - | - | @0.7kg/m2 X 2902.63 M2 = 2031.84kg |
| (4)Providing And Applying Tack Coat With Bitumen Emulsion(RS-1)<br>2963.63m2<br>(MORTH 5.2.a ) | - | - | @0.2kg/m2 X 2963.63m2<br>= 592.73 Kg | - |
| (5)Providing And Laying Dense Graded Bituminous Macadam(26.5mm Nominal Size) Using Crushed Aggregates Of Specified Grading, Premixed With Bituminous Binder(VG-30).....<br>148.18m3 | @20.25tonne/195m3 X 141.18m3<br>= 15387.92kg | - | - | - |

| | | | | |
|---|---|---|---|---|
| ( MORTH 5.4.2a) | | | | |
| (6)Providing And Laying Bituminous Concrete(13.2mm Nominal Size) Using Crushed Aggregates Of Specified Grading, Premixed With Bituminous Binder(NRMB)..... 74.105m3 ( MORTH 5.4.2a) | - | @24.3tonne/195m3 X 74.105m3 = 9428.01kg | - | - |
| ആകെ | 15387.92kg | 9428.01kg | 592.73kg | 2031.84kg |

മോർത് സ്പെസിഫിക്കേഷൻ പ്രകാരം ടി പ്രവൃത്തിക്ക് ആവശ്യമായ VG-30ബിറ്റുമിൻ 15387.92കി.ഗ്രാമും NRMB ബിറ്റുമിൻ 9428.01കി.ഗ്രാമുമാണ്. RS1 എമൽഷൻ 592.73 കി.ഗ്രാമും SS1 എമൽഷൻ 2031.84 കി.ഗ്രാമുമാണ്. കരാറുകാരൻ ഹാജരാക്കിയ ബിൽ അനുസരിച്ച് എമൽഷൻ ആവശ്യാനുസരണം വാങ്ങിയിട്ടുണ്ട്. എഗ്രമെന്റ് ഷെഡ്യൂൾ അനുസരിച്ച് പ്രവൃത്തി നടപ്പാക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണെന്നിരിക്കെ NRMB ബിറ്റുമിൻ ഉപയോഗിക്കേണ്ട ഇനത്തിന് VG-30 ബിറ്റുമിൻ ഉപയോഗിച്ച് നടപ്പാക്കിയത് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾക്ക് വിരുദ്ധവും കരാറിന്റെ ലംഘനവുമാണ്. ആയത് സംബന്ധിച്ച് കരാറുകാരനോട് വിശദീകരണം തേടിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് സമിതിക്കും വീഴ്ച്ച സംഭവിട്ടിച്ചുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

NRMB ബിറ്റുമിന് പകരം VG-30 ബിറ്റുമിൻ ഉപയോഗിച്ച സ്ഥിതിക്ക് ആകെ വാങ്ങേണ്ട VG-30 ബിറ്റുമിൻ 24815.93 Kg ആണെന്നിരിക്കെ കരാറുകാരൻ ഹാജരാക്കിയ ബിൽ അനുസരിച്ച് 23065kgമാത്രമാണ് വാങ്ങിയിട്ടുള്ളത്. കുറവ് 1750.93kg. B.A.ഷെറീഫ് എന്ന പി.ഡബ്ല്യ.ഡി കരാറുകാരൻ മാംഗ്ളൂർ റിഫൈനറി &പെട്രോ കെമിക്കൽസ് നിന്നും ഇൻവോയിസ് ബിൽ നം. KA00000445490/18-01-20 പ്രകാരം VG30 BULK 22.040 മെട്രിക് ടൺ വാങ്ങിയിട്ടുള്ളതിൽനിന്നും 1800kg ബിറ്റുമിൻ ടി പ്രവൃത്തിക്ക് വേണ്ടി E.അബൂബേക്കറിന് നൽകിയിട്ടുള്ളതായി ടിയാൻ തീയതി വയ്ക്കാതെ അസി.എഞ്ചിനിയർക്ക് ഒരു കത്ത് നൽകിയിട്ടുള്ളത് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. B.A.ഷെറീഫ് എന്ന പി.ഡബ്ല്യ.ഡി കരാറുകാരൻ പ്രസ്തുത ബിൽ പ്രകാരം വാങ്ങിയിട്ടുള്ള ബിറ്റുമിൻ പൊതുമരാമത്ത് വകുപ്പിലെ അഥവ തദ്ദേശ സ്ഥാപനത്തിലെ ഏതൊക്കെ പ്രവൃത്തികൾക്ക് വേണ്ടിയായിരുന്നുവെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഉപയോഗിച്ചതിന് ശേഷം ബിറ്റുമിൻ ബാക്കി വന്നിട്ടുണ്ടെങ്കിൽ ആയതിൽ നിന്നും 1800 Kg VG-30 ബിറ്റുമിൻ KPR റാവു റോഡ് നവീകരണ പ്രവൃത്തിക്കുവേണ്ടി ട്രാൻസ്ഫർ ചെയ്യുന്നുവെന്ന് ആ സ്ഥാപനത്തിലെ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി നൽകുകയാണ് വേണ്ടത്. യാതൊരു സാക്ഷ്യപ്പെടുത്തലുമില്ലാതെ ഇൻവോയിസ് ബിൽ പകർപ്പ് ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ അസി.എഞ്ചിനിയർ ടി ഇൻവോയിസ് ബിൽ പ്രകാരം 1800 Kg ബിറ്റുമിൻ ലഭ്യമാക്കിയിട്ടുള്ളതായി ടി പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏത് സ്ഥാപനത്തിന് വേണ്ടിയാണ് പ്രസ്തുത ബിൽ പ്രകാരം ബിറ്റുമിൻ വാങ്ങിയിയിട്ടുള്ളതെന്നും അവശേഷിച്ച ബിറ്റുമിനിൽ 1800kg ട്രാൻസ്ഫർ ചെയ്യുന്നതായും ആ സ്ഥാപനത്തിലെ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് പ്രകാരം ഒരു കി.ഗ്രാമിന് 37.42രൂപ നിരക്കിൽ(കടത്ത്കൂലിയും ഓവർ ഹെഡ് ചാർജ്ജും സി.പിയുമുൾപ്പെടെ) കരാറുകാരന് നൽകിയ 65520 രൂപ (1750.93x37.42) തടസ്സപ്പെടുത്തുന്നതാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/24-06-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. അസ്സൽ ബില്ലിന്റെ അഭാവത്തിൽ ടി 65520/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(Ii) NRMB ബിറ്റുമിന് പകരം VG-30 ഉപയോഗി ച്ച - വിലവ്യത്യാസം ഫൈനൽ ബിൽ പ്രകാരം കണക്കാക്കി ഈടാക്കിയതിൽ കുറവ്

ടി പ്രവത്തിയുടെ 6ാം ഇനമായ "Providing And Laying Bituminous Concrete(13.2mm Nominal Size) Using Crushed Aggregates Of Specified Grading, Premixed With Bituminous Binder(NRMB).....എന്ന ഇനത്തിന്റെ നിരക്കിൽ(9700.26/m3) പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ NRMB ബിറ്റുമിന്റെ വില ടണ്ണിന് 35370/- രൂപയും കടത്തുകൂലി ടണ്ണിന് 103/-രൂപയും 10% ഓവർഹെഡ് ചാർജ്ജും 10% കരാറുകാരന്റെ ലാഭവിഹിതവും ഉൾപ്പെടെ ഒരു

കി.ഗ്രാമിന് 42.92 രൂപയാണ് ഉൾപ്പെടുത്തിയിയിട്ടുള്ളത്. ആയതിന് പകരം VG -30 ബൾക്ക് ബിറ്റുമിൻ വാങ്ങി ഉപയോഗിച്ചതിനാൽ ആയിന്റെ വില ടണ്ണിന് 30820/- രൂപയും കടത്ത്കൂലി ടണ്ണിന് 103/-രൂപയും 10% ഓവർഹെഡ് ചാർജ്ജം 10% കരാറുകാരന്റെ ലാഭവിഹിതവും ഉൾപ്പെടെ ഒരു കി.ഗ്രാമിന് 37.42 രൂപയാണ് പ്രസ്തുത നിരക്കിൽ കരാറുകാരന് അർഹതപ്പെട്ടിട്ടുള്ളത്. അതായത് ഒരു കി.ഗ്രാമിന് 5.50 രൂപ അധികമായാണ് എസ്റ്റിമേറ്റ് നിരക്കിൽ ഉൾപ്പെട്ടിട്ടുള്ളത്. അളവ് പുസ്തക പ്രകാരം ടി ബിറ്റുമിനസ് കോൺക്രീറ്റ് പ്രവത്തി 74.105 ക്യൂബിക്ക് മീറ്ററാണ് ചെയ്തിട്ടുള്ളത്. ആയതിന് ആവശ്യമായ NRMB ബിറ്റുമിൻ 9428 കി.ഗ്രാമാണ്. പകരം VG -30 ബിറ്റുമിൻ ഉപയോഗിച്ചതിനാൽ ടി വില വ്യത്യാസമായ 5.50 ക്രമത്തിൽ 9428 കി.ഗ്രാമിന് 51854/- രൂപയാണ് ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 42899.13 രൂപ മാത്രമാണ് വില വ്യത്യാസമായി കുറവ് ചെയ്തത്. ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ 8954.87=8955/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നതാണെന്നുള്ളവിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(30/24-06-22) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-49 നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്. പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണം. EMD കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാർ ഏറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ റീടെണ്ടർ ചെയ്യണം.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനുള്ളിൽ കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി മേൽത്തരത്തിലുള്ള തുടർ നടപടികൾ സ്വീകരക്കുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ സെലക്ഷൻ നോട്ടീസ് ലഭിച്ച കരാറുകാരെ പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞ് ആഴ്ച്ചകളും മാസങ്ങളും കാലതാമസം വരുത്തി എഗ്രിമെന്റ് വയ്ക്കുന്നതിന് അനുവദിച്ചിട്ടും പിഴയീടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. പൊതുമരാമത്ത് മാന്വലിൽ നിഷ്ക്കർഷിച്ചിട്ടുള്ള തരത്തിൽ കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴയീടാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുമുണ്ടായ വീഴ്ചയാണ്. പിഴയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന 396178/- രൂപ നഷ്ടപ്പെടുത്തിയതിന്റെ വിശദാംശം അനുബന്ധം III ആയി ഈ റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുത്തിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (9/02-06-22) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി 396178/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-50 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ മുനിസിപ്പൽ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

നികുതിയേതര വരുമാനമിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ടെണ്ടർ ഫീ മുനിസിപ്പൽ എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് നഗരസഭകളിൽ മുനിസിപ്പൽ എഞ്ചിനിയരുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 2015-16 മുതൽ നാളിതുവരെ പ്രസ്തുത അക്കൗണ്ടിൽ ഇ ടെണ്ടർ ഫീ ഇനത്തിൽ എത്ര രൂപ ക്രഡിറ്റ് വന്നിട്ടുണ്ടെന്നും എത്ര രൂപ മുനിസിപ്പൽ അക്കൗണ്ടിലേക്ക്

ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുട്ടുണ്ടെന്നും ആരാഞ്ഞുകൊണ്ട് അസി.എഞ്ചിനിയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/30-06-22) മറുപടി ലഭ്യമാക്കിയില്ല. ഇ ടെണ്ടർ ഫീ ഇനത്തിൽ എത്ര രൂപ ക്രഡിറ്റ് വന്നിട്ടുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് കണക്കാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതും പ്രസ്തുത തുക പലിശ സഹിതം മുനിസിപ്പൽ ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ്- ലേലം കൊണ്ട കടമുറി റിപ്പയർ ചെയ്ത് നൽകിയിട്ടില്ല- നഗരസഭയ്ക്ക് 88,800/- രൂപയുടെ നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കാസർഗോഡ് നഗരസഭയുടെ അധീനതയിലുള്ള പഴയ ബസ്റ്റാന്റ് കോംപ്ലക്സിലെ ഒന്നാം നിലയിലെ 17-ാം നമ്പർ മുറി 12.02.2019 ന് നടന്ന ലേലത്തിൽ ശ്രീമതി. സൗമ്യ.ടി ക്ക് 7,400/- രൂപ മാസ വാടകയിൽ അനുവദിച്ചിരുന്നു. (7.03.19ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനം) മുറി അനുവദിക്കുന്ന സമയത്ത് മുറിയുടെ ഷട്ടർ റിപ്പയർ ചെയ്യുമെന്നും മുറി തിരിച്ചുള്ള ഇടച്ചുമർ ചെയ്ത് തരാമെന്നും ടിയാൾക്ക് നഗരസഭ ഉറപ്പുകൊടുത്തതായി ശ്രീമതി സൗമ്യ 19.06.2019 ലെ കത്തിൽ പറയുന്നു. മേൽ പ്രവൃത്തികൾ ചെയ്തിട്ടില്ലാത്തതിനാൽ ശ്രീമതി. സൗമ്യ 19.06.2019 ലെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തികൾ ചെയ്തു തരണമെന്നും അതിന് ശേഷം കരാർ വയ്ക്കാമെന്നും നഗരസഭയെ അറിയിക്കുകയുണ്ടായി. ഇത് നടപ്പാവാത്തതിനാൽ 18.11.2019ലെ കത്ത് പ്രകാരം ടിയാരി ഡെപ്പോസിറ്റ് ചെയ്ത 33,350/- രൂപ തിരികെ ആവശ്യപ്പെട്ടു.

എന്നാൽ ഇതിന് മറുപടിയായി നഗരസഭ 19/02/2020ലെ ആർ-4/10647/19 നമ്പർ കത്തിൽ കുടിശ്ശിക ഉൾപ്പെടെ 1,10,586/- രൂപ അടക്കാൻ ശ്രീമതി. സൗമ്യയോട് ആവശ്യപ്പെട്ടു . എന്നാൽ ടിയാരി 25.09.2020ൽ നഗരസഭക്ക് നൽകിയ മറുപടി കത്തിൽ താൻ ഒരു ദിവസം പോലും മുറി ഉപയോഗിച്ചില്ലെന്നും നഗരസഭ ഉറപ്പു പാലിക്കാത്തതിനാൽ ഡെപ്പോസിറ്റ് തിരികെ വേണമെന്നും ആവശ്യപ്പെട്ടു.

തുടർന്ന് നടന്ന മുനിസിപ്പൽ കൗൺസിലിന്റെ 06.11.2020 ലെ 1-ാം നമ്പർ തീരുമാനത്തിൽ ശ്രീമതി. സൗമ്യയുടെ വാദഗതികൾ അംഗീകരിക്കുകയും ഡെപ്പോസിറ്റ് തിരികെ നൽകാൻ തീരുമാനിക്കുകയും ചെയ്തു (വൗച്ചർ നം. 460/11.12.2020 Rs. 33,350/-). റൂം യഥാസമയം റിപ്പയർ ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാനും തീരുമാനിച്ചു. ഇത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ വിശദീകരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 25/2020-21/date. 15.06.2022) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ലേല സമയത്ത് റൂം റിപ്പയർ ചെയ്യാമെന്നുള്ള ഉറപ്പ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും നഗരസഭ ഇതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ഈയിനത്തിൽ നഗരസഭയ്ക്ക് 88,800/- രൂപയുടെ നഷ്ടം (7400x12) സംഭവിച്ചിട്ടുണ്ട്. പ്രസ്തുത നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 GMVHSS ക്ലാസ്സ് റൂം മെയിന്റനൻസ്(286/19, 1376/20, 309/21)

| | |
|---|---|
| കൺവീനർ | സി.വിനോദ, ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 500000/- |
| എം.ബുക്ക് നം. | 246/19-20 |
| പ്രവൃത്തിമൂല്ല്യം | 465265/- |
| ബിൽ നം /തീയതി/തുക | 20200247001600812330/08-12-20<br>465265/- |

(I) വാറ്റ് നിർത്തലാക്കിയിട്ടും ഓവർഹെഡ് ചാർജിൽ മാറ്റം വരുത്തിയില്ല

ടി പ്രവൃത്തിയുടെ അടങ്കൽ 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതിനാൽ ആദായ നികുതി(2%), ക്ഷേമ നിധി(1%), വാറ്റ് എന്നിവ കഴിച്ചിട്ടാണ് ഗുണഭോക്തൃ സമിതിക്ക് അർഹതപ്പെട്ട തുക

കണക്കാക്കേണ്ടത്. 01-07-2017 മുതൽ വാറ്റ് നിർത്തലാക്കി ജി.എസ്.റ്റി ബാധകമാക്കിയ സാഹചര്യത്തിൽ 2% ആദായ നികുതിയും 1% ക്ഷേമനിധിയും 2 % ജി.എസ്.റ്റിയും കഴിച്ച് ബാക്കിയുള്ള 2.5% തുകയ്ക്ക് സമിതിക്ക് അർഹതയില്ലാത്തതാണ്. പ്രസ്തുത തുക കുറച്ചിട്ട് വേണമായിരുന്ന അർഹതപ്പെട്ട തുക കണക്കാക്കേണ്ടിയിരുന്നത്. ആകെ പ്രവൃത്തിമൂല്ല്യമായ 465265/- രൂപയുടെ 100% കണക്കാക്കി അതിന്റെ 2.5% തുകയാണ് കുറവ് ചെയ്യേണ്ടിയിരുന്നത്. അതായത് 10820/- രൂപ സമിതിക്ക് അർഹതപ്പെട്ടതല്ല. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കാതിരിക്കുവാൻ എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് (12/08-06-22)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി 10820/- രൂപ ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

(Ii) സംയുക്ത അക്കൗണ്ട് തുടങ്ങി യതിന്റെ രേഖകൾ ഇല്ല

ഗുണഭോക്തൃസമിതികൾ മുഖേന പൊതുമരാമത്ത് പണികൾ നടപ്പിലാക്കുന്നതിനായി 13-11-2014 ലെ തദ്ദേശഭരണ വകുപ്പിന്റെ 1/1559/2010/സി.ഇ./തസ്വഭവ ാം നം . സർക്കുലറിലെ പറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് കൺവീനറിന്റെയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ സംയുക്ത അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളൂ. എന്നാൽ സംയുക്ത അക്കൗണ്ട് തുടങ്ങിയതിന്റെ രേഖകൾ ഫയലില്ല. സാംഖ്യ ബിൽ പ്രകാരം 0813108065597(IFS Code – CNRB0000813) എന്ന അക്കൗണ്ടിലേക്കാണ് തുക ക്രഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത അക്കൗണ്ട് ആരുടെ പേരിൽ തുടങ്ങിയിട്ടുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി നമ്പറിലുള്ള ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കാനറാ ബാങ്ക് പയ്യന്നൂർ ശാഖയിലെ പ്രസ്തുത അക്കൗണ്ട് നം. സി.വിനോദ എന്ന കൺവീനറുടെ സ്വന്തം പേരിലുള്ള എസ്.ബി അക്കൗണ്ട് ആണെന്നാണ് ഓഡിറ്റ് ഫോൺ മുഖേന നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ഗുണഭോക്തൃ സമിതിയെക്കൊണ്ട് സംയുക്ത അക്കൗണ്ട് തുടങ്ങിക്കാതെ കൺവീനറുടെ സ്വന്തം പേരിലുള്ള അക്കൗണ്ടിലേക്ക് ഫൈനൽ ബിൽതുക ക്രഡിറ്റ് ചെയ്ത അസി.എഞ്ചിനിയറുടെ നടപടി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-2 GMVHSS ചുറ്റ് മതിൽ ബാക്കി ഭാഗം(168/20, 67/21)

| | |
|---|---|
| കൺവീനർ | സി.വിനോദ, ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 1133000/- |
| എം.ബുക്ക് നം. | 320/19-20 |
| പ്രവൃത്തിമൂല്ല്യം | 991594/- |
| ബിൽ നം /തീയതി/തുക | 20200247001600811009/08-12-20 1110585/- |

(I) വാറ്റ് നിർത്തലാക്കിയിട്ടും ഓവർഹെഡ് ചാർജിൽ മാറ്റം വരുത്തിയില്ല

ടി പ്രവൃത്തിയുടെ അടങ്കൽ 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതിനാൽ ആദായ നികുതി(2%), ക്ഷേമ നിധി(1%), വാറ്റ് എന്നിവ കഴിച്ചിട്ടാണ് ഗുണഭോക്തൃ സമിതിക്ക് അർഹതപ്പെട്ട തുക കണക്കാക്കേണ്ടത്. 01-07-2017 മുതൽ വാറ്റ് നിർത്തലാക്കി ജി.എസ്.റ്റി ബാധകമാക്കിയ സാഹചര്യത്തിൽ 2% ആദായ നികുതിയും 1% ക്ഷേമനിധിയും 2 % ജി.എസ്.റ്റിയും കഴിച്ച് ബാക്കിയുള്ള 2.5% തുകയ്ക്ക് സമിതിക്ക് അർഹതയില്ലാത്തതാണ്. പ്രസ്തുത തുക കുറച്ചിട്ട് വേണമായിരുന്ന അർഹതപ്പെട്ട തുക കണക്കാക്കേണ്ടിയിരുന്നത്. ആകെ പ്രവൃത്തിമൂല്ല്യമായ 991594/- രൂപയുടെ 100% കണക്കാക്കി അതിന്റെ 2.5% തുകയാണ് കുറവ് ചെയ്യേണ്ടിയിരുന്നത്. അതായത് 23060/- രൂപ സമിതിക്ക് അർഹതപ്പെട്ടതല്ല. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കാതിരിക്കുവാൻ എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (12/08-06-22)മറുപടി ലഭ്യമാക്കിയില്ല. ടി 23060/- രൂപ കൺവീനറിൽ നിന്ന് തിരിച്ച് പിടിക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

(Ii) ജി.എസ്.റ്റി ഒടുക്ക് വരുത്തിയതിന്റെ രേഖകൾ ഇല്ലാതെ ഗുണഭോക്തൃ സമിതിക്ക് കോമ്പൻസേഷൻ നൽകി .

ധനകാര്യ(വ്യവസായം&പൊതുമരാമത്ത്-ബി) വകുപ്പിന്റെ 01-03-2-19 ലെ 18/2019/ഫിൻ സർക്കുലർ അനുസരിച്ച് എസ്റ്റിമേറ്റ് തുകയോടൊപ്പം ബാധകമായ ജി.എസ്.റ്റി തുക കൂടി ഭരണാനുമതി തുകയിൽ ഉൾപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിരുന്നു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലും 12% ജി.എസ്.റ്റി തുക കൂടി പ്രത്യേകമായി

ഉൾപ്പെടുത്തിയാണ് ആകെ അടങ്കൽ 1133000/- രൂപ നിർണ്ണയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിമൂല്യ തുകയായ 991594/- രൂപയോടൊപ്പം 12% ജി.എസ്.റ്റി തുകയായ 118991/-രൂപ കൂട്ടി 1110585/- രൂപ ഫൈനൽ ബിൽ തുക കണക്കാക്കി ആയതിൽ നിന്നും നിയമ പ്രകാരമുള്ള നികുതികൾ കഴിച്ച് കൺവീനർക്ക് അർഹതപ്പെട്ട തുക 1061005/- രൂപയായി കണക്കാക്കിയിട്ടുണ്ട്. കണവീനറിന്റെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൗണ്ട് തുടങ്ങിയതിന്റെ രേഖകളില്ല. സാംഖ്യ ബിൽ പ്രകാരം 0813108065597(IFS Code – CNRB0000813) എന്ന അക്കൗണ്ടിലേക്കാണ് തുക ക്രഡിറ്റ് ചെയ്തിട്ടുള്ളത്. .പ്രസ്തുത അക്കൗണ്ട് ആരുടെ പേരിൽ തുടങ്ങിയിട്ടുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി നമ്പറിലുള്ള ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കാനറാ ബാങ്ക് പയ്യന്നൂർ ശാഖയിലെ പ്രസ്തുത അക്കൗണ്ട് നം. സി.വിനോദ എന്ന കൺവീനറുടെ സ്വന്തം പേരിലുള്ള എസ്.ബി അക്കൗണ്ട് ആണെന്നാണ് ഓഡിറ്റ് ഫോൺ മുഖേന നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ഗുണഭോക്തൃ സമിതിയെക്കൊണ്ട് സംയുക്ത അക്കൗണ്ട് തുടങ്ങിക്കാതെ കൺവീനറുടെ സ്വന്തം പേരിലുള്ള അക്കൗണ്ടിലേക്ക് ഫൈനൽ ബിൽതുക ക്രഡിറ്റ് ചെയ്ത അസി.എഞ്ചിനിയറുടെ നടപടി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ഗുണഭോക്തൃ സമിതിയുടെ പേരിൽ ജി.എസ്.റ്റി രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകളോ കൺവീനർ ടി പ്രവൃത്തിക്കായി ജി.എസ്.റ്റി ഒടുക്ക് വരുത്തിയതിന്റെ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2018 ലെ സി.ജി.എസ്.റ്റി (ഭേദഗതി) ആക്ട് പ്രകാരം പ്രൊവിസോ കൂട്ടിച്ചേർത്ത വിജ്ഞാപനം നം.10/2019/Central Tax തീയതി 07-03-19 അനുസരിച്ച് വിതരണക്കാർ, നികുതി ബാധകമായ സാധനങ്ങളുടെയോ സേവനങ്ങളുടെയോ വിതരണം നടത്തുമ്പോൾ ഒരു വർഷത്തെ മൊത്തം വിറ്റ് വരവ് 20 ലക്ഷത്തിൽ അധികരിക്കുകയാണെങ്കിൽ ജി.എസ്.റ്റി രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ പരിധി 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (12/08-06-22) മുഖേന ആവശ്യപ്പെട്ടുവെങ്കിലും പരിശോധനക്ക് ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ രേഖകൾ ഇല്ലായെന്ന നിഗമനത്തിൽ ഓഡിറ്റ് എത്തിച്ചേരുന്നു. രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്തവരിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആ സപ്ലൈയറുമായി ബന്ധപ്പെട്ട നികുതി റിവേഴ്സ് ചാർജ് തത്വ പ്രകാരം സ്വീകർത്താവായ അസി.എഞ്ചിനിയർ സർക്കാരിലേക്ക് നേരിട്ട് അടക്കേണ്ടതാണ്. ആയതിനാൽ ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ നൽകിയ 118991/-രൂപ കൺവീനറിൽ നിന്നും തിരികെ ഈടാക്കി ജി.എസ്.റ്റി വകുപ്പ് നിശ്ചയിക്കുന്ന പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ഒടുക്ക് വരുത്തേണ്ടതാണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 റോഡ് നവീകരണം - റബ്ബറൈസ്ഡ് ബിറ്റുമിന് പകരം VG-30 ഉപയോഗിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കെ.പി.ആർ റോഡ് നവീകരണം (422/20, 74/21) |
| അടങ്കൽ | 3970000(CFC) |
| കരാറുകാരൻ | E.അബൂബക്കർ ഹാജി |
| ടെണ്ടർ തുക | 3336593.54 |
| എം.ബുക്ക് നം. | 283/19-20 |
| പ്രവൃത്തി മൂല്യം | 3260553.07 |
| കരാറുകാരന് നൽകിയ തുക ( 12% GST ഉൾപ്പെടെ) | 3475064/- |
| ബിൽ നം./ തീയതി/ തുക | 20200247001600184870/20-05-20<br>3603772/- |

മോർത്ത് സ്പെസിഫിക്കേഷൻ അനുസരിച്ച് അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കെ.പി.ആർ റോഡ് നവീകരണം എന്ന BM&BC ടാറിംഗ് പ്രവൃത്തിക്ക് കരാറുകാരൻ നാച്ചുറൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചില്ല. ആവശ്യമായത്ര ടാർ വാങ്ങി ഉപയോഗിച്ചിട്ടുള്ളതിന് കരാറുകാരന്റെ പേരിൽ വാങ്ങിയത് കൂടാതെ മറ്റൊരു കരാറുകാരന്റെ പേരിൽ വാങ്ങിയ ബില്ലിന്റെ പകർപ്പ് ഹാജരാക്കിയിട്ടുള്ളത് ബന്ധപ്പെട്ട അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉപയോഗിക്കാത്ത ടാറിന് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രതിഫലവും നൽകി.

ചീഫ് എഞ്ചിനിയറുടെ (ത.സ്വ.ഭ.വ) സർക്കുലർ നം.ഡി.ബി.3-6512(സി)2013/സി.ഇ/തസ്വഭവ/03-11-2016D അനുസരിച്ച് കരാറുകാർ മുഖേന നടപ്പാക്കുന്ന ടാറിഗ് / റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ തന്നെ ടാർ വാങ്ങി നൽകുന്ന സാഹചര്യത്തിൽ കരാറുകാരൻ ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ടാർ വാങ്ങിയെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി മാത്രമാണ് ബിൽ നിഷ്കർഷിക്കുന്നതെന്നും കരാറുകാരന് ടാറിന്റെ വില എഗ്രിമെന്റ് നിരക്ക് പ്രകാരം (ആയത് ഹാജരാക്കിയ ബില്ലിലെ നിരക്കിൽ കൂടുതലായാലും കുറവായാലും) മാത്രം നൽകേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അസി. എഞ്ചിനിയർ മുഖേന നടപ്പാക്കിയ ടി ടാറിംഗ് പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ശ്രീ. ഇ.അബൂബക്കർ ഹാജിക്ക് പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ (VG-30) 24825.18 Kg , ബിറ്റുമിൻ എമൽഷൻ(RS-1) 740.91 Kg ബിറ്റുമിൻ എമൽഷൻ(SS-1) 2467.24kg എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കാസർഗോഡ് വിദ്യാ നഗർ ഇൻസ്ട്രിയൽ എസ്റ്റേറ്റ് സിഡ്കോ മാർക്കറ്റിംഗ് മാനേജർക്ക് അസി. എഞ്ചിനിയർ കത്ത് നൽകിയിരുന്നു. MORTHസ്പെസിഫിക്കേഷൻ പ്രകാരം ഉന്നത നിലവാരത്തിലുള്ള BM&BC ടാറിംഗ് നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതിന്റെ ആറാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ളത് (5.6.2.a Providing And Laying Bituminous Concrete With 80-100 TPH Hot Mix Plant Producing An Average Output Of 75tonees Per Hour Using Crushed Aggregates Of Specified Grading, Premixed With Bituminous Binder(NRMB) @5.4% Of Mix And Filler .........എന്നയിനമാണ്. പ്രസ്തുത ഇനത്തിൽ MORTH സ്പെസിഫിക്കേഷൻ അനുസരിച്ച് നാച്ചുറൽ റബ്ബറൈസ്ഡ് മോഡിഫൈഡ് ബിറ്റുമിനാണ് ഉപയോഗിക്കേണ്ടത്. എന്നാൽ പ്രസ്തുത ബിറ്റുമിൻ ലഭ്യമാക്കുന്നതിന് അസി.എഞ്ചിനിയർ സിഡ്ക്കോയ്ക്ക് നിർദ്ദേശം നൽകുകയോ കരാറുകാരൻ വാങ്ങുകയോ ചെയ്തിട്ടില്ല. പകരം പ്രസ്തുത ഇനത്തിനും കൂടി VG-30 ബിറ്റുമിൻ ലഭ്യമാക്കുന്നതിനാണ് അസി.എഞ്ചിനിയർ നിർദ്ദേശം നൽകിയതും കരാറുകാരൻ വാങ്ങി ഉപയോഗിച്ചിട്ടുള്ളതും. BM&BC നിലവാരത്തിൽ റോഡ് ടാർ ചെയ്യുന്നതിന് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കാഞ്ഞത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/24-06-22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല.

(I) നാച്ചുറൽ റബ്ബറൈസ്ഡ് മോഡിഫൈഡ് ബിറ്റുമിന് പകരം ബിറ്റുമിൻ VG-30 വാങ്ങിയതിൽ കുറവ്

അസി. എഞ്ചിനിയർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സിഡ്കോ ബിൽ നം.RMDKSD19-20/851 /15-01-2020 പ്രകാരം Hincol Emulsion RS1(200kg) 4 ബാരലും(800kg) Hincol Emulsion SS1(181.8kg) 14 ബാരലും(2545.2kg) മാംഗ്ളൂർ റിഫൈനറി &പെട്രോ കെമിക്കൽസ് ഇൻവോയിസ് ബിൽ നം. KA0000046120/22-01-20 പ്രകാരം VG30 BULK 11.545 മെട്രിക്ക് ടണ്ണും ഇൻവോയിസ് ബിൽ നം. KA0000045939/21-01-20 പ്രകാരം VG30 BULK 11.520 മെട്രിക്ക് ടണ്ണും ലഭ്യമാക്കിയതിന്റെ ഒറിജിനൽ ബിൽ കരാറുകാരൻ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായത്ര ബിറ്റുമിൻ കരാറുകാരൻ വാങ്ങിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ടാറിംഗ് പ്രവൃത്തിയുടെ ഇനം,അളവ് | ഡാറ്റ അനുസരിച്ച് ആവശ്യമായ ബിറ്റുമിൻ (VG-30) | ഡാറ്റ അനുസരിച്ച് ആവശ്യമായ ബിറ്റുമിൻ (NRMB) | ഡാറ്റ അനുസരിച്ച് ആവശ്യമായ ബിറ്റുമിൻ എമൽഷൻ(RS-1) | ഡാറ്റ അനുസരിച്ച് ആവശ്യമായ ബിറ്റുമിൻ എമൽഷൻ(SS-1) |
|---|---|---|---|---|
| (3)Providing And Applying Primer Coat With Bitumen Emulsion(SS-1) 2902.63m2 ( MORTH 5.1.a) | - | - | - | @0.7kg/m2 X 2902.63 M2 = 2031.84kg |
| (4)Providing And Applying Tack Coat With Bitumen Emulsion(RS-1) 2963.63m2 (MORTH 5.2.a ) | - | - | @0.2kg/m2 X 2963.63m2 = 592.73 Kg | - |

| | | | | |
|---|---|---|---|---|
| (5)Providing And Laying Dense Graded Bituminous Macadam(26.5mm Nominal Size) Using Crushed Aggregates Of Specified Grading, Premixed With Bituminous Binder(VG-30)..... 148.18m3 ( MORTH 5.4.2a) | @20.25tonne/195m3 X 148.18m3 = 15387.92kg | - | - | - |
| (6)Providing And Laying Bituminous Concrete(13.2mm Nominal Size) Using Crushed Aggregates Of Specified Grading, Premixed With Bituminous Binder(NRMB)..... 74.105m3 ( MORTH 5.4.2a) | - | @24.3tonne/195m3 X 74.105m3 = 9428.01kg | - | - |
| ആകെ | 15387.92kg | 9428.01kg | 592.73kg | 2031.84kg |

മോർത് സ്പെസിഫിക്കേഷൻ പ്രകാരം ടി പ്രവൃത്തിക്ക് ആവശ്യമായ VG-30 ബിറ്റുമിൻ 15387.92കി.ഗ്രാമും NRMB ബിറ്റുമിൻ 9428.01 കി.ഗ്രാമുമാണ്. RS1 എമൽഷൻ 592.73 കി.ഗ്രാമും SS1 എമൽഷൻ 2031.84 കി.ഗ്രാമുമാണ്. കരാറുകാരൻ ഹാജരാക്കിയ ബിൽ അനുസരിച്ച് എമൽഷൻ ആവശ്യാനുസരണം വാങ്ങിയിട്ടുണ്ട്. എഗ്രിമെന്റ് ഷെഡ്യൂൾ അനുസരിച്ച് പ്രവൃത്തി നടപ്പാക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണെന്നിരിക്കെ NRMB ബിറ്റുമിൻ ഉപയോഗിക്കേണ്ട ഇനത്തിന് VG-30 ബിറ്റുമിൻ ഉപയോഗിച്ച് നടപ്പാക്കിയത് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾക്ക് വിരുദ്ധവും കരാറിന്റെ ലംഘനവുമാണ്. ആയത് സംബന്ധിച്ച് കരാറുകാരനോട് വിശദീകരണം തേടിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് സമിതിക്കും വീഴ്ച്ച സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

NRMB ബിറ്റുമിന് പകരം VG-30 ബിറ്റുമിൻ ഉപയോഗിച്ച സ്ഥിതിക്ക് ആകെ വാങ്ങേണ്ട VG-30 ബിറ്റുമിൻ 24815.93 Kg ആണെന്നിരിക്കെ കരാറുകാരൻ ഹാജരാക്കിയ ബിൽ അനുസരിച്ച് 23065kg മാത്രമാണ് വാങ്ങിയിട്ടുള്ളത്. കുറവ് 1750.93kg. B.A.ഷെറീഫ് എന്ന പി.ഡബ്ല്യ.ഡി കരാറുകാരൻ മാംഗ്ളൂർ റിഫൈനറി &പെട്രോ കെമിക്കൽസ് നിന്നും ഇൻവോയിസ് ബിൽ നം. KA00000445490/18-01-20 പ്രകാരം VG30 BULK 22.040 മെട്രിക്ക് ടൺ വാങ്ങിയിട്ടുള്ളതിൽ നിന്നും 1800kg ബിറ്റുമിൻ ടി പ്രവൃത്തിക്ക് വേണ്ടി E.അബൂബക്കറിന് നൽകിയിട്ടുള്ളതായി ടിയാൻ തീയതി വയ്ക്കാതെ അസി.എഞ്ചിനിയർക്ക് ഒരു കത്ത് നൽകിയിട്ടുള്ളത് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. B.A.ഷെറീഫ് എന്ന പി.ഡബ്ല്യ.ഡി കരാറുകാരൻ പ്രസ്തുത ബിൽ പ്രകാരം വാങ്ങിയിട്ടുള്ള ബിറ്റുമിൻ പൊതുമരാമത്ത് വകുപ്പിലെ അഥവാ തദ്ദേശ സ്ഥാപനത്തിലെ ഏതൊക്കെ പ്രവൃത്തികൾക്ക് വേണ്ടിയായിരുന്നുവെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഉപയോഗിച്ചതിന് ശേഷം ബിറ്റുമിൻ ബാക്കി വന്നിട്ടുണ്ടെങ്കിൽ ആയതിൽ നിന്നും 1800 Kg VG-30 ബിറ്റുമിൻ KPR റാവു റോഡ് നവീകരണ പ്രവൃത്തിക്കുവേണ്ടി ട്രാൻസ്ഫർ ചെയ്യുന്നുവെന്ന് ആ സ്ഥാപനത്തിലെ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി നൽകുകയാണ് വേണ്ടത്. യാതൊരു സാക്ഷ്യപ്പെടുത്തലുമില്ലാതെ ഇൻവോയിസ് ബിൽ പകർപ്പ് ഫയലിൽ

സൂക്ഷിച്ചിരിക്കുകയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ അസി.എഞ്ചിനിയർ ടി ഇൻവോയിസ് ബിൽ പ്രകാരം 1800 Kg ബിറ്റുമിൻ ലഭ്യമാക്കിയിട്ടുള്ളതായി ടി പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏത് സ്ഥാപനത്തിന് വേണ്ടിയാണ് പ്രസ്തുത ബിൽ പ്രകാരം ബിറ്റുമിൻ വാങ്ങിയിയിട്ടുള്ളതെന്നും അവശേഷിച്ച ബിറ്റുമിനിൽ 1800kg ട്രാൻസ്ഫർ ചെയ്യുന്നതായും ആ സ്ഥാപനത്തിലെ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് പ്രകാരം ഒരു കി.ഗ്രാമിന് 37.42 രൂപ നിരക്കിൽ(കടത്ത്കൂലിയും ഓവർ ഹെഡ് ചാർജ്ജും സി.പിയുമുൾപ്പെടെ) കരാറുകാരന് നൽകിയ 65520/- രൂപ (1750.93x37.42) തടസ്സപ്പെടുത്തുന്നതാണെന്നുള്ള വിവരം .ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/24-06-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. അസ്സൽ ബില്ലിന്റെ അഭാവത്തിൽ ടി 65520/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(Ii) NRMB ബിറ്റുമിന് പകരം VG-30 ഉപയോഗി ച്ച - വിലവ്യത്യാസം ഫൈനൽ ബിൽ പ്രകാരം കണക്കാക്കി ഈടാക്കിയതിൽ കുറവ്

ടി പ്രവത്തിയുടെ 6ാം ഇനമായ "Providing And Laying Bituminous Concrete(13.2mm Nominal Size) Using Crushed Aggregates Of Specified Grading, Premixed With Bituminous Binder(NRMB).....എന്ന ഇനത്തിന്റെ നിരക്കിൽ(9700.26/m3) പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ NRMB ബിറ്റുമിന്റെ വില ടണ്ണിന് 35370/- രൂപയും കടത്തുകൂലി ടണ്ണിന് 103/-രൂപയും 10% ഓവർഹെഡ് ചാർജ്ജും 10% കരാറുകാരന്റെ ലാഭവിഹിതവും ഉൾപ്പെടെ ഒരു കി.ഗ്രാമിന് 42.92 രൂപയാണ് ഉൾപ്പെടുത്തിയിയിട്ടുള്ളത്. ആയതിന് പകരം VG -30 ബൾക്ക് ബിറ്റുമിൻ വാങ്ങി ഉപയോഗിച്ചതിനാൽ ആയതിന്റെ വില ടണ്ണിന് 30820/- രൂപയും കടത്ത്കൂലി ടണ്ണിന് 103/-രൂപയും 10% ഓവർഹെഡ് ചാർജ്ജും 10% കരാറുകാരന്റെ ലാഭവിഹിതവും ഉൾപ്പെടെ ഒരു കി.ഗ്രാമിന് 37.42 രൂപയാണ് പ്രസ്തുത നിരക്കിൽ കരാറുകാരന് അർഹതപ്പെട്ടിട്ടുള്ളത്. അതായത് ഒരു കി.ഗ്രാമിന് 5.50 രൂപ അധികമായാണ് എസ്റ്റിമേറ്റ് നിരക്കിൽ ഉൾപ്പെട്ടിട്ടുള്ളത്. അളവ് പുസ്തക പ്രകാരം ടി ബിറ്റുമിനസ് കോൺക്രീറ്റ് പ്രവൃത്തി 74.105 ക്യൂബിക്ക് മീറ്ററാണ് ചെയ്തിട്ടുള്ളത്. ആയതിന് ആവശ്യമായ NRMB ബിറ്റുമിൻ 9428 കി.ഗ്രാമാണ്. പകരം VG -30 ബിറ്റുമിൻ ഉപയോഗിച്ചതിനാൽ ടി വില വ്യത്യാസമായ 5.50 ക്രമത്തിൽ 9428 കി.ഗ്രാമിന് 51854/- രൂപയാണ് ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 42899.13 രൂപ മാത്രമാണ് വില വ്യത്യാസമായി കുറവ് ചെയ്തത് . ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ 8954.87= 8955/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നതാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(30/24-06-22) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 3-4 നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്. പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണം. EMD കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാർ ഏറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ റീടെണ്ടർ ചെയ്യണം.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനുള്ളിൽ കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി മേൽത്തരത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ സെലക്ഷൻ നോട്ടീസ് ലഭിച്ച കരാറുകാരെ പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞ് ആഴ്ച്ചകളും മാസങ്ങളും കാലതാമസം വരുത്തി എഗ്രിമെന്റ് വയ്ക്കുന്നതിന് അനുവദിച്ചിട്ടും പിഴയീടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴയീടാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുമുണ്ടായ വീഴ്ചയാണ്. പിഴയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന 396178/- രൂപ നഷ്ടപ്പെടുത്തിയതിന്റെ വിശദാംശം അനുബന്ധം III ആയി ഈ റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരസഭക്ക്

ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുത്തിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (9/02-06-22) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി 396178/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 3-5 കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല.

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനും റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കണക്കാക്കി ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കണക്കാക്കി ഈടാക്കുകയാണ് വേണ്ടത്. എന്നാൽ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിനും ബിറ്റുമിൻ എമൽഷനും അനുസൃതമായി കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/E + 18% GST |
|---|---|---|---|
| 1. | കോട്ടക്കണ്ണിക്രോസ്സ് റോഡ് മുതൽ ഗുളികവനം വരെ റോഡ് റീടാറിംഗ് ( 54/20, 46/21)<br>അടങ്കൽ തുക: 500000 (MG Road)<br>കരാറുകാരൻ : B.M.അബ്ദുള്ള<br>ഫൈനൽ ബിൽ തുക : 479384/-<br>ബിൽ നം./ തീയതി/തുക:<br>20200247001600036941/11-04-20<br>340000/-<br>20200247001600811263/08-12-20 | 21 | 4998+900=<br>5898 |
| 2. | സത്യഭാമ കോളനി റോഡ് റീടാറിംഗ് (136/19, 305/20, 189/21)<br>അടങ്കൽ തുക: 200000 (MG Road)<br>കരാറുകാരൻ : ഹസൈനാർ, തളങ്കര<br>ഫൈനൽ ബിൽ തുക : 189504/-<br>ബിൽ നം./ തീയതി/തുക:<br>20200247001600045587/11-04-20 | 13 | 3094+557=<br>3651 |

| | | | |
|---|---|---|---|
| 3. | മുഹിയുദ്ദിൻ പള്ളി റോഡ് റീടാറിംഗ് ( 117/20, 221/21)<br>അടങ്കൽ തുക: 400000 (MG Road)<br>കരാറുകാരൻ : E.I.മുഹമ്മദ്<br>ഫൈനൽ ബിൽ തുക : 377801/-<br>ബിൽ നം./ തീയതി/തുക:<br>20200247001600036936/11-04-20 | 17 | 4046+728<br>4774 |
| 4. | P.M.S റോഡ് റോഡ് റീടാറിംഗ് ലാസ്റ്റ് സ്റ്റേജ്(105/20, 214/21)<br>അടങ്കൽ തുക: 485000 (MG Road)<br>കരാറുകാരൻ : E.I.മുഹമ്മദ്<br>ഫൈനൽ ബിൽ തുക : 465933/-<br>ബിൽ നം./ തീയതി/തുക:<br>20200247001600036945/11-04-20 | 19 | 4522+814=<br>5336 |
| | ആകെ | 70 | 19659 |

കാലി ബാരൽ വിലയും ജി.എസ്.ടിയും ഫൈനൽ ബിൽ തുകയിൽ നിന്നും കുറവ് ചെയ്യാതിരുന്നത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി 16660/- രൂപ സഞ്ചിത നിധിയിലേക്കും 2999/-രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തുന്നതിനായി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/02-06-22)അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-6 എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തിക്ക് ഫൈനൽ ബില്ലിൽ ജി.എസ്.ടി അനുവദിച്ച് നൽകി

2018-19 ൽ ആവിഷ്കരിച്ച് ജി.എസ്.ടി ഉൾപ്പെടുത്താതെ സാങ്കേതികാനുമതി ലഭ്യമാക്കിയ പ്രവൃത്തിക്ക് പ്രത്യേക പദ്ധതി ആവിഷ്കരിക്കാതെ ജി.എസ്.ടി കോമ്പൻസേഷൻ ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി നൽകിയത് ക്രമ വിരുദ്ധം.

ത.സ്വ.വകുപ്പിന്റെ 27-11-2017 ലെ ഡി.ബി3- 9058/17ാം നമ്പർ സർക്കുലറിൽ എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള ജി.എസ്.റ്റി അധിക ബാധ്യത കരാറുകാർക്ക് നൽകേണ്ടതുണ്ടെന്നും ജി.എസ്.റ്റി കോമ്പൻസേഷൻ തിരികെ നൽകേണ്ട എല്ലാ പ്രവൃത്തികളുടെയും പേരും ജി.എസ്.റ്റി തുകയും ഉൾക്കൊള്ളുന്ന ഒരു ഒറ്റ പ്രോജക്ട് തയ്യാറാക്കുകയും കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് ഉറപ്പാക്കി അടച്ച തുകയുടെ രേഖ ബന്ധപ്പെട്ട എഞ്ചിനിയർ പരിശോധിച്ച് കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച് പ്രസ്തുത വർഷം 71568/2018-19ാം നമ്പറായി സാങ്കേതികാനുമതി ലഭിച്ച താഴെപ്പറയുന്ന പ്രവത്തിയുടെ എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. 16-05-2020 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 16-12-20ൽ മാത്രമാണ് പൂർത്തീകരിച്ചത്. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക സ്പിൽ ഓവറായി നൽകിയപ്പോൾ 12% ജി.എസ്.റ്റി തുക കൂടി ഉൾപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തിക്ക് ആയത് ഫൈനൽ ബിൽ തുകയിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകിയത് ക്രമ വിരുദ്ധമാണ്. എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി സർക്കുലർ പ്രകാരം പ്രത്യേക പ്രോജക്ട് തയ്യാറാക്കി വേണമായിരുന്നു ജി.എസ്.റ്റി തുക നൽകേണ്ടിയിരുന്നത്. എന്നാൽ നഗര സഭ ഇത്തരത്തിൽ ഒരു പദ്ധതി 2020-21ൽ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/24-05-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് അനുസരിച്ച് ഇങ്ങനെയോരു പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് ജി.എസ്.റ്റിയായി ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | ഫൈനൽ ബിൽ തുക,ബിൽ നം./തീയതി | ജി.എസ്.റ്റി യിനത്തിൽ |
|---|---|---|

| | | ഉൾപ്പെടുത്തിയ തുക |
|---|---|---|
| കുറുംബ ഭഗവതി ക്ഷേത്രത്തിന്റെ എതിർ വശത്തുള്ള റോഡ് കോൺക്രീറ്റിംഗ്(110/19,262/21)<br>അടങ്കൽ : 500000/-(CFC)<br>കരാറുകാരൻ: E.I.മുഹമ്മദ്<br>കരാർ തുക: 392499.49<br>എം.ബുക്ക് നം.48/20-21<br>പ്രവൃത്തി മൂല്യം: 392499.49 | 435203/-<br>20200247001601337168/24-03-21 | 46629/- |

ടി 46629/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി മുനിസിപ്പൽ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 07.04.2022 മുതൽ 09.04.2022 വരെ. | നം. കെഎസ്എ/ കെഎസ്എം.2/249 /2022.<br>തീയതി. 02.07.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ നീട്ടൽ പ്രോജക്ട് നം. 98/21) | U00000018479576<br>Date. 20/10/2020 | 3,11,796/- | 3,11,796/- | UC ലഭ്യമാക്കിയിട്ടില്ല |
| കെ.ഡബ്ല്യ.എ | പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ജല പൈപ്പ് ലൈൻ നീട്ടൽ. പ്രൊജക്ട് നം. 169/21 | U000000846646174 | 25,00,000/- | 25,00,000/- | UC ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | കാസറഗോഡ് നഗരസഭയിലെ വിവധ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കൽ കേരള വാട്ടർ അതോറിറ്റി മുഖേന. പ്രോജക്ട് നം. (232/21) | U000000800116220 | 1,40,000/- | 1,40,000/- | UC ലഭ്യമാക്കിയിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ/ വായ്പാ തിരിച്ചടവ് .

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,18,000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20,18,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,18,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ്. | 19,89,000 | Equity Share ആയിട്ടാണ് നിക്ഷേപിച്ചത്. ഷെയർ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല. കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| 2 | കെ.യു.ആർ.ജി.എഫ്.സി. (ഇക്വിറ്റി ഷെയർ)-290 എണ്ണം @100 (359241 മുതൽ 359530 വരെ) | 29,000 | |
| ആകെ | | 20,18,000 | |

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ- സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്ത ഖണ്ഡികകളുടെ നിലവിലെ സ്ഥിതി കാസറഗോഡ് നഗരസഭ സെക്രട്ടറിയുടെ 17/02/2022ലെ A2-1960/22-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |
|---|---|---|---|---|---|
| 1998-99 | 30 | 2005-06 | 3-24 | യു.പി.എ ഫണ്ട് ചെലവ് അപാകതകൾ | 12/1998 ൽ യു.പി.എ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള 6,88,000/-രൂപ CDS അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും, ആയത് 22/12/1998ന് CDS ന്റെ A/c 266/-1--ാം നമ്പർ അക്കൗണ്ടിൽ വരവ് വെക്കുകയും 1995 മുതൽ 2000 വരെയുള്ള വർഷങ്ങളിൽ CDSന്റെ എക്കൗണ്ടുകൾ വർഷം തിരിച്ച് ചാർട്ടേർഡ് എക്കൗണ്ടന്റ് ഓഡിറ്റ് നടത്തി ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് എന്ന് ഓഡിറ്റിനെ അറിയിച്ചു. |
| 2012-13 | 3-2 | 2014-15 | 3-7 | ചെയ്യാത്ത പ്രവൃത്തിക്ക് പണം അനുവദിച്ചത് (പാങ്ങോട് അങ്കണവാടി അറ്റകുറ്റപ്പണി) | പ്രവൃത്തി ചെയ്ത കരാറുകാരനെകൊണ്ട് തന്നെ പ്രവൃത്തി വീണ്ടും തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ഓഡിറ്റിനെ അറിയിച്ചു. |
| 2011-12 & 2012-13 | 3-13 | 2014-15 | 4-1-11 | ഭവന പദ്ധതി കൾ നടപ്പായില്ല – ആസ്തികൾ നിഷ്ക്രിയം | ഫ്ളാറ്റിൽ നിലവിൽ പ്രസ്തുത പട്ടികജാതി കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ടെന്നും, ആയതിനാൽ നിലവിൽ ഫ്ളാറ്റ് നിഷ്ക്രിയാസ്തി അല്ല എന്നും ഓഡിറ്റിനെ അറിയിച്ചു. |
